# ചില ഭരണഘടനകൾ.

വി. സി. ചാക്കോ, എം. എ.

# ചില ഭരണഘടനകൾ

AMINA BOOK STALL,
TRICHUR-1.

ഗ്രന്ഥകർത്താ:
വി. സി. ചാക്കോ, എം. എ.

Publishers:
THE MANGALODAYAM LTD.,
TRICHUR.

വില 1—4—0 Price 1—4—0

# ചില ഭരണഘടനകൾ

തൃശ്ശൂർ-1

വി. സി. ചാക്കോ, എം. എ.

ഒന്നാംപതിപ്പ് ... ... ... കോപ്പി 1000

1947

PRINTED AT

THE SCHOLAR PRESS, TRICHUR.

# മുഖവുര.

—:0:—

ഇൻഡ്യയുടെ ചരിത്രത്തിൽ അതിപ്രധാനമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതു്. സ്വയംഭരണത്തിനുള്ള നമ്മുടെ അവകാശം ബ്രിട്ടീഷ് ഭരണാധികാരികൾ സമ്മതിച്ചുതന്നിരിക്കുന്നതിൻെറ ഫലമായി ഇൻഡ്യയ്ക്കു് അനുയോജ്യമായ ഒരു ഭരണഘടന രൂപീകരിക്കുന്നതിനു്വേണ്ടി ഒരു കാൺസ്റ്റിററ്യുവെൻററ് അസംബ്ളി പ്രവൎത്തനം നടത്തിക്കൊണ്ടിരിക്കുകയാണു്. രണ്ടാംലോകമഹായുദ്ധത്തിൻെറ പരിസമാപ്തിയോടുകൂടി സാമാന്യജനങ്ങൾ രാജ്യഭരണവിഷയത്തിൽ സജീവമായ താല്പൎയ്യം പ്രദൎശിപ്പിച്ചു തുടങ്ങിയിട്ടുണ്ടു്. വിദ്യാഭ്യാസകാൎയ്യത്തിൽ ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു വളരെ മുന്നിട്ടു് നില്ക്കുന്ന തിരുവിതാംകൂർ, കൊച്ചി എന്നീസംസ്ഥാനങ്ങൾ രാജ്യഭരണം സംബന്ധിച്ചും അഭ്യസൂയാവഹമായ ഒരുനില പരിപാലിച്ചുകൊണ്ടാണു് പോന്നിട്ടുള്ളതു്. എന്നാൽ രാജ്യഭരണ വിഷയകമായി ശാസ്ത്രീയരീതിയിൽ രചിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ മലയാളഭാഷയിൽ ഇല്ലെന്നു് തന്നെ പറയാം. ഈ കുറവു് എത്രയും വേഗം പരിഹരിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

രാഷ്ട്രീയമായും സാമ്പത്തികമായുമുള്ള മാററങ്ങ ൾ ലോകമൊട്ടുക്ക് അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരി ക്കുകയാണ്. ഒരു രാജ്യത്തെ ഭരണരീതിയെപ്പററി എഴുതി മഷിഉണങ്ങുന്നതിന്മുമ്പ്തന്നെ അവിടെ പലമാററങ്ങളും സംഭവിച്ചുഎന്നു വരാം. ഇക്കാര ണത്താൽ ഏറെക്കുറെ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ടെ ന്ന് ന്യായമായി അനുമാനിക്കാവുന്ന ചില പ്രധാ നപ്പെട്ട ഭരണഘടനകൾ മാത്രമെ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളു. ഇന്ത്യയുടെ കാര്യം ഒരു വ്യത്യസ്തതയാ യിമാത്രം പരിഗണിച്ചാൽ മതിയാവും.

കേവലം ശാസ്ത്രീയമായ പ്രതിപാദനം മാത്രമാ ണ് ഗ്രന്ഥകാരൻെറ ഉദ്ദേശം എന്ന് വ്യക്തമാക്കി ക്കൊള്ളട്ടെ. രാഷ്ട്രമീമാംസയുടെ പ്രായോഗികവശം മാത്രമാണ് ഇതിലെ പ്രതിപാദ്യം. സമുദായം, രാ ഷ്ട്രം, സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, പ്രയ ത്നം, വിശ്രമം, പരമാധികാരം മുതലായവ സംബ ന്ധിച്ചുള്ള അടിസ്ഥാനതത്വങ്ങളും അവയെപ്പററി യുള്ള പണ്ഡിതാഭിപ്രായങ്ങളും ക്രോഡീകരിച്ച് മ റെറാരുപുസ്തകം അടുത്തുതന്നെ പ്രസിദ്ധീകരിക്കാമെ ന്ന് പ്രതീക്ഷിക്കുന്നു.

രാജ്യഭരണകാര്യത്തിൽ സാധാരണക്കാർക്ക് അ ല്പമെങ്കിലും താല്പര്യം ജനിപ്പിക്കുവാൻ ഈകൃതി പ്ര യോജനപ്പെടുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

സുപ്രസിദ്ധചിന്തകരായ കോൾദമ്പതിമാരുടെ (G. D. H & Margaret cole) ഒരു വിശിഷ്ടഗ്രന്ഥമാണ് (A Guide to Modern Politics) ഈ പുസ്തകം എഴുതുന്നതിന്നു എന്നെ കൂടുതൽ സഹായിച്ചിട്ടുള്ളതു എന്ന പരമാത്ഥം ഞാൻ കൃതജ്ഞതാപൂവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
1-8-112 ൮.

ഗ്രന്ഥകത്താവു്

## പ്രവേശിക

—:o:—

സമാധാനപരമായ സാമൂഹ്യജീവിതം സാധ്യമാകണമെങ്കിൽ വ്യക്തികൾ ചില പൊതുനിയമങ്ങൾ അനുസരിച്ചേ മതിയാവൂ. സ്വയംരക്ഷയ്ക്കു് അവനവന്റെ ഭുജബലത്തിൽമാത്രം ആശ്രയിക്കേണ്ടതായിട്ടിരുന്ന ആദിമകിരാതാവസ്ഥയിൽനിന്നു് സുശക്തമായ ഗവമ്മെൻറുകളുടെ കീഴിൽ ക്ഷേമമായികഴിഞ്ഞുകൂടുവാൻ സൌകര്യമുള്ള ആധുനികകാലംവരെയുള്ള മാനവസമുദായത്തിന്റെ പുരോഗതിയുടെ ചരിത്രം ഇതിനു് ധാരാളം സാക്ഷ്യം വഹിക്കുന്നുണ്ടു്.

ആദിമകാലങ്ങളിൽ മനുഷ്യസമുദായത്തിന്റെ സ്ഥിതി എങ്ങനെയായിരുന്നു എന്നതിനെപ്പററി പണ്ഡിതന്മാരുടെ ഇടയിൽത്തന്നെ അഭിപ്രായവ്യത്യാസമുണ്ടു്. വിശ്വസനീയമായ ചരിത്രരേഖകളുടെ അഭാവത്തിൽ കേവലം ഊഹാപോഹങ്ങളെ മാത്രം ആശ്രയിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ചരിത്രത്തിന്റെ വെളിച്ചം തട്ടിയിട്ടില്ലാത്ത ആ ആദിമകാലത്തു് സമൃദ്ധിയും, സ്വാതന്ത്ര്യവും, സാഹോദര്യവും, സമത്വവും ഉണ്ടായിരുന്നുവെന്നും തൽഫലമായി മനുഷ്യജീവിതം സ്വർഗ്ഗതുല്യമായിരുന്നു എന്നും ചിലർ വാദിക്കുമ്പോൾ അതല്ല അനുസ്മൃതവും

അനിയന്ത്രിതമായും ഉള്ള കലഹങ്ങൾ നിമിത്തം ജീവിതം മൃഗീയവും നരകതുല്യവുമായിരുന്നു എന്നു മററു ചിലർ ഉൽഘോഷിക്കുന്നു. ജനങ്ങൾ എണ്ണത്തിൽ തുലോം കുറവായിരുന്ന അക്കാലങ്ങളിൽ ജീവസന്ധാരണത്തിന്നുവേണ്ടി അന്യോന്യം മത്സരിയ്ക്കേണ്ട ആവശ്യം ഇല്ലായിരുന്നിരിക്കാം. എന്നാൽ ജനസംഖ്യ വർദ്ധിച്ചുവന്നതോടുകൂടി ദുർഭിക്ഷവും തന്മൂലം മത്സരവും ഉണ്ടാവുക സ്വാഭാവികമാണ്. കൃഷിചെയ്യുന്നതിനുള്ള സൌകര്യക്കുറവ്, കൃഷിപ്പിഴ മുതലായ കാരണങ്ങൾകൊണ്ടു മാത്രമല്ല ദുർഭിക്ഷത ഉണ്ടാവുക. മററുള്ളവരുടെ പങ്കുംകൂടി അപഹരിച്ചു പൂഴ്ത്തിവച്ച് കൃതാർത്ഥത അടയുന്ന സ്വഭാവം അക്കാലത്ത് ജീവിച്ചിരുന്ന ആളുകൾക്കും ഉണ്ടായിരുന്നിരിക്കണം. ഏതായാലും നിരന്തരമായ മത്സരവും അതുമൂലമുള്ള കലഹങ്ങളും മനുഷ്യസമുദായത്തിൽ ശക്തിയെ പ്രാപിച്ചുവന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈദൃശപരിതസ്ഥിതികളിൽ സ്വയം രക്ഷയ്ക്കു മാർഗ്ഗമാരായുക ജന്തുസഹജമാണല്ലൊ. ശത്രുക്കളിൽനിന്നു രക്ഷപ്രാപിയ്ക്കുന്നതിനു ആദ്യം കുടുംബങ്ങളായിട്ടും കാലാന്തരത്തിൽ കൂട്ടുകുടുംബങ്ങളായിട്ടും ഗോത്രങ്ങളായിട്ടും ഗ്രാമങ്ങളായിട്ടും നഗരരാഷ്ട്രങ്ങളായിട്ടും അങ്ങിനെ, ക്രമേണ, ഗതാഗതസൌകര്യങ്ങൾ വർദ്ധിച്ചതോടുകൂടി, വലിയരാഷ്ട്രങ്ങളായിട്ടും മററും മനുഷ്യർ സംഘടിയ്ക്കുകയുണ്ടായി. പെററുപെരുകി

വരുന്ന മനുഷ്യസമുദായം ഇന്നു് ഭൂഗോളംമുഴുവൻ വ്യാപിച്ചിട്ടുണ്ടു് എന്നു പറയാം. ശാസ്ത്രീയവിജ്ഞാനവൎദ്ധനയോടുകൂടി ലോകം ഒരൊററകുടുംബംപോലെയായിത്തീൎന്നിട്ടുണ്ടു്. വിമാനം, റേഡിയോ, ററെലഫോൺ, വയർലസ്, ററെലിവിഷൻ മുതലായകണ്ടുപിടുത്തങ്ങളുടെ ഫലമായി അകൽച്ചഎന്നുള്ളതു് ഇപ്പോഠഇല്ല എന്നുതന്നെ പറയാം. ചുരുക്കത്തിൽ കാൎയ്യക്ഷമതയുള്ള ഒരു അഖിലലോകഭരണസമിതി സ്ഥാപിയ്ക്കുന്നതിനുള്ള സകലസൌകൎയ്യങ്ങളും ഇന്നുണ്ടു്. യോജിപ്പിനുള്ള സന്നദ്ധതമാത്രം ഉണ്ടായാൽമതി.

ശക്തനും ധീരനുമായ ഒരു ഗൃഹനാഥൻെറകീഴിൽ അച്ചടക്കത്തോടുകൂടി ജീവിയ്ക്കുവാൻ അഭ്യസിയ്ക്കുകയാണു് ആദിമകാലത്തു് വേണ്ടിയിരുന്നതു് എങ്കിൽ ഒരു പൊതുഭരണസമിതിയുടെ കീഴിൽ ഏകയോഗക്ഷേമമായി കഴിഞ്ഞുകൂടുന്നതിനു് ലോകത്തിലുള്ള വിവിധരാഷ്ട്രങ്ങഠ അഭ്യസിയ്ക്കുകയെന്നതാണു് ഇന്നു് ആവശ്യമായിത്തീൎന്നിരിക്കുന്നതു്. ഇതു് അസാദ്ധ്യമല്ലെന്നുള്ളതു് സോവിയററു് യൂണിയൻപോലുള്ള സംയുക്തരാഷ്ട്രങ്ങഠ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

പൊതുതാല്പൎയ്യങ്ങഠക്കു് ഹാനിയുണ്ടാവാത്ത തരത്തിൽ വ്യക്തികളുടെ സ്വാതന്ത്ര്യം പരിരക്ഷിച്ചുകൊണ്ടുപോവുക എന്നുള്ളതാണു് രാഷ്ട്രീയഭരണവ്യ

വസ്ഥകളുടെ പ്രധാനലക്ഷ്യംഎന്നു് സാമാന്യമായി പറയാം. രാജവാഴ്ച, പ്രഭുക്കന്മാരുടെ ഭരണം പ്രാചീനഗ്രീസിലും മററുമുണ്ടായിരുന്ന നഗരരാഷ്ട്രങ്ങളിൽ നിലവിലിരുന്ന, ജനങ്ങളുടെ നേരിട്ടുള്ള ഭരണസമ്പ്രദായം, ആധുനികകാലത്തു് കണ്ടുവരുന്ന ജനപ്രാതിനിദ്ധ്യഭരണരീതി എന്നിവയെല്ലാം ഇതിലേയ്ക്കുള്ള പരീക്ഷണങ്ങളാണു്. ഈ പരീക്ഷണങ്ങളുടെയെല്ലാം ഫലമായി ഉത്തമമായ ഒരു ഭരണരീതി കണ്ടുപിടിച്ചു എന്നു് പറയാറായിട്ടില്ല. എന്നാൽ ഭരണാധികാരികൾക്കു് അവകാശങ്ങളും അധികാരങ്ങളും മാത്രമല്ല ഗൗരവതരമായ പല ചുമതലകൾകൂടിയുണ്ടെന്നും അതുപോലെതന്നെ ഭരണീയക്കു് ചുമതലകൾമാത്രമല്ല ഭരണം ഏതുവിധത്തിലായിരിയ്ക്കണമെന്നു് നിശ്ചയിയ്ക്കുന്നതിനുള്ള ജന്മാവകാശംകൂടിയുണ്ടെന്നും ഉള്ള തത്വം ഇപ്പോൾ ഏറെക്കുറെ സാർവ്വത്രികമായി അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഭരണാധികാരികളും ഭരണീയരും തമ്മിൽ മാത്രമല്ല ഭരണയന്ത്രത്തിൻെറ വിവിധഘടകങ്ങൾ തമ്മിൽത്തന്നെയും സംഘട്ടനങ്ങൾ ഒഴിവാക്കി രാജ്യഭരണം സുഗമമാക്കുക എന്നുള്ളതാണു് ഭരണഘടനകളുടെ ഉദ്ദേശ്യം.

ഓരോ രാജ്യത്തിൻെറയും പ്രത്യേക പരിതസ്ഥിതികൾ അനുസരിച്ചു് ഭരണഘടനകളും വ്യത്യാസപ്പെട്ടിരിക്കും. രാജവാഴ്ചരീതിതന്നെ പലരാ

2

ജ്യങ്ങളിലും പലതരത്തിലായിരിക്കും ഉണ്ടായിരിക്കുക. ഇംഗ്ലണ്ടിലെ രാജാവു് അവിടത്തെ പാർലിയമെണ്ടിൻെറ നിർദ്ദേശങ്ങൾക്കു് വിധേയനാണെങ്കിൽ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ കഥ അങ്ങിനെയല്ല. അതുപോലെ, ജനകീയഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ഏകമണ്ഡല നിയമസഭകളുള്ളവയും ദ്വിമണ്ഡല നിയമസഭകളുള്ളവയും ഉണ്ടു്. ചിലരാജ്യങ്ങളിൽ എക്സിക്യൂട്ടീവിനെ ഒരു നിശ്ചിതകാലത്തേക്കു് തിരഞ്ഞെടുക്കുമ്പോൾ മററുചില രാജ്യങ്ങളിൽ ജനപ്രതിനിധിസഭയിലെ ഭൂരിപക്ഷമനുസരിച്ചു് എക്സിക്യൂട്ടീവു് കൂടക്കൂടെ മാറിക്കൊണ്ടിരിക്കുന്നു.

പ്രധാനമായി മൂന്നു് മാനദണ്ഡങ്ങൾവച്ചു് ഭരണഘടനകളെ തരം തിരിക്കാറുണ്ടു്.

1. ഏകരാഷ്ട്രരീതിയും (Unitary) സംയുക്തരാഷ്ട്രരീതിയും (Federal)

പരമാധികാരമുള്ള ഒരൊററ രാജ്യവിഭാഗത്തെ മാത്രം സംബന്ധിക്കുന്ന ഭരണഘടനയെയാണു് ഏകരാഷ്ട്രരീതി എന്ന നിർവചനംകൊണ്ടുദ്ദേശിക്കുന്നതു്. ഉദാഹരണം, ഗ്രേററു് ബ്രിട്ടൻ, ഫ്രാൻസ് മുതലായ രാജ്യങ്ങൾ.

അഭ്യന്തരപരമാധികാരത്തോടുകൂടി സ്വതന്ത്രങ്ങളായ ഭരണകൂടങ്ങൾ ഉള്ള പലരാജ്യവിഭാഗങ്ങൾ

(സംസ്ഥാനങ്ങൾ) ഒന്നു് ചേൎന്നു ഉണ്ടാകുന്ന ഭരണസമ്പ്രദായമാണു് രണ്ടാമത്തേതു്. ഉദാ: അമേരിക്കൻ ഐക്യനാടുകൾ, സോവിയററു് യൂണിയൻ മുതലായരാജ്യങ്ങൾ.

ഒരു ഭൂവിഭാഗത്തിൽതന്നെ ഭൂമിശാസ്ത്രപരമായ കാരണങ്ങൾകൊണ്ടോ, ചരിത്രം, വൎണ്ണം, വൎഗ്ഗം, ഭാഷ, സംസ്കാരം, ജാതി, മതം മുതലായവയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യത്യാസങ്ങൾനിമിത്തമൊ ഭിന്നിച്ചുനില്ക്കുന്ന പല ജനതകൾ ഉണ്ടു് എന്നു് വരാം. സ്വന്തം സ്വാതന്ത്ര്യം പരിപാലിച്ചുകൊണ്ടു് പോകണം എന്നു അഭിലഷിക്കുന്ന ഈ ഭൂരാജനസമൂഹങ്ങൾ വെവ്വേറെ ഭരണകൂടങ്ങൾ നിൎമ്മിക്കുന്നു. അങ്ങിനെ പല സംസ്ഥാനങ്ങളുണ്ടാകുന്നു. എന്നാൽ ശത്രുക്കളുടെ ആക്രമണത്തെ ഭയന്നിട്ടോ സാമ്പത്തികമായി സ്വയംപൎയ്യാപ്തത ഇല്ലാത്തതുകൊണ്ടോ ഈ സംസ്ഥാനങ്ങൾ സ്വന്തം സ്വാതന്ത്ര്യം ബലികഴിക്കാതെതന്നെ ചില കാൎയ്യങ്ങളിൽ ഒന്നിച്ചുചേരുവാൻ ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ. ഇങ്ങിനെയാണു് സംയുക്തഭരണഘടനകൾ സാമാന്യേന ആവിൎഭവിക്കുന്നതു്. പ്രതിരോധം, വിദേശരാജ്യങ്ങളുമായുള്ളബന്ധം, വാണിജ്യം, ഗതാഗതം മുതലായി എല്ലാസംസ്ഥാനങ്ങളേയും പൊതുവെബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചിടത്തോളമുള്ള പരമാധികാരം കേന്ദ്രഗവൎമ്മെണ്ടിനു് വിട്ടുകൊടുക്കുന്നു. കേ

ന്ദ്രഗവമ്മെണ്ടിൻെറയും സംസ്ഥാനങ്ങളുടേയും അധികാരവ്യാപ്തി നിജപ്പെടുത്തുന്നതോടുകൂടിത്തന്നെ ഭരണഘടനാപ്രമാണത്തിൽ വിഭാവനചെയ്തിട്ടില്ലാത്ത അധികാരങ്ങഠം എവിടെ നിക്ഷിപ്തമായിരിക്കും എന്നും പ്രത്യേകം വ്യവസ്ഥചെയ്യാറുണ്ടു്.

ഭൂഗോളത്തിൻെറ ആറിലൊന്നു് വിസ്തീണ്ണതയുള്ള സോവിയററു്റഷ്യയാണ് സംയുക്തഭരണരീതിക്കു് ഏററവുംപററിയ ഉദാഹരണം. യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചുകിടക്കുന്ന സോവിയററു് യൂണിയനിൽ അന്യോന്യം സാമ്യമില്ലാത്ത പല ജനസമുദായങ്ങഠം ഒരു കേന്ദ്രഗവമ്മെണ്ടിൻെറ പരമാധികാരത്തിൻകീഴിൽ ഏകയോഗക്ഷേമമായി കഴിഞ്ഞുകൂടുന്നു. ഒരേസാമ്പത്തികതത്വസംഹിതയിൽ വിശ്വസിക്കുന്നു എന്നും ഒരേതരത്തിലുള്ള രാഷ്ട്രീയസ്ഥാപനങ്ങഠം പരിപാലിച്ചുകൊണ്ടു് പോകുന്നു എന്നുള്ളതുമാണ് റഷ്യൻ യൂണിയനിലെവിവിധസംസ്ഥാനങ്ങഠം തമ്മിലുള്ള യോജിപ്പിനു നിദാനം. ഇററലി, ജമ്മനി മുതലായ ഫഷീസ്റ്റ്‌രാജ്യങ്ങളുടെ ഏകോപിച്ചുള്ള ആക്രമണത്തെ ചെറുത്തു്നില്ക്കുവാൻ സമത്ഥമായി എന്നുള്ളതുതന്നെ സോവിയററു് യൂണിയനിലെ ഭരണഘടനയുടെ മേന്മയെ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

## ൨. ലിഖിതവും (Written) അലിഖിതവും (Unwritten)

എഴുതിഉണ്ടാക്കപ്പെട്ട ഭരണഘടനകളുംഅല്ലാ

ത്തവയുമുണ്ടു്. അലിഖിതഭരണഘടനയ്ക്കു് ഉത്തമോദാഹരണം ഗ്രേററ് ബ്രിട്ടനാണു്. അവിടെ ഇപ്പോൾ നിലവിലിരിക്കുന്ന ഭരണഘടന ക്രമേണ വളൎന്നുവന്നിട്ടുള്ള ഒന്നാണു്. നേരെമറിച്ചു് അമേരിക്കയിലും മററുമുള്ള ഭരണഘടനകൾ പ്രത്യേകം നിയുക്തമായ സമിതികളുടെ പ്രയത്നഫലങ്ങളാണു്.

### 3. അയവുള്ളവയും (Flexible) അയവില്ലാത്തവയും (Rigid)

ഭേദഗതി ചെയ്യുന്നതിന് താരതമ്യേന എളുപ്പമുള്ള ഭരണഘടനകളെ ആണ് അയവുള്ളവ എന്നു പറയുന്നതു്. എഴുതി ഉണ്ടാക്കപ്പെട്ട ഭരണഘടനകളിൽ ഭേദഗതികൾ വരുത്തുക അത്ര എളുപ്പമല്ല. അതിലേക്ക് പ്രത്യേകനടപടികൾ ഉണ്ടു്. അലിഖിതഭരണഘടനയുള്ള ഗ്രേററ് ബ്രിട്ടനിൽ ഭരണഘടന നിശ്ശേഷം മാററണമെങ്കിൽതന്നെയും പാർലിയമെൻററാൽ ഒരു നിയമം പാസ്സാക്കിയാൽ മാത്രം മതിയാവും.

ഈ ഗ്രന്ഥത്തിൽ ഗ്രേററ് ബ്രിട്ടൻ, ഫ്റാൻസ്, അമേരിക്ക, റഷ്യ, ഇന്ത്യ എന്ന അഞ്ചു രാജ്യങ്ങളിലെ ഭരണഘടനകളെപ്പററിയാണ് ചൎച്ച ചെയ്തിട്ടുള്ളതു്. സ്വതന്ത്ര ഇന്ത്യയ്ക്കു് ഏററവും അനുയോജ്യമായ ഭരണഘടന കണ്ടുപിടിക്കുന്നതിന് മാന്യവായനക്കാർതന്നെ ഒന്നു് ശ്രമിച്ചുനോക്കേണ്ടതാണ്. അതിലേക്ക് ആവശ്യമുള്ള സ്ഥിതിവിവരകണക്കുകൾ അനുബന്ധമായി ചേൎത്തിട്ടുണ്ടു്.

# വിഷയവിവരം.


| | | | | | പേജ് |
|---|---|---|---|---|---|
| 1. | ഗ്രേററ് ബ്രിട്ടൻ | | ... | ... | 5 |
| 2. | അമേരിക്ക | ... | ... | ... | 26 |
| 3. | ഫ്റാൻസ് | ... | ... | ... | 43 |
| 4. | സോവിയററ് റഷ്യ | | ... | ... | 60 |
| 5. | ഇൻഡ്യ | ... | ... | ... | 81 |

# ചില ഭരണഘടനകൾ

# I

## ഗ്രേറ്റ് ബ്രിട്ടൻ.

ബ്രിട്ടീഷ് ഭരണഘടന ഒരു ഭരണഘടനയുടെ രൂപത്തിൽ എഴുതി ഉണ്ടാക്കപ്പെട്ടതല്ല. ഗ്രേറ്റ് ബ്രിട്ടനിലെ പ്രത്യേകപരിതസ്ഥിതികളിൽ വളൎന്നുവന്നിട്ടുള്ള ഒന്നാണ് അതു്. നാട്ടുനടപ്പുകൾ (Common law) ക്കും പാർലിയമെൻറിൽ പാസ്സായിട്ടുള്ള സ്റ്റാറവ്യൂട്ടുകൾക്കും ബ്രിട്ടീഷ് കോടതികൾ നല്കിയിട്ടുള്ള വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിന്മേൽ ഉയൎന്ന് വന്നിട്ടുള്ള ഒരു മഹാസൌധമാണ് ബ്രിട്ടീഷ് ഭരണഘടന എന്നു പറയാം: പരമ്പരാസിദ്ധമായ നടപടിക്രമങ്ങളാണ് ഭരണാധികാരികൾക്ക് ഏറിയക്രമം മാൎഗ്ഗനിർദ്ദേശം ചെയ്യുന്നതു്. ബ്രിട്ടീഷു് ഭരണഘടന ജനാധിപത്യത്തിലേക്കുള്ള ഒരു ഒഴുക്കാണ് എന്ന് പറയാറുണ്ടു്. ജനകീയഭരണസമ്പ്രദായം അവിടെ ക്രമേണ വളൎന്നുവരികയാണ് ചെയ്തിട്ടുള്ളതു്. അവിടെ രാജവാഴ്ച ഉണ്ടെങ്കിലും ജനപ്രതിനിധികളടങ്ങിയ പാർലിയമെൻററിനാണ് പരമാധികാരം.

എഴുതിഉണ്ടാക്കിയ ഒരു ഭരണഘടന അല്ലാത്തതുകൊണ്ട് ബ്രിട്ടീഷ് ഭരണഘടനയെ അമേരിക്കൻ ഭരണഘടനയ്ക്കു് ഉണ്ടെന്നു് പറയുന്ന അയവില്ലായ്മ ബാധിച്ചിട്ടില്ലെന്നും, ഭേദഗതികൾ വരുത്തുക എളുപ്പമാണെന്നും ഒരു പക്ഷമുണ്ടു്. നേരെമറിച്ചും ചിലർ സമർത്ഥിക്കുന്നതായി നാം കാണുന്നു. അതായതു്, സിദ്ധാന്തപരമായി നോക്കിയാൽ ബ്രിട്ടീഷ് പാർലിയമെൻററിന് ചെയ്യുവാൻ പാടില്ലാത്തതായി യാതൊന്നുമില്ലാത്തതുകൊണ്ടു് ദൂരവ്യാപകമായ ഏതുപരിഷ്കാരവും നിഷ്പ്രയാസം നടപ്പിൽവരുത്താം എന്നു് തോന്നാം. എന്നാൽ ബ്രിട്ടീഷ് രാഷ്ട്രീയ നടപടികളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന പാരമ്പര്യത്തിൻെറ വൈപുല്യവും പണ്ടേക്കാലം മുതലുള്ള നിയമം സംഹിതകളുടെ തുടർന്നുള്ള സജീവമായ നിലനില്പും നിമിത്തം, പ്രബലമായ എതിർപ്പിനെ–പ്രത്യേകിച്ചു് പണക്കാരുടെ എതിർപ്പിനെ–നേരിട്ടുകൊണ്ടു് പുത്തനായി നിയമങ്ങൾ പാസ്സാക്കുക എന്നതു് വളരെ വിഷമകരമായിട്ടാണ് മിക്കവാറും അനുഭവപ്പെട്ടിട്ടുള്ളതു്.

## കോമൺസുസഭ (House of Commons)

ഗ്രേററ്ബ്രിട്ടനിൽ നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരം രാജാവിനും പാർലിയമെൻറിനും കൂടിയാണ്. പാർലിയമെൻറ് എന്നു് പറയുമ്പോ

ം പ്രഭുസഭ (House of Lords)യും കോമൺസ്സ്സഭയും ഉൾപ്പെടുന്നു. കോമൺസ്സ്സഭയ്ക്കാണ് എല്ലാംകൊണ്ടും പ്രാധാന്യം കൂടുതൽ.

ചരിത്രപരമായി നോക്കിയാൽ കോമൺസസഭ രാജവാഴ്ചയുള്ള ഏതുരാജ്യങ്ങളിലുമുള്ള ജനപ്രതിനിധിസഭകളുടെ കാര്യത്തിലെന്നപോലെ രാജാവിനു് പണം ഉണ്ടാക്കികൊടുക്കുക എന്ന ആവശ്യം നിറവേററുന്നതിനു സമാരംഭിക്കപ്പെട്ടതാണ്. ആദ്യകാലംമുതൽതന്നെ പണം അനുവദിച്ചുകൊടുക്കുക എന്നതു ജനങ്ങളുടെ ചില സങ്കടങ്ങൾക്കു പരിഹാരം വരുത്തുക എന്നനിബന്ധനയ്ക്കു് വിധേയമായിത്തീരുന്നതിനു് ഇടയായി ഇങ്ങനെ സങ്കടപരിഹാരം ചെയ്യുന്നതിനു് വേണ്ടി മുൻപുള്ള പാർലിയമെൻററുകൾ രാജാവിനു് സമപ്പിച്ച ഹർജികളെ അടിസ്ഥാനപ്പെടുത്തിയാണ് ആധുനിക പാർലിയമെൻററിൻെറ വിവിധങ്ങളായ നടപടികൾ രൂപംപ്രാപിച്ചിട്ടുള്ളതു്. പാർലിയമെൻററിൽ രണ്ടു് ചേരികൾക്കു് മാത്രമാണ് പ്രാതിനിദ്ധ്യം, അതായതു് പ്രഭുക്കന്മാക്കും സാമാന്യജനങ്ങൾക്കും. പുരോഹിതന്മാക്ക് ഒരു വഗ്ഗമെന്ന നിലയിൽ പ്രാതിനിദ്ധ്യമില്ല. പതിനേഴാം ശതാബ്ദത്തിലെ കലഹങ്ങളുടെ ഫലമായി, രാജാവു് പണം സംബന്ധിച്ചകാര്യങ്ങളിൽ പാർലിയമെൻററിനു് കീഴ്പെട്ടിരിക്കണം എന്നു് അവസാനമായി തീരുമാനിക്കപ്പെട്ടു. പ്രാരംഭകാലങ്ങളിൽ പാ

ർലിയമെൻററ് അംഗമാവുക എന്നതു് ഒരു ബുദ്ധി മുട്ടായിട്ടാണ് മിക്കവാറും കരുതിഇരുന്നതു്. പതി നേഴാംശതകത്തിൽപോലും പാർലിയമെൻററംഗ ങ്ങൾക്കു അതാതു നിയോജകമണ്ഡലങ്ങൾ പ്രതിഫലം കൊടുക്കുകകൂടി ചെയ്തിരുന്നു. എന്നാൽ 1688ൽ പാർ ലിയമെൻററിഗവമ്മെണ്ടു (അതായതു പാർലിയമെ ൻററിൽ ഭൂരിപക്ഷമുള്ള പാർട്ടി ഭരണംനടത്തുന്നരീ തി) സംസ്ഥാപിതമായതോടുകൂടി പാർലിയമെൻ ററ സാമാജികത്വം കാര്യമായ ഒരു പദവിയായിത്തീ ന്നു. ഒരു മെമ്പറാകുന്നതിനു് വലിയ തുകകൾ കോഴ കൊടുക്കുന്നതിന്പോലും പലരും തയ്യാറായി.

1832-ലും പിന്നിടും ഉണ്ടായ ഭരണപരിഷ്കാ രങ്ങൾ ഈ നിലയ്ക്കു് പറയത്തക്ക വ്യത്യാസം വരു ത്തിയില്ല. പക്ഷെ 1832-നു ശേഷം ഒരു പാർലിയ മെൻററ സാമാജികത്വം വിലയ്ക്കുവാങ്ങുന്നതിനോ സമ്മതിദായകന്മാക്കു് നേരിട്ടു് കോഴകൊടുക്കുന്നതി നോ സാധ്യമല്ലാതെവന്നു. എന്നാൽ എണ്ണത്തിൽ വദ്ധിച്ചുവരുന്ന സമ്മതിദായകന്മാരുടെ ഇടയിൽ ഫലപ്രദമായ വിധത്തിൽ തിരഞ്ഞെടുപ്പു് പ്രചര ണം നടത്തുന്നതിനുള്ള ചെലവു് ദുർവഹമാണ്.

അതുകൊണ്ടു് തിരഞ്ഞെടുപ്പു് സംബന്ധിച്ചു് ചെലവാകുന്ന തുക സ്റ്റാറച്യൂട്ടിനാൽ ക്ലിപ്തപ്പെടുത്തു കയും, പാർലിയമെൻററ സാമാജികന്മാക്കു് വേത നംകൊടുക്കുകയുംചെയ്യുന്ന ഇക്കാലത്തുപോലും, ഒരു

നിശ്ചിതപരിധിയിൽ കൂടുതൽ വരുമാനമുള്ളവക്കും ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടേയോ പ്രചരണസമിതിയുടെയോ പിൻതുണയുള്ളവക്കും മാത്രമെ പാർലിയമെൻററ് മെമ്പറാകാൻ സൌകര്യമുള്ളു.

കോമൺസ്സഭ അഞ്ചുകൊല്ലത്തിലൊരിക്കൽ (അതല്ലെങ്കിൽ, എപ്പോഴെങ്കിലും, നിലവിലിരിക്കുന്ന സഭപിരിച്ചുവിടുന്നതിന് രാജാവ് അനുമതി നല്കുമ്പോഠം) തിരഞ്ഞെടുക്കപ്പെടുന്നു. 1928-ൽ, സ്ത്രീകളുടെ സമ്മതിദായകത്വം സംബന്ധിച്ച നിയമം പാസ്സായതോടുകൂടി ഇപ്പോഠം, പ്രായപൂത്തിവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തന്നെയാണെന്ന് പറയാം തിരഞ്ഞെടുപ്പ് നടക്കുന്നതു്. പാപ്പരുകക്ഷികഠം, ഭ്രാന്തന്മാർ മുതലായ ചിലതരം ആളുകഠക്കു് തിരഞ്ഞെടുപ്പിനു് നില്ക്കാൻ അനുവാദമില്ല. ഏതെങ്കിലും രാഷ്ട്രീയപ്രശ്നം സംബന്ധിച്ചു് സമ്മതിദായകന്മാരുടെ അഭിപ്രായം ആരായുന്നതു് തിരഞ്ഞെടുപ്പു് കാലത്താണു്. അഭിപ്രായവ്യത്യാസത്തിന് ഇടംകൊടുക്കുന്ന നിയമങ്ങഠം അവതരിപ്പിക്കുമ്പോഠം തല്പരകക്ഷികളോടു് അഭിപ്രായം ചോദിക്കുക പതിവുണ്ടു്. കച്ചവടനയം ഒഴിച്ചുള്ള വിദേശനയത്തെസംബന്ധിച്ചിടത്തോളം ഇങ്ങനെ അഭിപ്രായം ആരായുക പതിവില്ല. ഗവമ്മെണ്ടിൻെറ ചെലവിനങ്ങളും നികതി ചുമത്തലുകളും മററും ഓരോ കൊല്ലവും പ്രത്യേകം പ്രത്യേകം വോട്ടിനിട്ടു്

പാസ്സാക്കേണ്ടതായിട്ടുള്ളതുകൊണ്ടു് പുത്തൻനിയമങ്ങൾ രൂപീകരിക്കുന്നതിന് നിയമസഭയ്ക്കു് സമയം ഇല്ലെന്ന്തന്നെ പറയാം. അതുകൊണ്ടു് പലപ്പോഴും ചെയ്യാറുള്ളതു് ആക്ട്കൾ അപൂർണ്ണമായ തരത്തിൽ പാർലിയമെൻററിൽ പാസ്സാക്കുകയും ബാക്കിഭാഗങ്ങൾ, ഉത്തരവുകളും റഗുലേഷനുകളും വഴിപൂരിപ്പിക്കുന്നതിനു് പാർലിയമെൻററിൻെറ നിയന്ത്രണത്തിനു് വിധേയമായി മന്ത്രിമാരെ അധികാരപ്പെടുത്തുകയുമാണു്. ഈ നടപടി എക്സിക്യൂട്ടീവിൻെറ അധികാരം ആപൽക്കരമാംവണ്ണം വദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ടെങ്കിലും ഇപ്പോഴും പിൻതുടരപ്പെടുന്നുണ്ടു്.

## പ്രഭുസഭ (House of Lords)

കോമൺസുസഭയിൽ പാസ്സായ ഒരാക്ററ്നിയമമാകണമെങ്കിൽ, അതു് പ്രഭുസഭയിലും പാസ്സായി രാജാവു് തുല്യംചാർത്തണം. 1911-ലെ പാർലിയമെൻററു് ആക്ററ്അനുസരിച്ചു് മൂന്നു്തുടച്ച്യായ സമ്മേളനങ്ങളിൽ മൂന്നുപ്രാവശ്യം കോമൺസ്സഭ പാസ്സാക്കിയ ഏതു്ആക്ററും പ്രഭുസഭയിലും പാസ്സായതായി പരിഗണിക്കപ്പെടും. അതുപോലെതന്നെ "ഫിനാൻഷ്യൽ" (ധനകാര്യസംബന്ധമായിട്ടുള്ളതു്) എന്നു കോമൺസ്സഭയുടെ അദ്ധ്യക്ഷൻ സർട്ടിഫൈ ചെയ്യുന്ന ഒരു ബില്ലും ഭേദഗതിചെയ്യുന്നതിനൊ നിഷേധിക്കുന്നതിനൊ പ്രഭുസഭയ്ക്കു് അവകാശമില്ല.

ധനകാര്യസംബന്ധമായിട്ടുള്ളതാണോ എന്ന് തീരുമാനിക്കുന്നതിന് അദ്ധ്യക്ഷനെ സഹായിക്കാൻ ആവശ്യമുള്ള ചട്ടങ്ങൾ ഉണ്ട്.

ഗ്രേറ്റ്ബ്രിട്ടനിലെ പ്രഭുസഭ ലോകത്തിൽ മറ്റെങ്ങും ഇല്ലാത്ത തരത്തിലുള്ള ഒരു സ്ഥാപനമാണ്. ഇംഗ്ലണ്ടിലും വെയിൻസിലുമുള്ള എല്ലാ പ്രഭു (Peers)ക്കന്മാരും സ്കോട്ട്ലണ്ടിലും ഐർലണ്ടിലുമുള്ള ചില പ്രഭുക്കന്മാരും ചർച്ച് ആഫ് ഇംഗ്ലണ്ടിലെ (ഗ്രേറ്റ്ബ്രിട്ടനിലെ ഔദ്യോഗിക മതസംഘടന) പ്രധാനപ്പെട്ട സ്ഥാനികളും ഇതിൽ അംഗങ്ങളാണ്. രാജാവിന് സ്വമേധയായോ ഒരു രാഷ്ട്രീയകക്ഷിയുടെ നിർദ്ദേശമനുസരിച്ചോ പുതിയപ്രഭുക്കന്മാരെ സൃഷ്ടിച്ച് പ്രഭുസഭയിലെ അംഗങ്ങളുടെ സംഖ്യവർദ്ധിപ്പിക്കുന്നതിന് സാധിക്കും.

പൊതുവെ പറയുന്നതായാൽ പ്രഭുസഭയിൽ യാഥാസ്ഥിതിക മനസ്ഥിതിയാണ് മുന്നിട്ടുനില്ക്കുന്നത്. 1911-ലെ ആക്റ്റ് നിലവിലിരുന്നിട്ടും, നിയമരഹിതമായി പ്രവർത്തിക്കാതെതന്നെ, നിയമനിർമ്മാണത്തിന് വിഘാതങ്ങൾ ഉണ്ടാക്കുവാൻ പ്രഭുസഭയ്ക്കുള്ള കഴിവ് വളരെ വിപുലമാണ്. പ്രഭുസഭയിലെ ഭൂരിപക്ഷാഭിപ്രായത്തിന് വിരുദ്ധമായ അഭിപ്രായങ്ങളോടുകൂടിയ ഒരു രാഷ്ട്രീയകക്ഷിക്കാണ് കോമൺസ്സഭയിൽ പ്രാബല്യമുള്ളതെങ്കിൽ രാഷ്ട്രീയസ്തംഭനം ഉണ്ടാവുന്നതിന് ഒരു പ്രയാസവുമില്ല. ബ്രി

ട്ടീഷ്ചരിത്രത്തിൽ രണ്ടുപ്രാവശ്യം ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടായി. ആ രണ്ടു് അവസരങ്ങളിലും രാജാവു കോമൺസ്സഭയുടെ ഭാഗത്തുചേൎന്നു, പുതിയ പ്രഭുക്കന്മാരെ സൃഷ്ടിക്കും എന്നുപറഞ്ഞു് പ്രഭുസഭയെ ഭീഷണിപ്പെടുത്തി, സ്തംഭനത്തിനു് പരിഹാരമുണ്ടാക്കി.

## രാജവാഴ്ച

ബ്രിട്ടീഷ്ഭരണഘടനയിൽ രാജാവിന്റെ നില ഒന്നു പ്രത്യേകമാണു്. നിയമപരമായിട്ടു രാജാവിനുള്ളസ്ഥാനം അല്ല വ്യക്തിപരമായി അദ്ദേഹത്തിനും രാജകുടുംബത്തിനും ബ്രിട്ടീഷ്കാരുടെ പരിഗണനയിൽ ഉള്ളതു്. രാജാവിന്റെ രാഷ്ട്രീയാധികാരങ്ങൾ കഴിഞ്ഞ രണ്ടു് ശതവർഷങ്ങൾക്കിടയിൽ വളരെ പരിമിതമായിട്ടുണ്ടു്. ഏതെങ്കിലും നിയമത്തിന്റെ ഫലമായിട്ടല്ല, പിന്നെയോ, ഇടപെടാതിരിക്കുക എന്ന ഒരു പാരമ്പര്യത്തിന്റെ ഫലമായിട്ടാണു് ഇങ്ങിനെ സംഭവിച്ചിട്ടുള്ളതു്. ഉദാഹരണമായി രാജകീയനിഷേധാധികാരം (The Royal Right of arst) ഒരിക്കലും ഒരു നിയമത്താലും പരിമിതമാക്കപ്പെട്ടിട്ടില്ല. പക്ഷെ ആ നിഷേധാധികാരം പ്രയോഗിച്ചിട്ടു് കാലം വളരെ ആയിട്ടുണ്ടു്. വ്യക്തിപരമായി രാജാവിനോടുള്ള സ്നേഹാദരങ്ങൾ ബ്രിട്ടീഷുകാരുടെ കണ്ണിൽ ഒന്നു പ്രത്യേകമാണെന്നു മുൻപു പറഞ്ഞുവല്ലോ. ബ്രിട്ടീഷ്ജനത അവരുടെ രാജാവിനെ

"മാന്യത"യുടെ ഉറവയായിട്ടു" കരുതുന്നു. ഗ്രേറബ്രിട്ടനും ബ്രിട്ടീഷ് കോമൺവെൽത്തിലുള്ള സ്വയംഭരണമുള്ള മററു ഉപരാജ്യങ്ങളും തമ്മിൽ ഇപ്പോഠം ബാഹ്യമായിട്ടുള്ള ഏകബന്ധം ബ്രിട്ടീഷ് കിരീടമാണു്. ക്യാനഡാ, ആസ്റ്റ്രേലിയാ മുതലായ രാജ്യങ്ങഠം ബ്രിട്ടീഷ്പാർലിയമെൻററിൻെറ കോയ്മയിൻ കീഴിലല്ല. പിന്നെയോ ബ്രിട്ടീഷ് കിരീടത്തിൻെറ നാമമാത്രമായ അധീശത്വത്തിനു് മാത്രം വിധേയരാണു്.

## രാഷ്ട്രീയകക്ഷികഠം

പതിനെട്ടാം ശതാബ്ദത്തിൻെറ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടു്, പത്തൊൻപതാം ശതകത്തിൽ രൂപംപ്രാപിച്ചു്, ഇന്നുവരെ നിലവിലിരിക്കുന്ന ബ്രിട്ടീഷ് രാഷ്ട്രീയപാരമ്പര്യമനുസരിച്ചു് ഒരു പൊതുതിരഞ്ഞെടുപ്പിൽ പാർലിയമെൻററിൽ ഭൂരിപക്ഷം ലഭിക്കുന്ന രാഷ്ട്രീയകക്ഷി ഭരണാധികാരം കൈയ്യേൽക്കുന്നു. ഈ രാഷ്ട്രീയകക്ഷിയുടെ നേതാവു് പ്രധാനമന്ത്രിയായിത്തീരുന്നു. അദ്ദേഹം ഉഭയമണ്ഡലങ്ങളിൽനിന്നും തൻെറ മന്ത്രിസഭയിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. മന്ത്രിസഭാംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നകാര്യത്തിൽ പല തല്പരകക്ഷികളേയും പ്രീണിപ്പിക്കേണ്ടതായിട്ടുണ്ടു്. ചുരുക്കം ചിലപ്പോഠം, ചില പ്രത്യേകപരിതസ്ഥിതികളിൽ, (ഉദാഹരണമായി രാജ്യം ഏതെങ്കിലും യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകനിമിത്തം ആഭ്യന്തര കക്ഷി

മത്സരങ്ങൾ തൽക്കാലത്തേക്ക് അപ്രധാനങ്ങളും അപ്രസക്തങ്ങളുമായിത്തീരുമ്പോൾ)വിവിധകക്ഷികൾ ചേർന്ന് സങ്കലിതമന്ത്രിസഭകളും രൂപീകൃതമാകാറുണ്ട്. പത്തൊൻപതാം ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിലും ഇരുപതാംനൂററാണ്ടിന്റെ പ്രാരംഭകാലത്തും യാഥാസ്ഥിതികകക്ഷിയും ഉൽപതിഷ്ണുകക്ഷിയും (Liberals) മാറിമാറി അധികാരത്തിൽ വന്നുകൊണ്ടിരുന്നു. ആ കാലഘട്ടം അവസാനിക്കാറായപ്പോൾ പുത്തനായി രണ്ടു് ചെറിയകക്ഷികൾ ആവിർഭവിച്ചു, അതായതു്, തൊഴിലാളികക്ഷിയും, ഐറിഷ്നാഷണലിസ്റ്റ്കക്ഷിയും. സാധാരണഗതിക്ക് ഈ രണ്ടുകൂട്ടരും ലിബറൽകക്ഷിയുടെ ഭാഗംചേന്ന് വോട്ടുചെയ്യുകയായിരുന്നു പതിവു്. എങ്കിലും ഇവയ്ക്കും പ്രത്യേകം രാഷ്ട്രീയവ്യക്തിത്വം ഉണ്ടായിരുന്നു. 1921-ലെ ഉടമ്പടിക്കുശേഷം നാഷനലിസ്റ്റ് കക്ഷി അപ്രത്യക്ഷമായി. ഒന്നാംലോകമഹായുദ്ധത്തിനുശേഷം ലിബറൽപാർട്ടി ഉടഞ്ഞുപോയതോടുകൂടി യാഥാസ്ഥിതിക കക്ഷിയുടെ എതിർകക്ഷിഎന്ന നിലയിൽ ഭരണസാരഥ്യം കൈവശപ്പെടുത്തുന്നതിനുള്ള കഴിവു് തൊഴിലാളികക്ഷിയിലാണ് വന്നുചേന്നതു്.

പത്തൊൻപതാം ശതാബ്ദത്തിലെ ബ്രിട്ടീഷ് രാഷ്ട്രീയചരിത്രം നോക്കിയാൽ ലിബറൽ കക്ഷിയും യാഥാസ്ഥിതിക കക്ഷിയും തമ്മിലുള്ള വ്യത്യാസങ്ങ

ളെക്കാം, കാതലായിട്ടുള്ള കാൎയ്യങ്ങളിൽ അവതമ്മിലുള്ള ഐകരൂപ്യമാണു് കൂടുതൽ പ്രസ്താവ്യമായിട്ടുള്ളതു്. പാർലിയമെൻററ പരിഷ്കാരത്തിൻെറ കാൎയ്യത്തിൽ അന്യോന്യം തടസ്സപ്പെടുത്തിയിരുന്നില്ല എന്നു് മാത്രമല്ല ഭരണാധികാരം ലഭിക്കുമ്പോഠം ഓരോ കക്ഷിയും അക്കാൎയ്യത്തിൽ മുൻകൈ എടുത്തു് പ്രവൃത്തിക്കുകയുമായിരുന്നു ചെയ്തുവന്നതു്. എത്രമാത്രം പരിഷ്കാരം കൊണ്ടുവരണം എന്നതിനെക്കാഠം ഏതു പ്രത്യേകതരത്തിലുള്ള പരിഷ്കാരം കൊണ്ടുവന്നാലാണു് ഓരോ പാർട്ടിയുടേയും പിൻതുണക്കാൎക്കു് തൃപ്തിയാവുക എന്നതായിരുന്നു പ്രധാനപ്രശ്നം. ഉദാഹരണമായി യാഥാസ്ഥിതിക കക്ഷിഫാക്ടററി നിയമപരിഷ്കരണത്തിൽ ആനുകൂല്യം പ്രദൎശിപ്പിച്ചപ്പോഠം ലിബറൽകക്ഷി ഭൂസ്വത്തുടമസ്ഥന്മാരുടെ പ്രാബല്യം കുറക്കുന്നതിൽ താല്പൎയ്യം കാണിച്ചു.

തൊഴിലാളികക്ഷിയുടെ വരവോടുകൂടിയാണു് സ്ഥിതിഗതികഠംക്കു് ആകപ്പാടെ മാററമുണ്ടായതു്. രാഷ്ട്രീയവും സാമൂഹ്യവുമായ കാൎയ്യങ്ങളിൽ പരസ്പരവിരുദ്ധങ്ങളായ തത്വസംഹിതകളോടുകൂടിയ യാഥാസ്ഥിതിക തൊഴിലാളികക്ഷികഠം തമ്മിൽ യോജിച്ചുപോകുക അത്ര എളുപ്പമല്ലല്ലൊ.

ലിബറൽകക്ഷിയും യാഥാസ്ഥിതിക കക്ഷിയും ഏകദേശം ഒരേരീതിയിലാണു് സംഘടിപ്പിച്ചിരിക്കുന്നതു്. ധാരാളം അംഗങ്ങളുണ്ടായിരുന്ന പ്ര

 സ്ഥതകക്ഷികഠം നിയോജകമണ്ഡലങ്ങഠംതോറും ശാഖാസംഘടനകഠം രൂപീകരിച്ചിട്ടുണ്ട്. പക്ഷെ കേന്ദ്രസംഘടനയെ നിയന്ത്രിക്കുന്നതിനോ കക്ഷിയുടെ നയം രൂപീകരിക്കുന്നതിനൊ ഇവകഠംക്ക് പറയത്തക്ക കഴിവുകഠംഇല്ല. ഓരോകക്ഷിയുടേയും സെൻട്രൽ ആഫീസിനെ നിയന്ത്രിക്കുന്നതു് കക്ഷിയുടെ നേതാക്കന്മാരും കക്ഷിയുടെ കാൎയ്യനടത്തിപ്പിനു് പ്രധാനമായി പണംമുടക്കുന്ന ആളുകളുമാണു്. ആദൎശദാർഢ്യം കൊണ്ടും പ്രതിഫലേഛനിമിത്തവും ഇങ്ങിനെ രണ്ടു കാരണങ്ങളാൽ പണംമുടക്കുന്നവരുണ്ടു്. പാർലിയമെൻററു സഭയിൽ കക്ഷിയുടെ നയം രൂപീകരിക്കുന്നതു് നേതാക്കന്മാർ തന്നെയാണു്. പിൻതുണക്കാരുടെ ഇടയിൽ പറയത്തക്കപിളൎപ്പ് ഉണ്ടാകാതിരിക്കുന്നതിനു് അവർ പ്രത്യേകം കരുതിക്കൊള്ളും. ഈ രാഷ്ട്രീയ കക്ഷികഠം വാൎഷിക പ്രതിനിധിസമ്മേളനങ്ങഠം നടത്താറുണ്ടു്. സമ്മേളനങ്ങളുടെ തീരുമാനങ്ങഠം അതേപടി നടപ്പിൽവരുത്തണമെന്നു് നിൎബ്ബന്ധമില്ലെങ്കിലും പിൻതുണക്കാരുടെ പൊതുവെയുള്ള അഭിപ്രായഗതി മനസ്സിലാക്കാൻ നേതൃത്വത്തിനു് ഈ സമ്മേളനങ്ങഠം വളരെ സഹായകമാണു്. പൊതുവെപറയുന്നതായാൽ യാഥാസ്ഥിതിക കക്ഷിയുടെ പ്രതിനിധി സമ്മേളനം യാഥാസ്ഥിതിക നേതാക്കന്മാരെക്കാഠം പിൻതിരിപ്പൻ മനസ്ഥിതിയോടുകൂടിയതും ലിബറൽ കക്ഷിയുടെ പ്രതിനിധിസമ്മേ

ളുനം അവരുടെ നേതൃത്വത്തേക്കാൾ ഉൽപതിഷ്ണുത്വം ഉള്ളതും ആയിട്ടാണ് കാണപ്പെടാറുള്ളതു്.

തൊഴിലാളികക്ഷി മുൻപറഞ്ഞ രണ്ടുകക്ഷികളിൽനിന്നും പലകാര്യങ്ങളിലും വിഭിന്നമാണ്. അതു് പ്രധാനമായും ഒരു വർഗ്ഗത്തിന്റെ—തൊഴിലാളിവർഗ്ഗത്തിന്റെ—കക്ഷിയാണ്. ട്രേഡ്യൂണിയൻ സംഘടനകളുടെ സംഖ്യാബലത്തിന്മേലും ധനസഹായത്തിലും അധിഷ്ഠിതമാണ് ആ കക്ഷി. ഫാബിയൻ സൊസൈററി, സ്വതന്ത്രതൊഴിലാളികക്ഷി മുതലായി, സ്ഥിതിസമത്വവാദപരമായ ആദർശങ്ങളോടുകൂടിയ സംഘടനകളും പല പ്രമുഖവ്യക്തികളും തൊഴിലാളികക്ഷിയുടെ പിൻതുണക്കാരായിട്ടുണ്ടു്. പാർട്ടി സമ്മേളനത്തിന്റെ അവസാനതീരുമാനം ട്രേഡ്യൂണിയൻ സംഘടനകളുടെ വോട്ടിനെ ആശ്രയിച്ചാണിരിക്കുന്നതു്.

തൊഴിലാളികക്ഷിയുടെ നയം രൂപീകരിക്കുന്നതു് പാർട്ടിയുടെ പൊതുസമ്മേളനമാണ്. പാർട്ടി, കാര്യനിർവ്വഹണത്തിനായി ഒരു എക്സിക്യൂട്ടീവിനെ സമ്മേളനത്തിൽവച്ചു് തിരഞ്ഞെടുക്കുന്നു. ഇതിൽ പ്രധാന താല്പര്യങ്ങൾ എല്ലാം പ്രതിനിധീഭവിച്ചിരിക്കും. കക്ഷിക്കകമെയുള്ള വാദപ്രതിവാദങ്ങൾ ജനാധിപത്യതത്വമനുസരിച്ചുതന്നെയാണ് നടക്കുന്നതു്. ഇതുകൊണ്ടു് പൊതുസമ്മേളനത്തിനു് മുൻപുതന്നെ സമ്മേളനത്തിൽ ഉന്നയിക്കപ്പെടേണ്ടപ്പ

ശ്ലങ്ങളെ സംബന്ധിച്ച് പ്രാദേശികസമ്മേളനങ്ങളിൽ കൂലങ്കഷമായ ആലോചനകൾ നടക്കാറുണ്ടെന്നും, പലപ്പോഴും ചെറിയ ചെറിയ സംഘങ്ങൾ ഉന്നയിക്കണമെന്ന് ഉദ്ദേശിക്കുന്ന പല ഇനങ്ങളും പൊതുസമ്മേളനത്തിൽ സമയചുരുക്കത്താൽ ആലോചനക്ക് എടുക്കാതെ പോകാറുണ്ടെന്നും പ്രത്യേകം പറയേണ്ടതായിട്ടില്ലല്ലൊ

പാർലിയമെൻ്ററിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരുടെ മേൽ പാർട്ടിയുടെ പൊതു സമ്മേളനത്തിനോ പാർട്ടിഎക്സിക്യൂട്ടീവിനോ യാതൊരു നിയന്ത്രണാധികാരവും ഇല്ലെന്ന് വ്യക്തമാക്കേണ്ടിയിരിക്കുന്നു. കക്ഷിഅധികാരത്തിൽ വരുമ്പോൾ പരമമായ ഈ നിയന്ത്രണാധികാരം കക്ഷിയുടെ നേതാവിൽ അർപ്പിക്കുന്നു. ആ നേതാവിനു് മന്ത്രിസഭയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനു് പൂർണ്ണമായ അധികാരമുണ്ട്. നേതാവിനെ പാർലിയമെൻ്ററിലെ അംഗങ്ങൾ തന്നെയാണ് തിരഞ്ഞെടുക്കുന്നതു്.

കുറെകാലമായിട്ടു്, മററുരാജ്യങ്ങളിലുള്ള രാഷ്ട്രീയ സംഭവങ്ങളുടെ പ്രതിഫലനം എന്നനിലയിൽ രണ്ടു പുതിയ രാഷ്ട്രീയകക്ഷികൾകൂടി ഗ്രേററ് ബ്രിട്ടണിൽ ആവിർഭവിച്ചിട്ടുണ്ടു്; അതായതു് കമ്മ്യൂണിസ്റ്റ് കക്ഷിയും ഫാഷിസ്ററു കക്ഷിയും. ഈ രണ്ടുകൂട്ടർക്കും പറയത്തക്ക പിൻതുണ ഇനിയും സംസിദ്ധമായിട്ടില്ല.

പ്രശസ്തിക്കും പ്രചരണത്തിനും വേണ്ടി വിവിധ കക്ഷികൾ അവലംബിക്കാറുള്ള മാർഗ്ഗങ്ങൾ പലതാണ്. ഒരു കാര്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. രാഷ്ട്രീയ പ്രചരണകാര്യത്തിൽ, ബ്രിട്ടീഷ് പത്രങ്ങളുടേയും ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ്ങ് കോർപ്പറേഷന്റേയും സേവനമാണ് ഏററവും ഫലപ്രദമായിട്ടുള്ളതു്. ഇവയിൽ ബ്രിട്ടീഷ് വർത്തമാനപത്രങ്ങൾ മിക്കതും പരസ്യംകൊണ്ടു് പണമുണ്ടാക്കുന്ന ലക്ഷപ്രഭുക്കളുടെ നിയന്ത്രണത്തിലാണ്. ബ്രോഡ്കാസ്റ്റിങ്ങ് കോർപ്പറേഷൻ ഭരണാധികാരികളുടെ ചൊൽപടിയിലുമാണ്. ഇക്കാരണങ്ങളാൽ പണക്കാരുടേയും മററുതരത്തിൽ സ്വാധീനശക്തിയുള്ളവരുടേയും പിൻതുണയില്ലാത്ത ന്യൂനപക്ഷങ്ങൾക്കു് ഗ്രേററ് ബ്രിട്ടനിൽ അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള പ്രചരണം നടത്തുക ക്ഷിപ്രസാദ്ധ്യമല്ല. താത്വികമായി പറഞ്ഞാൽ സാമാന്യജനങ്ങൾക്കു് ഭരണയന്ത്രം തിരിക്കുന്ന കാര്യത്തിൽ ന്യായമായ അവകാശാധികാരങ്ങൾ ഉണ്ടെങ്കിലും മുൻപറഞ്ഞ സാഹചര്യങ്ങൾ കൊണ്ടു്, താരതമ്യേന ധനികന്മാരായിട്ടുള്ളവർക്കു മാത്രമെ രാജ്യഭരണകാര്യത്തിൽ ഫലപ്രദമായ സ്വാധീനശക്തിചെലുത്താൻ സാധിക്കുകയുള്ളു എന്നു് സ്പഷ്ടമാണല്ലോ.

## ലോക്കൽ ഗവൺമെൻറു്

ബ്രിട്ടീഷ് പ്രാദേശിക ഭരണരീതി പാർലിയ

മെൻററിനെക്കാഠം പഴക്കം കൂടിയതാണു്. പത്തൊൻപതാം ശതാബ്ദത്തിൽ അതു് ആകപ്പാടെ ഒന്നു് ഉടച്ചുവാക്കപ്പെട്ടു കേന്ദ്രഗവമ്മേണ്ടിനു് ലോക്കൽ കൌൺസിലുകളുടെ നടപടികളിൽ ഇടപെടുന്നതിനു് പൊതുവെ പറയത്തക്ക അധികാരമില്ല. കുറച്ചുവല്ലതും അധികാരമുള്ളതു് (ചിലതുറകളിൽ ഗണനീയമായ അധികാരം ഉണ്ടു്) പ്രത്യേക സ്റ്റാററ്യൂട്ടുകളുടെ ഫലമായോ അല്ലെങ്കിൽ പരോക്ഷമായി, ലോക്കൽ ഫണ്ടുകഠംക്കു് കേന്ദ്രത്തിൽ നിന്നുകൊടുക്കുന്ന സഹായധനത്തിൽ നിന്നു് ഉൽഭൂതമാകുന്ന സ്വാധീനശക്തി നിമിത്തമൊ ആകുന്നു.

പാർലിയമെൻററു സഭയെപ്പോലെ ലോക്കൽ കൌൺസിലുകളും വിസ്തൃതമായ ഒരു സമ്മതിദായകത്വ അടിസ്ഥാനത്തിന്മേലാണു് ഉറപ്പിച്ചിരിക്കുന്നതു്. ലോക്കൽ ഗവമ്മേണ്ടിൻെറ എല്ലാതുറകളിലും പ്രവൎത്തിക്കത്തക്കവണ്ണമാണു് അവ തിരഞ്ഞെടുക്കപ്പെടുന്നതു്. കാൎയ്യക്ഷമതയിൽ പല കൌൺസിലുകളും പാർലിയമെൻററിനെപ്പോലും പിന്നിലാക്കാറുണ്ടു്.

## നീതിന്യായവകുപ്പു് (Judiciary)

ബ്രിട്ടീഷ് നീതിന്യായം സാമാന്യമായി, ഉയൎന്നതും (High Justice) താണതും (Low Justice) എന്നു് രണ്ടായി ഭാഗിക്കാം. ഹൈക്കോർട്ടും അതിൻെറ വിവിധശാഖകളും അപ്പീൽ കോർട്ടുകളും (പ്രഭുസഭയാ

ണ് പരമാധികാരമുള്ള അപ്പീൽകോർട്ട്) ആദ്യ ത്തെ വകുപ്പിൽ ഉൾപ്പെടുന്നു. ഈ കോടതികളുടെ ചുമതല നിയമം ഊജ്ജിതത്തിൽ വരുത്തുകഎന്ന തു് മാത്രമല്ല നിയമങ്ങളെ വ്യാഖ്യാനിക്കുക (അത്ഥ നിണ്ണയം ചെയ്യുക) എന്നതു് കൂടിയാണ്; അതായതു് പഴയതീപ്പുകളുടെ വെളിച്ചത്തിൽ ഏതെങ്കിലും പ്ര ത്യേകപ്രശ്നം സംബന്ധിച്ച നിയമം എന്താണെന്നു് നിജപ്പെടുത്തുക. കോടതികൾക്കു് നിയമം നിമ്മിക്കാൻ അധികാരമില്ല. അമേരിക്കയിലെ സുപ്രീംകോർട്ടുചെയ്യുന്നതുപോലെ ഭരണഘടനയ്ക്കു് വിരുദ്ധമാണെന്ന കാരണംപറഞ്ഞു് ഏതെങ്കിലും നിയമം റദ്ദാക്കുന്നതിനു് ബ്രിട്ടീഷ് കോടതികൾക്കു്, അധികാരമില്ല. പക്ഷെ അത്ഥനിണ്ണയം ചെയ്യുകഎന്നതും ഏറക്കുറെ അത്രത്തോളംതന്നെ പ്രാധാന്യമുള്ളതാണ്. നിയമനിമ്മിതാക്കൾ സങ്കല്പിച്ചിട്ടില്ലാത്ത ഫലം കോടതികളുടെ തീരുമാനം മുഖേന ഉണ്ടാകാറുണ്ടു്. ഇങ്ങനെവരുമ്പോൾ പരമാധികാരമുള്ള കോടതിയുടെ അഭിപ്രായമാണ് സ്വീകരിക്കേണ്ടതു്. ഏതെല്ലാം മാമൂലുകൾ ലംഘിക്കേണ്ടിവന്നാലും പാർലിയമെൻററു സഭയുടേയോ പ്രമുഖവ്യക്തികളുടേയോ അഭിപ്രായം എന്തുതന്നെ ആയിരുന്നാലുംശരി, ഈ പറഞ്ഞ നിലയ്ക്കു് മാററമില്ല. പുത്തൻനിയമം ഉണ്ടാക്കുക എന്നതല്ലാതെ ഇതിനു്മററു പ്രതിവിധികുന്നുമില്ല.

അഭിഭാഷകന്മാർ രണ്ടുതരത്തിൽ പെട്ടവരാ

ണ്° (1) ബാറിസ്റ്ററന്മാർ (2) സോളിസിററന്മാർ. പ്രധാനമായി, കോടതികളിൽ വ്യവഹരിക്കക എന്ന ചുമതലയുള്ള ബാറിസ്റ്ററന്മാക്കാണ്° കൂടുതൽ വിലയും നിലയും കല്പിക്കാറുള്ളതു്. സാമാന്യം ദീഘ്ഘവും ചെലവു് കൂടുതലുള്ളതുമായ പരിശീലനം അവക്ക് കൂടിയേതീരൂ. ജഡ്°ജിമാരായി നിയമിക്കപ്പെടുന്നതിന് അവക്കു മാത്രമെ അവകാശമുള്ളു. ഹൈജസ്റ്റീസിൽ വരുന്ന കക്ഷികഠം സാധാരണയായി വലിയ പണക്കാരായതു്കൊണ്ടു് അങ്ങനെയുള്ള കേസ്സുകഠം നടത്തുന്നതിന് വലിയ ചെലവു ചെയ്യേണ്ടതായിട്ടുണ്ട്. സാധാരണക്കാക്ക് അങ്ങോട്ടു് അടുക്കുക വളരെ പ്രയാസമാണു്. കോടതിചെലവു് കുറയ്ക്കുന്ന കാര്യത്തിൽ വേണ്ടശ്രമം ഇക്കഴിഞ്ഞ കാലങ്ങളിൽ നടക്കുകയുണ്ടായി എങ്കിലും പറയത്തക്കഫലപ്രാപ്തി അക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

### Low Justice

(ഇതിൽ കൌണ്ടി കോടതികളും മജിസ്ട്രേട്ട് കോടതികളും ഉഠംപ്പെടുന്നു) ഇതിന് കോടതി ചെലവു് താരതമ്യേന കുറവാണു. കൌണ്ടികോടതികളിലുള്ള ജഡ്°ജിമാക്കും ലണ്ടൻ മുതലായ വലിയ നഗരങ്ങളിലുള്ള മജിസ്ട്രേട്ടുമാക്കും ശമ്പളമുണ്ടു് എന്നാൽ പ്രാദേശികമായി നീതിന്യായം നടത്തുന്ന (Justice of the Place) ജെ പി മാക്ക് യാതൊരു വേതനവുമില്ല. വലിയ നിയമപരിജ്ഞാനമില്ലാ

ത്തവരും ഒരുവിധം കാലക്ഷേപത്തിനുള്ളവരും ആ
ണ് ഇങ്ങനെയുള്ള ബെഞ്ചുകോടതികളിൽ നിയമി
ക്കപ്പെടാറുള്ളതു്. അവർ നടപ്പിൽ വരുത്തുന്ന നീ
തിന്യായവും അത്ര ഉന്നതമായിരിക്കുകയില്ല എന്നു്
പ്രത്യേകം പറയേണ്ടതില്ലല്ലൊ.

## സിവിൽസർവീസ്സും പോലീസ് വകുപ്പും

ഒരു കാര്യനിർവഹണവകുപ്പു് എന്നനിലയിൽ
ബ്രിട്ടീഷ് സിവിൽസർവീസ്സ് അഖിലലോക പ്രശ
സ്തിസമ്പാദിച്ചിട്ടുണ്ടു്. 1832-വരെയുള്ള കാര്യം പറ
യുകയാണെങ്കിൽ, അധികാരം കൈവശപ്പെടുത്തുന്ന
രാഷ്ട്രീയകക്ഷിയുടെ സ്വാധീനശക്തി വർദ്ധിപ്പിക്കുന്ന
തിനുള്ള ഒരു ഉപാധിയായിരുന്നു സിവിൽസർവ്വീസ്സ്.
കോഴയും അഴിമതികളും സർവ്വസാധാരണമായിരു
ന്നു. എന്നാൽ 19-ാം ശതാബ്ദത്തിൽ ഈ സ്ഥിതി
യ്ക്കു് വലിയമാററംവന്നു. അധികാരത്തിൽ ഇരിക്കു
ന്നതു് ഏതു രാഷ്ട്രീയകക്ഷി ആയാലും ശരി, ഭരണ
കാര്യങ്ങൾ നിർവ്വിഘ്നം നടത്തിക്കൊണ്ടു പോക
ത്തക്ക ശേഷിയും പരിശീലനവും ഉള്ള ഒരു സ്ഥിര
മായ സിവിൽസർവ്വീസ്സ് അനുപേക്ഷണീയമാണെന്നു്
അന്നു് പ്രാബല്യത്തിലിരുന്ന രണ്ടു് രാഷ്ട്രീയകക്ഷിക
ൾക്കും ബോദ്ധ്യംവന്നു. അതിൻെറ ഫലമായിട്ടാണ്
സിവിൽ സർവ്വീസിലേക്കുള്ള നിയമനങ്ങൾ മത്സരപ
രീക്ഷകൾ മുഖേനവേണമെന്നു് തീരുമാനിച്ചതു്. അ
ങ്ങിനെ അഴിമതിയുടെ കവാടം ഫലപ്രദമാംവണ്ണം

അട്ടച്ച എന്നു് പറയാം. മുനിസിപ്പൽ സർവ്വീസ്സി ൽ ഈരീതി ഒരു ചെറിയ തോതിൽ മാത്രമെ നടപ്പി ൽ വന്നിട്ടുള്ളു.

സിവിൽ സർവ്വീസ്സിലെ ഉയൎന്ന ഉദ്യോഗങ്ങൾ ഒരു സാധാരണക്കാരനു് ലഭിക്കുന്നതിനു് സാങ്കേതി കമായി യാതൊരു തടസ്സവുമില്ല. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ സർവ്വകലാശാലകളുടെ തോ തിലുള്ള വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആൎക്കുതന്നെ യും ഒന്നാംകിടയിലുള്ള ഉദ്യോഗങ്ങൾക്കു് വേണ്ടിയു ള്ള പരീക്ഷകളിൽ മത്സരിക്കാം എന്നു് വച്ചിട്ടുണ്ടു്. പ ക്ഷെ ഓക്സ്ഫോർഡിലോ കേംബ്രിഡ്ജിലോ പഠിക്കുക എന്നതു് താരതമ്യേന നല്ല ധനസ്ഥിതിയുള്ളവൎക്കു് മാത്രമെ സാധിക്കു എന്നു് പറയേണ്ടതില്ലല്ലൊ. വി ദേശകാര്യാലയത്തിലേ (Foreign Office) യ്ക്കുള്ള നി യമനങ്ങളിലും ലണ്ടൻ പോലീസ്സ് തുറയിലേയ്ക്കുള്ള നിയമനങ്ങളിലും ഇംഗ്ലണ്ടിലെ പ്രമുഖപബ്ലിക് സ്കൂളുകളിൽ ഏതിലെങ്കിലും പഠിച്ചിട്ടുള്ളവൎക്കാ ണു് സാധാരണയായി മുൻഗണന കൊടുക്കാറുള്ളതു്. സ്ത്രീകളെ സിവിൽസർവ്വീസിന്റെ താണപടികളിലും ചുരുക്കം ചിലരെ ഉയൎന്നഉദ്യോഗങ്ങളിലും നിയമി ക്കാറുണ്ടു്.

ഗവൎമ്മെന്റിന്റെ മാററത്തോടൊപ്പം സിവി ൽസർവ്വീസുദ്യോഗസ്ഥന്മാൎക്കു് മാററം ഇല്ലാത്തതിനാ ൽ നിയമനിൎമ്മാണം സംബന്ധിച്ചും ദൈനന്ദിന ഭര

ണകാര്യങ്ങളിലും ഒന്നാംകിടയിലുള്ള ഉദ്യോഗസ്ഥന്മാൎക്കു് വളരെയധികം സ്വാധീനം ചെലുത്താൻ സാധിക്കുന്നുണ്ടു്. ക്യാബിനററ്സെക്രട്ടറിയേററും പ്രധാനപ്പെട്ട ട്രഷറിയുദ്യോഗസ്ഥന്മാരുമാണു് ഈ വിധത്തിൽ ഭരണയന്ത്രത്തിന്റെ സുസ്ഥിരതയ്ക്കു് മുഖ്യകാരണക്കാർ. പ്രസ്തുതസ്ഥിരതയാണു താനും ബ്രിട്ടീഷ് പാർലിമെൻററി ഗവമ്മെൻറിന്റെ അടിസ്ഥാനശില.

നിയമസമാധാന പരിപാലനത്തിനുള്ള ഉത്തരവാദിത്വം പ്രാഥമികമായി പോലീസ്സൈന്യത്തിനാണു്. ഇതിൽ ലണ്ടൻ പോലീസിന്റെ മേൽമാത്രമേ ഗവമ്മെൻറിനു് നേരിട്ടുനിയന്ത്രണമുള്ളു. ധനസംബന്ധമായ ഞെരുക്കലുകൾകൊണ്ടു് പ്രാദേശിക പോലീസ്സൈന്യങ്ങളുടെ മേലും ഗവമ്മെൻറിന്റെ ആഭ്യന്തരഭരണവകുപ്പിനു് സ്വാധീനം ചെലുത്താൻ സാധിക്കുന്നുണ്ടു്. പോലീസ്വകുപ്പിനു് പിന്നിലായി പട്ടാളം, നാവിക വിമാനവകുപ്പുകൾ, ഇവകളും സമാധാനസംരക്ഷണത്തിനു് സഹായിക്കുന്നുണ്ടെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

## ii
## അമേരിക്ക.

അമേരിക്കൻ ഐക്യനാടുകൾ നാല്പത്തെട്ടു സംസ്ഥാനങ്ങൾ ഒന്നുചേൎന്ന് ഉണ്ടായിട്ടുള്ള ഒരു മഹാരാജ്യമാണ്. ഓരോ സംസ്ഥാനങ്ങൾക്കും പ്രത്യേകം ഭരണകൂടങ്ങളും എല്ലാററിനുംകൂടി പൊതുവായി ഒരു കേന്ദ്രഗവൎമ്മേണ്ടും ഉണ്ടു്. ഈ ഭരണരീതി ഫെഡറേഷൻ അല്ലെങ്കിൽ സംയുക്തഭരണസമ്പ്രദായം എന്ന പേരിനാൽ അറിയപ്പെടുന്നു. കേന്ദ്രഗവൎമ്മേണ്ടിനു് ഭരണഘടനാവ്യവസ്ഥ അനുസരിച്ചു സാംസ്ഥാനികഗവൎമ്മേണ്ടുകൾ സ്വമനസ്സാലെ വിട്ടുകൊടുത്തിട്ടുള്ള അധികാരങ്ങൾ മാത്രമെ ഉള്ളു. എങ്കിലും ആധുനികകാലത്തെ സാമ്പത്തികസാഹചൎയ്യങ്ങളുടേയും ഗതാഗതസൌകൎയ്യങ്ങളുടേയും ഫലമായി പ്രായോഗികകാൎയ്യങ്ങളിൽ കേന്ദ്രഗവൎമ്മേണ്ടിനാണ് സാംസ്ഥാനികഗവൎമ്മേണ്ടുകളേക്കാൾ കൂടുതൽ പ്രാധാന്യം കല്പിച്ചുവരുന്നതു്.

അമേരിക്കൻ ഭരണഘടന എഴുതി ഉണ്ടാക്കിയതു് 1787-ലും നടപ്പിൽവരുത്തിയതു് 1789-ലുമാണ്.

**ചില പ്രത്യേകതകൾ.** അമേരിക്കൻ ഭരണഘടന മൂന്നു വ്യത്യസ്ഥങ്ങളും സ്വതന്ത്രങ്ങളുമായ ഘടകങ്ങളെ ഉൾക്കൊള്ളുന്നു.

1. നിയമനിർമ്മാണവകുപ്പ് (Legislative) സെനററ് എന്നും പ്രതിനിധിസഭ (House of Re-presentative) എന്നും പേരായിട്ട് രണ്ടു മണ്ഡലങ്ങളാണ് ഈ വകുപ്പിലുള്ളതു്. രണ്ടു മണ്ഡലങ്ങളിലേയും അംഗങ്ങൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നു.

2. കാര്യനിർവ്വഹണവകുപ്പ് (Executive) തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടും അദ്ദേഹം നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്നു.

3. നീതിന്യായവകുപ്പ് (Judiciary) സുപ്രീംകോർട്ടും അതിനു താഴെ നിയമസമിതി അപ്പഴപ്പോൾ നിശ്ചയിക്കുന്ന കോടതികളും ഉണ്ട്. സുപ്രീം കോർട്ടിലെ അംഗങ്ങളെ പ്രസിഡണ്ട് ആണ് നിയമിക്കുന്നതെങ്കിലും അവരെ നീക്കംചെയ്യാൻ പാടുള്ളതല്ല.

സ്വേച്ഛാധികാരസംസ്ഥാപനത്തെ തടയുന്നതിനു ജനാധിപത്യഭരണസമ്പ്രദായത്തിൽ സ്വാഭാവികമായി ഉണ്ടായേക്കാവുന്ന എടുത്തുചാട്ടത്തിനു് ഒരു പോംവഴി ആയിട്ടുമാണ് ഈ അധികാരവിഭജനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. സ്വതന്ത്രങ്ങളായ ഈ മൂന്നു ഘടകങ്ങളും അന്യോന്യം നിയന്ത്രിക്കുകയും നിലയ്ക്കു നിർത്തുകയും ചെയ്യുമെന്നുള്ളതാണ് ഇതിൻെറ ഗുണം. ഭരണയന്ത്രത്തിരിച്ചലിനു് ഒരു അയവില്ലായ്ക ഇതുമൂലം ഉണ്ടാവുകയില്ലേ എന്നു പ

ലരും ശങ്കിക്കാറുണ്ടു്. എന്നാൽ അത്തരത്തിലുള്ള വൈഷമ്യങ്ങൾ പറയത്തക്കവണ്ണം അമേരിക്കയിൽ ഉണ്ടായിട്ടില്ല. പൊതുതിരഞ്ഞെടുപ്പിൻെറ ഫലത്തെ മാനിക്കുന്നതിനു് സുപ്രീം കോർട്ടുപോലും വിമുഖത കാണിക്കാറില്ല എന്നുള്ളതാണു് ഇതിൻെറ പ്രധാനകാരണം.

ഏതായാലും ഒരു രാഷ്ട്രീയസ്തംഭനം ഉണ്ടാവുക എന്നതു് അമേരിക്കയിൽ അത്ര പ്രയാസമുള്ള കാര്യമല്ല എന്നു സ്പഷ്ടമാണു്. ഭരണഘടനാവ്യവസ്ഥകളനുസരിച്ച് പ്രസിഡണ്ടിൻെറ ഒപ്പു കൂടാതെ കോൺഗ്രസ്സിനു് (സെനററു്, പ്രതിനിധിസഭ എന്നീ രണ്ടു മണ്ഡലങ്ങൾ ഉൾപ്പെട്ട നിയമസമിതി) തനിച്ചു് നിയമം പാസ്സാക്കുക നിവൃത്തിയില്ല. പ്രസിഡണ്ടിനു സ്വമേധയാ നിയമം അവതരിപ്പിച്ചുകൂടാ. വല്ല കാരണവശാലും പ്രസിഡണ്ടും കോൺഗ്രസ്സും ഒന്നുചേർന്നാൽതന്നെയും സുപ്രീം കോർട്ടിനു് അവരുടെ ഉദ്യമം നിഷ്ഫലമാക്കാൻ സാധിക്കും; വിവാദനിയമം ഭരണഘടനയുടെ ഒരു ലംഘനമാണെന്നു് സുപ്രീം കോർട്ടുതീർപ്പു് കല്പിച്ചാൽ മാത്രം മതിയാവും.

ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ വളരെ ശ്രമാവഹവും സാവധാനവുമാണു്. അതുകൊണ്ടായിരിക്കണം, 1789-നു ശേഷം ആകെ ഇരുപത്തൊന്നു് ഭേദഗതികൾ മാത്രമേ ഉ

ണ്ടായിട്ടുള്ളൂ. ഇവയിൽ പത്തെണ്ണം ആരംഭകാലത്തു തന്നെയായിരുന്നു. അവ പ്രാരംഭചേച്ച്കളുടെ പരിണതഫലങ്ങളുമായിരുന്നു. ബാക്കിയുള്ളവയിൽ നാലെണ്ണം അത്ര പ്രാധാന്യത്തെ അർഹിക്കുന്നവയല്ല. ഭരണപരമായ ചില അസൌകര്യങ്ങൾ നീക്കം ചെയ്യാൻ മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ് അവ. ഒരു ഭേദഗതി ആദായനികുതി ചുമത്തുന്നതിനു ഫെഡറൽ അധികാരികളെ അധികാരപ്പെടുത്തുന്നതായിരുന്നു. വേറൊന്ന് യൂണിയനിലുള്ള എല്ലാ സ്ത്രീകൾക്കും വോട്ടവകാശം നല്കി. മറ്റൊന്ന് സ്ത്രീഗ്രാ അടിമതചത്തെ ഇല്ലാതാക്കി. ഇനിയുമൊന്ന് 11-ാം ഭേദഗതി) മദ്യവർജ്ജനം സംബന്ധിച്ചതായിരുന്നു. ഇതു നടപ്പിലാക്കാൻ പ്രയാസമെന്നു കണ്ടിട്ട് ഇരുപത്തൊന്നാം ഭേദഗതിമൂലം അതു റദ്ദാക്കി കളഞ്ഞു. ശേഷിക്കുന്ന രണ്ടെണ്ണം, അവ നടപ്പിൽ വരുത്തണമെന്ന് പ്രത്യേകിച്ച് ഉദ്ദേശിച്ചിരുന്ന സംസ്ഥാനങ്ങളിൽപോലും ഇനിയും ഊർജ്ജിതത്തിൽ വന്നിട്ടില്ല. വർഗ്ഗം, വർണ്ണം, അടിമതചം എന്നീ കാരണങ്ങൾ പറഞ്ഞു്, സമ്മതിദായകതചം മുതലായ പൌരാവകാശങ്ങൾ ഒരു പൌരനും നിഷേധിച്ചുകൂടാ എന്നായിരുന്നു ഈ ഭേദഗതികളുടെ ചുരുക്കം. തിരഞ്ഞെടുപ്പു നടന്ന് രണ്ടുമാസത്തിനുശേഷം (അല്ലാതെ അഞ്ചു മാസം കഴിഞ്ഞു പോരാ) പ്രസിഡണ്ടു് ഉദ്യോഗത്തിൽ പ്രവേശിക്കേണ്ടതാണ് എന്ന ഇരുപതാമ

ത്തെ ഭേദഗതി, തത്വപരമായി വലിയ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നല്ലെങ്കിലും, അതു പാസ്സാക്കുന്നതിനു പത്തു കൊല്ലത്തെ പ്രക്ഷോഭണം വേണ്ടിവന്നു എന്ന് പറയുമ്പോൾ അമേരിക്കൻ ഭരണഘടനയിൽ ഒരു ഭേദഗതി കൊണ്ടുവരുക എന്നതു് എത്രമാത്രം പ്രയാസമുള്ള കാൎയ്യമാണു് എന്നു മനസ്സിലാകുമല്ലൊ.

**പ്രസിഡണ്ടു്.** നാലു കൊല്ലത്തിൽ ഒരിക്കലാണു് അമേരിക്കൻ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതു്. എല്ലാ സംസ്ഥാനങ്ങളുടേയും പ്രതിനിധികൾ അടങ്ങിയ ഒരു തെരഞ്ഞെടുപ്പുസമിതി (Electoral College) അല്ലാതെ വോട്ടർമാർ നേരിട്ടല്ല, പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതു്. കോൺഗ്രസ്സിലേക്കു് ഓരോ സംസ്ഥാനത്തിനും എത്ര സെനറ്റർമാരേയും പ്രതിനിധികളേയും തിരഞ്ഞെടുത്തയക്കാൻ അവകാശമുണ്ടോ അത്രയും പ്രതിനിധികളെ ഇലക്റ്ററൽ കോളേജിലേക്കു് ഓരോ സംസ്ഥാനത്തിന്നു് അയക്കാവുന്നതാണു്. സ്ഥാനാൎത്ഥികളിൽ ഒരാൾക്കെങ്കിലും സംശയരഹിതമായ വിധത്തിൽ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ, മുന്നിട്ടുനില്ക്കുന്ന സ്ഥാനാൎത്ഥികളിൽ ആരാണു പ്രസിസണ്ടാകേണ്ടതു് എന്നു പ്രതിനിധിസഭ (House of Representatives) തീരുമാനിക്കേണ്ടതാണു്.

പ്രസിഡണ്ടിനു ഭരണഘടനാപരമായി കോ

ൺഗ്രസ്സിൻെറ മേൽ യാതൊരു നിയന്ത്രണാധികാരവും ഇല്ല. കോൺഗ്രസ്സിനെ പിരിച്ചുവിടാനോ, ഏതെങ്കിലും നിയമം അവതരിപ്പിക്കുന്നതിനോ പ്രസിഡണ്ടിന്ന് അധികാരമില്ല. എന്നാൽ ഏതെങ്കിലും ഒരു നിയമം കോൺഗ്രസ്സിൽ കൊണ്ടുവരണമെന്ന് പ്രസിഡണ്ടിന്ന് ആഗ്രഹമുണ്ടെങ്കിൽ അതു തൻെറ കക്ഷിയിലുള്ള ഒരു സാമാജികൻ മുഖേന കൊണ്ടുവരുന്നതിന്നു യാതൊരു തടസ്സവുമില്ല.

കോൺഗ്രസ്സിൽ പാസ്സായ ഏതു നിയമവും, അതു പാസ്സായി പത്തു ദിവസങ്ങൾക്കകം, വീറേറാ ചെയ്യുന്നതിന്നു പ്രസിഡണ്ടിന്ന് അവകാശമുണ്ട്. ഈ വീറേറാ അസാധുവാക്കുന്നതിന്നു നിയമസമിതിയുടെ രണ്ടു മണ്ഡലങ്ങളുടേയും 2/3 ഭൂരിപക്ഷം ഉണ്ടെങ്കിൽ മതിയാവും.

ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക് തൻെറ മന്ത്രിസഭയെ തിരഞ്ഞെടുക്കാൻ ഉള്ള സ്വാതന്ത്ര്യത്തെക്കാൾ വളരെ കൂടുതലാണ് അമേരിക്കൻ പ്രസിഡണ്ടിന്ന് തൻെറ ക്യാബിനററിനെ നിയമിക്കുന്നതിൽ ഉള്ളതു്. യഥാൎത്ഥത്തിൽ അമേരിക്കൻ ഐക്യനാടുകളിലെ ക്യാബിനററ് (മന്ത്രിസഭ) ഒരു ക്യാബിനററല്ല; പ്രസിഡണ്ടിൻെറ ആജ്ഞാകാരികളുടെ ഒരു യോഗം എന്നു മാത്രമെ ഉള്ളു. ഗവൎമ്മെണ്ടുദ്യോഗസ്ഥനേയോ, സൎവ്വകലാശാലപ്രൊഫസരേയോ ആരെവേണമെങ്കിലും പ്രസിഡണ്ടിന്ന് തൻെറ ക്യാബിനററിൽ നിയ

മിക്കാം. സെനററിനല്ലാതെ ആക്കും അതേപ്പററി ചോദ്യം ചെയ്യാൻ അവകാശമില്ല.

പ്രസിഡണ്ടു് തൻെറ ഔദ്യോഗികനിലയിൽ സർവ്വസൈന്യാധിപനും കൂടിയാണ്: സെനററിൻെറ 2/3 ഭൂരിപക്ഷത്തോടുകൂടിയ അനുമതിക്ക് വിധേയമായി, അന്യരാജ്യങ്ങളുമായി ഉടമ്പടികൾ ഉണ്ടാക്കുന്നതിനുള്ള അധികാരവും പ്രസിഡണ്ടിനുണ്ടു്. എല്ലാഫെഡറൽ ഉദ്യോഗസ്ഥന്മാരേയും ആക്കുന്നതും നീക്കുന്നതും പ്രസിഡണ്ടാണു്.

ഉദ്യോഗത്തിലിരിക്കുമ്പോൾ പ്രസിഡണ്ടിൻെറ മേൽ കുററാരോപണം ചെയ്യുന്നതിനു് (Impeachment) സെനററിനു് അവകാശമുണ്ടു്. എന്നാൽ ഈവിധത്തിൽ ഒരനുഭവം ആൻഡ്രൂ ജോൺസൺ എന്ന ഒരു പ്രസിഡണ്ടിനു് മാത്രമെ ഉണ്ടായിട്ടുള്ളു. അദ്ദേഹത്തിൻെറ കാര്യത്തിൽ കുററാരോപണക്കാർ പരാജയപ്പെടുകയുമാണ് ചെയ്തതു്. ഈ ഒരു മാർഗ്ഗം ഒഴിച്ചാൽ ഉദ്യോഗത്തിലിരിക്കുന്ന ഒരു പ്രസിഡണ്ടിനെ നിയന്ത്രിക്കാൻ യാതൊരുവഴിയുമില്ല. അതുകൊണ്ടു് ഭരണഘടനാപരിധികൾക്കുള്ളിൽ അദ്ദേഹം ഒരു രാജാവു്തന്നെയാണു്. രാജവംശമില്ലാത്ത ഒരു രാജാവു് എന്നേയുള്ളു. പ്രസിഡണ്ടു് റൂസ്‌വെൽററു് ഒഴിച്ചു് മററാരും രണ്ടുപ്രാവശ്യ(എട്ടുകൊല്ലം)ത്തിൽ കൂടുതൽ ആ സ്ഥാനത്തു് ഇരുന്നിട്ടില്ല.

ഉദ്യോഗത്തിലിരിക്കുമ്പോൾതന്നെ പ്രസിഡണ്ടു്

മരിക്കുന്നപക്ഷം വൈസ്പ്രസിഡണ്ടിനെ ആസ്ഥാനത്തേക്ക് കയററം ചെയ്യുന്നു.

## കോൺഗ്രസ്സ്

മുൻപ് പറഞ്ഞതുപോലെ അമേരിക്കൻ കോൺഗ്രസ്സിൽ രണ്ടു മണ്ഡലങ്ങൾ ഉണ്ടു്. നിയമനിർമ്മാണത്തിന്ന് രണ്ടു മണ്ഡലങ്ങളുടേയും സമ്മതം അത്യന്താപേക്ഷിതമാണ്. 1913-നുശേഷം രണ്ടു മണ്ഡലങ്ങളും നേരിട്ടുള്ള വോട്ടിനാൽ തിരഞ്ഞെടുക്കപ്പെടുന്നു. നാമമാത്രമായി എല്ലാപൌരന്മാക്കും വോട്ടു ചെയ്യാം എന്ന് വച്ചിട്ടുണ്ടു്. എന്നാൽ പല സംസ്ഥാനങ്ങളിലും നീഗ്രോകൾക്ക് വോട്ടവകാശം നല്കിയിട്ടില്ല.

പ്രതിനിധിസഭ (House of Representatives) സംസ്ഥാനങ്ങളുടെ അടിസ്ഥാനത്തിന്മേൽ രണ്ടുകൊല്ലം കൂടുമ്പോഴാണ് തിരഞ്ഞെടുക്കപ്പെടുന്നതു്: ഓരോ സംസ്ഥാനത്തിനും എത്ര പ്രതിനിധികൾ വേണം എന്നു് തീരുമാനിക്കുന്നതു് ജനസംഖ്യ അനുസരിച്ചാണ്. പ്രതിനിധി സഭാംഗങ്ങൾക്കും സെനറററന്മാരുടെ കാര്യത്തിലെന്നപോലെ എക്സിക്യൂട്ടീവ് ഉദ്യോഗങ്ങൾ ഒന്നും വഹിക്കാൻ അനുവാദം ഇല്ല. ഇതിനേക്കാൾ പ്രധാനമായ മറെറാരു സംഗതി, പ്രതിനിധിസഭയിലെ ഓരോ അംഗവും, താൻ ഏതു സംസ്ഥാനത്തിൻെറ പ്രതിനിധിയാണോ ആ സംസ്ഥാനത്തിൽതന്നെ താമസിക്കുന്നവനായിരിക്കണം എന്നുള്ള നിർബ്ബന്ധമാണ്.

സെനററിൽ ഉള്ളതുപോലെ പ്രതിനിധിസഭയിലും ധാരാളം കമ്മററികഠം ഉണ്ട്. എന്നു് മാത്രമല്ല, വാദപ്രതിവാദങ്ങളിൽ വലിയ നിയന്ത്രാണാധികാരമുള്ള ഒരു അദ്ധ്യക്ഷൻ പ്രതിനിധിസഭയ്ക്കു് പ്രത്യേകമായുമുണ്ട്. സെനററിനുള്ളതുപോലെ തന്നെയുള്ള സ്വാതന്ത്ര്യം (വാദപ്രതിവാദകാര്യങ്ങളിൽ) പ്രതിനിധി സഭയ്ക്കില്ല എന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

## സെനററ്.

ഓരോ സംസ്ഥാനത്തിനും രണ്ട് പ്രതിനിധികഠം എന്ന കണക്കിനു് സെനററിൽ 96 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുണ്ട്. സെനററന്മാർ ആറു കൊല്ലം വീതം സേവനം അനുഷ്ഠിക്കും. രണ്ടു കൊല്ലം കൂടുമ്പോഠം 1/3 അംഗങ്ങഠം വീതം തിരഞ്ഞെടുക്കപ്പെടുന്നു. പ്രതിനിധിസഭയിലേക്ക് ഒരു മെമ്പറെ മാത്രം അയക്കുന്ന ഡിലാവെയർ (Delaware) സംസ്ഥാനത്തിനും നാല്പത്തഞ്ച് അംഗങ്ങളെ അയക്കുന്ന ന്യൂയോർക്കിനും സെനററിൽ തുല്യപ്രാതിനിദ്ധ്യമാണുള്ളതു്. വിസ്തീർണ്ണത്തിൽ ചെറുതായിട്ടുള്ള സംസ്ഥാനങ്ങഠക്ക് ഫെഡറേഷനെ പൊതുവെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ശരിയായ സ്വാധീനം ഉണ്ടായിരിക്കണം എന്നുള്ള ഉദ്ദേശ്യത്തിലാണ് ഇങ്ങിനെ ചെയ്തിട്ടുള്ളതു്. സെനററിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത് ആണ് കൂടുതൽ ബഹുമതികരമായി

കരുതാവുള്ളതു്. എണ്ണപ്പെട്ട മിക്ക രാഷ്ട്രീയനേതാക്കന്മാരും സെനററർമാരാണു്. സെനററിൽ വാദപ്രതിവാദത്തിന്നു പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടെന്നുള്ളതു മാത്രമല്ല ഉടമ്പടികൾ സാധുവാകുന്നതിന്നു സെനററിന്റെ 2/3 ഭൂരിപക്ഷത്തിന്റെ സമ്മതം വേണമെന്നുള്ള വ്യവസ്ഥയും, സുപ്രീം കോടതിയിയിലെ ജഡ്ജിമാരുൾപ്പെടെ പ്രസിഡണ്ടു നടത്തുന്ന എല്ലാ നിയമനങ്ങളും സെനററിന്റെ ഉപദേശവും സമ്മതവുമനുസരിച്ചു വേണമെന്നുള്ള വകുപ്പും നിമിത്തമായിരിക്കണം സെനററിന്നു കൂടുതൽ പ്രാധാന്യം ഉണ്ടായിട്ടുള്ളതു്.

## സുപ്രീം കോർട്ടു്

അമേരിക്കയിലെ ഏററവും പ്രധാനപ്പെട്ടതും പരമാധികാരമുള്ളതുമായ നീതിന്യായകോടതി "സുപ്രീം കോർട്ടു്" എന്ന പേരിൽ അറിയപ്പെടുന്നു. സുപ്രീം കോർട്ടിൽ ഒൻപതു ജഡ്ജിമാരാണുള്ളതു്. സ്ഥാനാപതികൾ, മന്ത്രിമാർ മുതലായവരെ സംബന്ധിച്ച കേസ്സുകളിലും സംസ്ഥാനങ്ങൾ കക്ഷിയായിരിക്കുന്ന കേസ്സുകളിലും സുപ്രീം കോർട്ടിന്നു ഒറിജിനൽ ജൂറിസ്ഡിക്ഷനും മററു കേസ്സുകളിൽ അപ്പീൽ കേൾക്കുന്നതിന്നുള്ള അധികാരവും ഉണ്ടു്. വിചാരണയ്ക്കു വരുന്ന ഒരു കേസ്സിൽ ഏതെങ്കിലും ഫെഡറൽ നിയമമോ സാംസ്ഥാനികനിയമമോ ഭരണഘടനയുടെ ഒരു ലംഘനമാണെന്നു സുപ്രീം

കോർട്ട് തീരുമാനിച്ചാൽ ആ നിയമം അസാധുവായിത്തീരുന്നു.

## സംസ്ഥാനങ്ങളുടെ ഭരണഘടനകൾ

ചില ചില്ലറ വ്യത്യാസങ്ങളുണ്ടെന്നുള്ളതൊഴിച്ചാൽ സംസ്ഥാനങ്ങളിലെ ഭരണഘടനകളും ഫെഡറൽ ഭരണഘടനയും ഏറെക്കുറെ ഒരുപോലെയാണ്. രണ്ടും എഴുതി ഉണ്ടാക്കപ്പെട്ടവയാണ്. ഇംഗ്ലണ്ടിലെപ്പോലെ അലിഖിതനിയമങ്ങളല്ല ഭരണഘടനയെ നിയന്ത്രിക്കുന്നത് എന്നു ചുരുക്കം. എല്ലാ സംസ്ഥാനങ്ങൾക്കും ഒരു സുപ്രീം അപ്പീൽകോടതിയും, തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവർണ്ണറും തിരഞ്ഞെടുക്കപ്പെട്ട ദ്വിമണ്ഡലനിയമസഭകളും ഉണ്ട്. നിയമം വീറ്റോ ചെയ്യുന്നതുൾപ്പടെ വിപുലമായ അധികാരങ്ങൾ ഗവർണ്ണർക്കുണ്ട്. നിശ്ചിതമായ ഒരു പരിധി വരെ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥന്മാരെ ആക്കുന്നതിനും നീക്കുന്നതിനും ഗവർണ്ണർക്ക് അധികാരമുണ്ട്. കേന്ദ്രനിയമസഭയുടെ കാര്യത്തിലെന്നപോലെ സാംസ്ഥാനികനിയമസഭകളിലും നഗരനിയോജകമണ്ഡലങ്ങളെക്കാൾ ഗ്രാമനിയോജകമണ്ഡലങ്ങൾക്കാണ് കൂടുതൽ പ്രാതിനിധ്യം കൊടുക്കാറുള്ളത്.

ഫെഡറൽ ഭരണഘടനയും സംസ്ഥാനങ്ങളുടെ ഭരണഘടനകളും തമ്മിൽ പ്രധാനമായി മൂന്നു വ്യത്യാസങ്ങളാണുള്ളത്. 1. സാംസ്ഥാനികഭരണ

ഘടനകഠം പലപ്പോഴും ഭേദഗതി ചെയ്യാറുണ്ടു്. 2. റഫറണ്ടത്തിന്റെ രീതിയിൽ ജനങ്ങഠംക്കു് നിയമരൂപീകരണവിഷയത്തിൽ നേരിട്ടുള്ള നിയന്ത്രണം ലഭിക്കത്തക്ക വിധത്തിലുള്ള ചില വ്യവസ്ഥകഠം കുറെ അധികം സംസ്ഥാനങ്ങളിലെ ഭരണഘടനകഠം ഉഠംക്കൊള്ളുന്നുണ്ടു്. 3. അതുപോലെ പല സംസ്ഥാനങ്ങളിലും ഉയൎന്ന ഉദ്യോഗസ്ഥന്മാരിൽ കുറെ പേർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കും.

## ലോക്കൽ ഗവൎമ്മേണ്ടു്.

സംസ്ഥാനഭരണയന്ത്രത്തിനു കീഴിലായി ലോക്കൽ ഗവൎമ്മേണ്ടുണ്ടു്. നഗരങ്ങളുടേയും ജില്ലകളുടേയും സ്വന്തമായുള്ള ഈ ഭരണകൂടങ്ങളും തിരഞ്ഞെടുപ്പു് അടിസ്ഥാനത്തിന്മേൽ തന്നെയാണു് രൂപീകൃതമാവുന്നതു്. നഗരഗവൎമ്മേണ്ടുകഠം പ്രധാനമായി മൂന്നുതരത്തിലുണ്ടു്. 1. മേയറും കൌൺസിലും ഉള്ള രിതി 2 തിരഞ്ഞെടുക്കപ്പെട്ട കമ്മീഷണർമാരുടെ ബോർഡ്. 3. സിററി മാനേജർ. സാധാരണയായി, തിരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയ സമിതിതന്നെ ആയിരിക്കും മാനേജരെ നിയമിക്കുന്നതു്.

കൌണ്ടികഠം (ജില്ലകഠം) തിരഞ്ഞെടുക്കപ്പെട്ട കൌണ്ടി ബോർഡുകളുടെ ഭരണത്തിൻ കീഴിലാണു്.

ഇവ കൂടാതെ പല സംസ്ഥാനങ്ങളിലും സാനിട്ടറി ബോർഡ്കഠം, പാൎക്കു്, ഡ്റെയിനെജ് മു

തലായത്തിൻെറ സമിതികൾ ഇങ്ങനെ പലതരത്തിലുള്ള അധികാരികൾ ഭരണം നടത്തുന്നു. ചുരുക്കി പറഞ്ഞാൽ ഒരു അമേരിക്കൻ പൌരന് വോട്ടുചെയ്യാൻ മാത്രമെ സമയമുള്ളോ എന്നു തോന്നിപ്പോകും.

## രാഷ്ട്രീയകക്ഷികൾ.

ഇംഗ്ലണ്ടിലും മററും കാണുന്ന രീതിയിലുള്ള കക്ഷിസമ്പ്രദായമല്ല അമേരിക്കയിൽ നിലവിലിരിക്കുന്നതു്. റിപബ്ളിക്കൻസ്, ഡെമോക്രാററ്സ് എന്ന രണ്ടു രാഷ്ട്രീയ കക്ഷികളാണ് പ്രധാനമായിട്ടുള്ളതു്. കമ്യൂണിസ്റ്റ് കക്ഷി ഈയിടെയായി ശക്തിയെ പ്രാപിച്ചുവരുന്നതേ ഉള്ളൂ. റിപ്പബ്ളിക്കന്മാർ ബ്രിട്ടീഷ് യാഥാസ്ഥിതികകക്ഷിപോലെയാണെന്നു പറയുന്നത് ശരിയല്ല. അവരുടേയും ഡെമോക്രാററുകളുടേയും രാഷ്ട്രീയകാര്യപരിപാടികൾതമ്മിൽ പറയത്തക്ക വ്യത്യാസം ഒന്നുമില്ല. വലിയ വ്യാവസായികപ്രമുഖരോടു ചായ്വുള്ള കക്ഷിയാണ് റിപ്പബ്ളിക്കന്മാർ എന്നു പറഞ്ഞാൽ അതിൽ വലിയ തെററില്ല. ഭരണനിയന്ത്രണം കൈവശപ്പെടുത്താനുള്ള ഉപാധികൾ എന്നതിൽകവിഞ്ഞു് ഈ രാഷ്ട്രീയകക്ഷികളെപ്പററി ഒന്നും പറയാനില്ല. ഇതിനു കാരണം പ്രധാനമായും ചരിത്രപരമായിട്ടുള്ളതാണ്. അമേരിക്കയിലെ ആഭ്യന്തരസമരത്തിനു മുമ്പു് അവിടെ വിഭിന്നകാര്യപരിപാടികളോടുകൂടി

യ രാഷ്ട്രീയകക്ഷികളുണ്ടായിരുന്നു. അമേരിക്കൻ റിപ്പബ്ളിക്കിൻെറ ആരംഭം മുതൽ തന്നെ രൂപം പ്രാപിച്ചിരുന്ന ഡെമോക്രാററു കക്ഷിയുടെ കാര്യ പരിപാടിയിൽ രണ്ടു പ്രധാനഇനങ്ങളാണുണ്ടായിരുന്നതു്.

1. തങ്ങൾക്കിഷ്ടമാകാത്ത ഫെഡറൽനിയമങ്ങളെ തിരസ്കരിക്കുന്നതിനു് സംസ്ഥാനങ്ങൾക്കു് അവകാശമുണ്ടായിരിക്കുക.

2. അടിമസമ്പ്രദായം നിലനിറുത്തിക്കൊണ്ടുപോകുക.

ഈ രണ്ടു് അവകാശവാദങ്ങളും ആഭ്യന്തരസമരത്തിൽ അന്ത്യമായി പരാജയപ്പെടുകയാണു് ചെയ്തതു്. അങ്ങിനെ ഡെമോക്രാററുകളുടെ ആരംഭത്തിലേയുള്ള ഉദ്ദേശം നിഹനിക്കപ്പെട്ടു.

പുത്തനായി രൂപീകരിക്കപ്പെട്ട റിപ്പബ്ളിക്കൻപാർട്ടിയിൽ അടിമത്തവിരുദ്ധ മനസ്ഥിതിക്കാരും യൂണിയനിസ്റ്റുകളും ആണു് പ്രധാനമായിഉണ്ടായിരുന്നതു്. അവക്കു് എന്തെങ്കിലും നിശ്ചിതമായ നയപരിപാടികൾ ഉണ്ടായിരുന്നില്ല. എതിരാളികളായ ഡെമോക്രാററുകൾ അധികാരത്തിൽ വരാതെ സൂക്ഷിയ്ക്കണമെന്നുള്ളതായിരുന്നു അവരുടെ പ്രധാനനോട്ടം. എങ്ങനെയെങ്കിലും അധികാരം പിടിച്ചെടുക്കണമെന്നുള്ളതായിരുന്നു ഡെമോക്രാററുകളുടെ ലാക്കു്. ചുരുക്കിപ്പറഞ്ഞാൽ വ്യത്യസ്ഥങ്ങളായ

ലേബലുകളോടുകൂടിയ രണ്ടു് ഒഴിഞ്ഞകുപ്പികൾ എന്നു് ഈ രാഷ്ട്രീയകക്ഷികളെപ്പററി പറയാവുള്ളതു് വളരെ പരമാത്ഥമാണു്. രണ്ടു കക്ഷികളുടേയും ലക്ഷ്യം കേവലം സങ്കുചിതമാക്കപ്പെട്ടതുകൊണ്ടാണെന്നു പറയാം ആശാസ്യമല്ലാത്ത ചില പ്രത്യേകസമ്പ്രദായങ്ങൾ അമേരിക്കൻ രാഷ്ട്രീയജീവിതത്തിൽ കടന്നുകൂടിയിട്ടുള്ളതു്. ഉദാഹരണമായി സ്പോയിൽസ് സിസ്റ്റം (Spoils system) എന്നറിയപ്പെടുന്ന സമ്പ്രദായംതന്നെ എടുക്കാം. ഒരു പ്രസിഡണ്ടാ, സംസ്ഥാന ഗവണ്ണരോ ഉദ്യോഗത്തിൽ പ്രവേശിച്ചാലുടൻ എതൃകക്ഷിയിലുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം നിഷ്ക്കാസനം ചെയ്തു് സ്വന്തം കക്ഷിയിലുള്ള ആളുകളെ പകരം നിയമിക്കുന്ന ഏപ്പാടിനാണു് സ്പോയിൽസ്സിസ്റ്റം എന്നു പറയുന്നതു്.

ഇക്കഴിഞ്ഞ കുറച്ചുകാലംമുൻപുവരെ കാര്യക്ഷമതയുള്ള ഒരു സിവിൽസവ്വീസ് അമേരിക്കയിൽ വളന്നുവരാതിരിക്കാനുള്ള കാരണം ഇതുതന്നെയാണു്. ഉദ്യോഗങ്ങൾ ഒന്നിനൊന്നു് മത്സരപ്പരീക്ഷകൾക്കു വിധേയമാക്കിവരുന്നതുകൊണ്ടു് 1877—നു ശേഷം സ്പോയിൽസ്സിസ്റ്റത്തിൻെറ രൂക്ഷതയ്ക്കു് അല്പം കുറവുവന്നിട്ടുണ്ടു്.

മുൻപു പറഞ്ഞതുപോലെ അമേരിക്കൻ രാഷ്ട്രീയജീവിതം പ്രധാനമായിട്ടു വോട്ടെടുപ്പിനെ ആശ്രയിച്ചു നില്ക്കുന്നതിനാൽ ഓരോ രാഷ്ട്രീയകക്ഷിയും

വോട്ടുപിടിക്കാനും മററുമായി പ്രത്യേകസ്ഥാപന ങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പാവപ്പെട്ട വോട്ടർമാരുടെ ദൈനന്ദിന ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞു് സഹായിക്കുന്നതിന് ഈ സ്ഥാപനങ്ങൾ എപ്പോഴും തയ്യാറാണ്. ററാമനി ഹാൾ (Tammany Hall) എന്നറിയപ്പെടുന്ന സ്ഥാപനം ഇതിനു ഉത്തമോദാഹരണമാണ്. വിപുലമായ സംഘടനയോടുകൂടിയ ഈ സ്ഥാപനത്തിനു സ്വന്തം വക്കീലന്മാരും കാര്യസ്ഥന്മാരും മററും ഉള്ളതു കൂടാതെ കോടതികളിലും മററും അവരിൽനിന്നു വേതനങ്ങൾ വാങ്ങിക്കൊണ്ടു് ആവശ്യമുള്ള ആനുകൂല്യങ്ങൾ ചെയ്യുന്നതിനു തയ്യാറുള്ള ഉദ്യോഗസ്ഥന്മാർ ധാരാളമുള്ളതിനാൽ വലിയവരും ചെറിയവരുമായ വോട്ടർമാരുടെ ആവശ്യങ്ങൾ നിറവേററി കൊടുക്കുന്നതിന് ററാമനി ഹാളിനു സാധിക്കുന്നുണ്ടു്. തിരഞ്ഞെടുപ്പുകൾ വരുമ്പോൾ ഈ സ്ഥാപനത്തിൻെറ നിർദ്ദേശമനുസരിച്ചു് സമ്മതിദായകന്മാർ വോട്ടുചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ലല്ലൊ.

## പാർട്ടി കൺവെൻഷൻ.

നാഷണൽ പാർട്ടി കൺവൻഷ്യനിൽവച്ചാണ് ഓരോ കക്ഷിയും അവരുടെ പ്രസിഡണ്ടു സ്ഥാനാൎത്ഥിയെ തിരഞ്ഞെടുക്കുന്നതും പ്രസിഡണ്ടിൻെറ തിരഞ്ഞെടുപ്പു് എന്നു പ്രത്യേകകാര്യപരിപാടി ആസൂത്രമാക്കിവേണം എന്നു തീരുമാനിക്കുന്നതും. രണ്ടു

രാഷ്ട്രീയകക്ഷികളുടേയും പരിപാടികളിൽ വലിയ വ്യത്യാസം ഇല്ലാത്തതുകൊണ്ട്, തിരഞ്ഞെടുപ്പു പ്രചരണാർത്ഥമുള്ള പ്രത്യേകപ്രശ്നങ്ങൾ രൂപീകരിക്കുക അത്ര വിഷമമുള്ള സംഗതിയല്ല. പൊതുജനങ്ങളുടെ വികാരങ്ങളെ നിഷ്പ്രയാസം ഇളക്കുന്നതിനും എതിർകക്ഷിയെ ചീത്തയാക്കുന്നതിനും പററിയ ഒന്നുരണ്ടു കാര്യങ്ങൾ തിരഞ്ഞെടുത്ത് സ്വീകരിക്കുകയാണ് സാധാരണ ചെയ്യാറുള്ളതു്. നാഷനൽ പാർട്ടി കൺവെൻഷ്യനിലേക്കുള്ള പ്രതിനിധികളേയും ഉദ്യോഗങ്ങൾക്കുള്ള സ്ഥാനാർത്ഥികളേയും ഓരോ രാഷ്ട്രീയകക്ഷിയുടേയും ലോക്കൽ കൺവെൻഷ്യൻ നാമനിർദ്ദേശം ചെയ്യുകയായിരുന്നു മുൻപ് പതിവ്. ഇപ്പോഴാകട്ടെ അവരെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നതു്. അതിലേക്കു എല്ലാ സംസ്ഥാനങ്ങളിലും പ്രാരംഭതിരഞ്ഞെടുപ്പുകൾ നടത്തണമെന്ന നിർബ്ബന്ധമുണ്ടു്.

ഭേദഗതി ചെയ്യുന്നതിനു വളരെ പ്രയാസമുള്ള രീതിയിലാണ് അമേരിക്കൻ ഭരണഘടന രൂപീകൃതമായിട്ടുള്ളതെങ്കിലും കാര്യശേഷിയും വ്യക്തിത്വവുമുള്ള ഒരു പ്രസിഡണ്ട് വിചാരിച്ചാൽ ദൂരവ്യാപകമായ പല കാര്യങ്ങളും സാധിക്കാം എന്ന് ഇക്കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധകാലത്ത് അമേരിക്കയിൽ ഭരണസാരഥ്യം വഹിച്ചിരുന്ന പ്രസിഡണ്ട് റൂസ്‌വെൽററ് ധാരാളം തെളിയിച്ചിട്ടുണ്ടു്.

## iii

## ഫ്റാൻസ്.

സ്ഥിരത ഇല്ലാത്ത ഗവമ്മേണ്ടുകൾക്ക് കേൾവി കേട്ടിട്ടുള്ള ഒരു രാജ്യമാണ് ഫ്റാൻസ്. അവിടെ മന്ത്രിസഭകൾ കൂടക്കൂടെ മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ മന്ത്രിസഭയ്ക്കു തോൽവി പററി ഭരണാധികാരം ഒഴിയേണ്ടിവന്നു എന്നു വിചാരിച്ച്, ബ്രിട്ടനിലെപ്പോലെ നിയമസഭ പിരിച്ചുവിടേണ്ട ആവശ്യം ഫ്റാൻസിൽ ഇല്ല. വേറൊരു മന്ത്രിസഭ രൂപീകരിച്ചുകൊണ്ടാൽ മാത്രം മതിയാവും. സാധാരണയായിട്ട്, പുത്തനായി സൃഷ്ടിക്കപ്പെടുന്ന മന്ത്രിസഭ പഴയതിനോടു മിക്കവാറും സാദൃശ്യമുള്ളതായിരിക്കും. ഇതിൽനിന്ന്, മന്ത്രിസഭകൾ മാറുന്നു എന്ന കാരണംകൊണ്ട് ഗവമ്മേണ്ടിൻെറ നയത്തിൽ കാര്യമായ എന്തെങ്കിലും മാററം അനുസ്യൂതമായി വന്നുകൊണ്ടിരിക്കുന്നില്ല എന്ന് സ്പഷ്ടമാണല്ലോ. ഗവമ്മേണ്ടുകൾ അസ്ഥിരമായിരുന്നിട്ടും ഫ്റാൻസിൽ അനേകകാലംകൊണ്ടു വളന്ന് സ്ഥിരത പ്രാപിച്ചിട്ടുള്ള രാഷ്ട്രീയസ്ഥാപനങ്ങൾ ഉണ്ടു് എന്നുള്ളതാണ് പരമാത്ഥം.

പരിപൂർണ്ണമായ ജനകീയ ഭരണസിദ്ധാന്തമനുസരിച്ചാണ് അവിടത്തെ ഭരണഘടന രൂപീകരിച്ചിട്ടുള്ളതു്. ഗവമ്മേണ്ടിൻെറ ജനകീയസ്വഭാവം ഭേദഗതി ചെയ്യാൻ പാടുള്ളതല്ല എന്നു 1884-ൽ

ഒരു ഭേദഗതി ഭരണഘടനയിൽ വരുത്തിയിട്ടുണ്ടു്. ഫ്റഞ്ച് ജനതയുടെ സാമ്പത്തികവും സാമൂഹ്യവുമായ സാഹചര്യങ്ങൾക്ക് ഏററവും അനുയോജ്യമായ ഭരണരീതി അതുതന്നെയാണ്. ഫ്റാൻസിലെ സാമ്പത്തികവ്യവസ്ഥിതിയുടെ സ്ഥായിയായ രൂപം അവിടെ ഉണ്ടായ രാഷ്ട്രീയവിപ്ലവത്തിൻെറ ഫലമായിട്ടുണ്ടായ സ്ഥിതിഗതികളിലാണ് അധിഷ്ഠിതമായിരിക്കുന്നതു്. വിപ്ലവം മൂലം സ്വതന്ത്രമായ ഒരു കൃഷികജനത ഉണ്ടായി എന്നുമാത്രമല്ല നഗരങ്ങളിൽ അവരുടെ സ്ഥാനം വഹിക്കുന്ന ചെറിയ കൈത്തൊഴിലുകാർ പ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും പുരോഹിതവർഗ്ഗത്തിൻെറയും പിടിയിൽ നിന്നു വിമുക്തമാക്കപ്പെടുകയും ചെയ്തു. ഈ സ്ഥിതി മിക്കവാറും അഭേദ്യമായി ഇന്നു തുടരുകയും ചെയ്യുന്നു. ഫ്റാൻസിലെ വ്യവസായതൊഴിലാളികൾ ചുരുക്കം ചില നഗരങ്ങളിൽ മാത്രമെ സംഘടിതമായിട്ടുള്ളു. ഏറിയ കൂറും അവർ രാജ്യമൊട്ടുക്ക് ചെറിയ ഗ്രൂപ്പുകളായി ചിന്നിച്ചിതറി കിടക്കുകയാണ്.

ഉറപ്പും സ്ഥിരതയുമുള്ള ഒരു കൃഷികജനത ഉള്ളതിനോടൊപ്പം ഫ്റഞ്ചു കുഡുംബജീവിതരീതിയും അസാധാരണമായ ഉറപ്പോടുകൂടി തുടൎന്നുകൊണ്ടുപോകുന്നു എന്നുള്ളതും സർവ്വപ്രധാനമായ ഒരു സംഗതി ആണ്. സമ്മതിദായകത്വം മുതലായ അവ

കാരണങ്ങൾക്ക് വേണ്ടി ഫ്റാൻസിൽ സ്ത്രീസംഘടനകൾ പറയത്തക്കവണ്ണം രൂപീകൃതമായിട്ടില്ലാത്തതിൻെറ പ്രധാനകാരണം രണ്ടാമത് പറഞ്ഞതുതന്നെ ആയിരിക്കണം. പരിഷ്കാരത്തിൻെറ മുന്നണിയിൽ നില്ക്കുന്നതു ഫ്റഞ്ചുകാരാണ് എന്നു അവക്കുതന്നെ ഒരു വിശ്വാസമുണ്ടു്. ഇതും അവരുടെ രാഷ്ട്രീയജീവിതത്തെ സാരമായവിധത്തിൽ ബാധിച്ചിട്ടുണ്ടു്. പരിപൂൎണ്ണമായ സ്ഥിതിസമത്വത്തോടുകൂടിയ ജനകീയഭരണത്തിനാണ് വിപ്ലവം നിലകൊണ്ടതെങ്കിലും രാജവാഴ്ചപോലെയുള്ള മാററങ്ങൾ പിന്നെയും ഫ്റാൻസിൽ ഉണ്ടായിക്കൊണ്ടിരുന്നു. ജനകീയഭരണരീതിക്ക് ഹാനി തട്ടത്തക്കവണ്ണമുള്ള മാററങ്ങൾ ഉണ്ടാകുമോ എന്നുള്ള ഭയം ഫ്റഞ്ചുകാക്ക എപ്പോഴുമുണ്ട്. ഈ ഭീതി അവരുടെ രാഷ്ട്രീയസ്ഥാപനങ്ങളിൽ എപ്പോഴും നിഴലിച്ചുകാണാം. നെപ്പോളിയനെപ്പോലുള്ള ധീരപരാക്രമികളിൽനിന്ന് റിപ്പബ്ളിക്കിനെ സംരക്ഷിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി അവർ ശക്തമായ ഒരു എക്സിക്യൂട്ടീവിനെ പരിപാലിച്ചുപോരുന്നുണ്ടു്. ഏതെങ്കിലും ഒരു പ്രത്യേകവ്യക്തി തൻെറ സഹപ്രവൎത്തകന്മാരിൽനിന്നു ഉയൎന്നുനിന്ന് ഏകശാസനരീതിയിൽ അധികാരം പ്രയോഗിക്കുവാൻ തുടങ്ങിയാൽ അവർ അതു സംശയദൃഷ്ടിയോടുകൂടി മാത്രമേ വീക്ഷിക്കുകയുള്ളു. ചില അസാധാരണപരിതസ്ഥി

തികളിൽ ക്ലമൻകോയൊപ്പോലുള്ള ആളുകളുടെ വ്യക്തിമാഹാത്മ്യം താൽക്കാലികമായി വകവെച്ചു കൊടുക്കും. എങ്കിലും സാധാരണ പരിതസ്ഥിതികൾ വന്നുകഴിഞ്ഞാൽ ഉടൻ അവർ അങ്ങിനെയുള്ള പ്രമാണികളെ നിഷ്കാസനം ചെയ്യുന്നു.

റിപ്പബ്ളിക്കിന്ന ആഭ്യന്തരമായുണ്ടായേക്കാവുന്ന വിപത്തുകളെപ്പററിയുള്ള ഭീതിപോലെതന്നെ അയൽരാജ്യമായ ജർമ്മനിയെപ്പററിയുള്ള ഭയവും ഫ്റഞ്ച് രാഷ്ട്രീയജീവിതത്തെ സാരമായി സ്പർശിക്കുന്നുണ്ടെന്നുള്ളത് നിർവ്വിവാദമാണ്.

## ജനകീയ ഭരണഘടന

1875-ൽ എഴുതിഉണ്ടാക്കിയതും, 1879, 1884, 1926 എന്നീ വർഷങ്ങളിൽ ഭേദഗതി വരുത്തിയതുമായ ഭരണഘടനയാണ് ഫ്രാൻസിൽ നിലവിലിരിക്കുന്നത്. 1940-ൽ ഹിററ്ലർ ഫ്രാൻസിനെ പെട്ടന്നവെ ആക്രമിക്കുകഉണ്ടായല്ലൊ. അതിൻെറഫലമായി ഏകശാസനരീതിയിലുള്ള ഒരു ഭരണഘടന രൂപീകരിക്കുകയുണ്ടായി. മാർഷൽപെറെറയിൽ ആയിരുന്നു ഭരണമേധാവി. എന്നാൽ ജർമ്മൻവിപത്ത് നീങ്ങിയതിനോടുകൂടി ഫ്രഞ്ച് ജനത ഈ ഭരണഘടന ഉപേക്ഷിച്ചു. ജനറൽ ഡിഗാളിൻെറയും മററും നേതൃത്വത്തിൽ 1944-ൽ സ്ഥാപിതമായ താൽക്കാലികഗവൺമെൻറ ജർമ്മൻ ആക്രമണത്തിന്ന് മുമ്പ് നിലവിലിരുന്ന ജനകീയഭരണഘടനതന്നെ സ്വീക

രിച്ചു. ഭരണഘടന ഭേദഗതിചെയ്യുന്നതിനു് നിയമസമിതിയുടെ ഉഭയമണ്ഡലങ്ങളും ചേൎന്നാൽ മതി. അതിലേക്കു് പ്രത്യേകം നടപടികൾ ഉണ്ടെന്നു് മാത്രമെ ഉള്ളു.

## പ്രസിഡണ്ടു്

ബ്രിട്ടനിലുള്ളതുപോലെ ഫ്രാൻസിലും നാമമാത്രമായിട്ടു് ഒരു വ്യക്തി ഭരണകൂടത്തിന്റെ നായകനായിരിക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. എന്നാൽ ഫ്രഞ്ചു് പ്രസിഡണ്ടിനു് ബ്രിട്ടീഷ്‌രാജാവിനേക്കാൾ സിദ്ധാന്തപരമായി കൂടുതൽ അധികാരങ്ങൾ ഉണ്ടു് എന്നു മാത്രമല്ല പൊതുക്കാൎയ്യങ്ങളിൽ പ്രസിഡണ്ടു് കൂടുതൽ ഇടപെടാറുമുണ്ടു്. പക്ഷെ, ഒരു നിശ്ചിതകാലത്തേക്കു് മാത്രം തിരഞ്ഞെടുക്കപ്പെടുന്ന ഫ്‌റഞ്ചു് പ്രസിഡണ്ടിനു് പിൻതുടൎച്ചാവകാശമുള്ള ബ്രിട്ടീഷു് രാജാവിനുള്ളതുപോലെ വ്യക്തിപരമായ സ്വാധീനശക്തി ഉണ്ടാവാൻ തരമില്ലല്ലൊ. മാത്രമല്ലാ ഫ്‌റഞ്ചു് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതു് ജനങ്ങൾ നേരിട്ടല്ലതാനും. ഫ്‌റഞ്ചു് പ്രസിസണ്ടിനെ തിരഞ്ഞെടുക്കുന്നതു് പാർലിയമെൻററിന്റെ ഉഭയമണ്ഡലങ്ങളും ചേൎന്നുള്ള നാഷനൽ അസംബ്ലിയാണു്. ഏഴുകൊല്ലമാണു് സാധാരണഗതിക്കു് ഒരു പ്രസിഡണ്ടിന്റെ ഉദ്യോഗകാലാവധി എത്രപ്രാവശ്യം വേണമെങ്കിലും ഒരു പ്രസിഡണ്ടിനെതന്നെ തിരഞ്ഞെടുക്കുന്നതിനു് ഭരണഘടനയിൽ വ്യവസ്ഥയുണ്ടു്. ഗ്രേ

വി (Grevy) ഒഴിച്ച ഒരു പ്രസിഡണ്ടും ഒരു പ്രാവശ്യ ത്തിൽ കൂടുതൽ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. അദ്ദേ ഹം തന്നെ രണ്ടാമത് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ രണ്ടുകൊല്ലത്തിന്നു ശേഷം രാജിവയ്ക്കുകയാണ് ചെ യ്തതു്. പ്രസിഡണ്ടിന്നു നാമമാത്രമായിട്ട് സാമാ ന്യം നല്ല അധികാരങ്ങൾ ഉണ്ടു്. അദ്ദേഹത്തിന്നു ആരോടും ഉത്തരവാദിത്വം ഇല്ല. രാജ്യദ്രോഹത്തി ന്നു മാത്രം നിയമസഭയുടെ അധോമണ്ഡലത്തിന്— പ്രസിഡണ്ടിനെ ചോദ്യം ചെയ്യാം. അങ്ങിനെയു ള്ള അവസരങ്ങളിൽ നിയമസഭയുടെ ഉപരിമണ്ഡ ലമാണ് ഹൈക്കോർട്ട് എന്ന നിലയിൽ കേസ്സ് കേൾക്കുന്നതു്. മന്ത്രിമാരെ നിയമിക്കുന്നത് പ്രസി ഡണ്ടാണെന്നാണ് വെയ്പു്. യഥാർത്ഥത്തിൽ അദ്ദേ ഹം പ്രധാനമന്ത്രിയെ മാത്രമെ നിയമിക്കുന്നുള്ളു. അതുതന്നെ ജനപ്രതിനിധികളുടെ അംഗീകരണ ത്തിന്ന് വിധേയമായിട്ടാണ്. മന്ത്രിമാരെ നിയ മിക്കുന്ന കാര്യത്തിൽ പ്രസിഡണ്ടിന്നു ധാരാളം സ്വാധീനം ചെലുത്താം എന്നേ ഉള്ളു. സ്വാഭിപ്രാ യമനുസരിച്ച് പ്രവത്തിക്കാൻ പ്രസിഡണ്ടു് ശ്രമി ച്ചാൽ കാര്യം കുഴപ്പത്തിലാവും. ശക്തന്മാരായ ചില പ്രസിഡണ്ടുമാർ അതിന്ന് ശ്രമിക്കാറുണ്ടു്. പ ക്ഷെ അതിശക്തനെന്ന് പേരെടുത്ത മില്ലിറാണ്ട് (Millerand) ശ്രമിച്ചെങ്കിലും ഫലപ്രാപ്തി ഇല്ലാതെ ഉദ്യോഗം രാജിക്കൊടുക്കേണ്ടതായിട്ടാണ് വന്നതു്,

അതുപോലെതന്നെ നിയമസഭയുടെ ഉപരിമണ്ഡലത്തിന്റെ അനുമതിയോടുകൂടി അധോമണ്ഡലത്തെ പിരിച്ചുവിടാൻ പ്രസിഡണ്ടിനു നാമമാത്രമായി അധികാരമുണ്ടു്. മാഷൽ മക്മഹോൻ (Marshal Mac Mahon) എന്ന ഒരു പ്രസിഡണ്ട് ഇതു ഒന്നു പരീക്ഷിച്ചുനോക്കി എങ്കിലും പിന്നീടു് ഒരു പ്രസിഡണ്ടും അങ്ങിനെ ചെയ്യാൻ ധൈര്യപ്പെടാത്ത രീതിയിൽ ഉള്ള ഒരനുഭവമാണ് അദ്ദേഹത്തിനുണ്ടായതു്. നിയമസഭയുടെ ഉഭയമണ്ഡലങ്ങളേയും വിളിച്ചുകൂട്ടുന്നതിനും സമ്മേളനങ്ങൾ താല്കാലികമായി മാററിവയ്ക്കുന്നതിനും, നിയമസഭയിലേക്കു "സന്ദേശങ്ങൾ" അയക്കുന്നതിനും നിയമസഭയുടെ തിരുമാനങ്ങൾ പുനരാലോചനയ്ക്കുവേണ്ടി തിരിച്ചു അയക്കുന്നതിനും പ്രസിഡണ്ടിനു അധികാരമുണ്ടു്. ബില്ലുകൾ വീറേറാ ചെയ്യുക എന്ന നിഷേധാധികാരം അദ്ദേഹത്തിനുണ്ടു്. പക്ഷെ ഈ അധികാരം പ്രയോഗിക്കാറില്ല. ഏതെങ്കിലും ഒരു മന്ത്രിയുടെ സഹായത്തോടുകൂടി സൌഹാർദ്ദ ഉടമ്പടികളിൽ (treaties of alliance) ഏർപ്പെടുക എന്നതാണ് പ്രസിഡണ്ടിനു പിന്നീടുള്ള മുഖ്യ അധികാരം. സമാധാന ഉടമ്പടികളൊ വാണിജ്യ ഉടമ്പടികളൊ ഉണ്ടാക്കണമെങ്കിൽ നിയമസഭയുടെ അനുമതി കൂടിയേ തീരു.

ചുരുക്കിപ്പറഞ്ഞാൽ ഫ്റഞ്ചു പ്രസിഡണ്ടുദ്യോ

ഗം പ്രധാനമായും അലങ്കാരത്തിനു വേണ്ടി മാത്രം ഉള്ള ഒന്നാണ്. ആ ഉദ്ദേശസാദ്ധ്യതക്ക് പററിയ രീതിയിൽ പ്രസിഡണ്ടിന് നല്ല ശമ്പളവുമുണ്ട്. സ്വന്തം ആവശ്യങ്ങൾ ഭംഗിയായി നടത്തുന്നതിന്നു വിദേശങ്ങളിൽനിന്നു വരുന്ന രാഷ്ട്രീയനേതാക്കന്മാരെ സല്ക്കരിക്കുന്നതിന്നും ഈ ശമ്പളം ധാരാളം മതിയാകുന്നുണ്ട്.

## നാഷണൽ അസംബ്ളി.

മുൻപ് പറഞ്ഞതുപോലെ നിയമസമിതിക്ക് രണ്ടു മണ്ഡലങ്ങൾ ഉണ്ട്. 1. സെനററ് 2. ചേമ്പർ ഓഫ് ഡെപ്യൂട്ടീസ്. രണ്ടാമതു പറഞ്ഞതാണ് അധോമണ്ഡലം. ഇതിൽ 612 അംഗങ്ങളാണുള്ളതു്. പ്രായപൂർത്തി വന്നിട്ടുള്ള പുരുഷന്മാർക്കാണ് വോട്ടവകാശമുള്ളതു്. ചേമ്പർ നാലുകൊല്ലത്തേക്കാണ് തിരഞ്ഞെടുക്കപ്പെടുന്നതു്. തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്ക് സുനിശ്ചിതമായ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ രണ്ടാമതും തിരഞ്ഞെടുപ്പ് നടത്താൻ വ്യവസ്ഥയുണ്ട്. ഇതിൽ വേണമെങ്കിൽ പുതിയ സ്ഥാനാർത്ഥികൾക്ക് മത്സരിക്കാം.

സെനററ് (ഉപരിമണ്ഡലം). പാകത വന്നിട്ടുള്ള രാജ്യഭരണധുരന്ധരന്മാരുടെ ഒരു സഭയായിരിക്കണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഒരു സെനററർ ആകുന്നതിന് പ്രഥമമായി വച്ചിരിക്കുന്ന യോഗ്യത നാല്പതു വയസ്സ് പൂർത്തിയായിരിക്കണം എ

ന്നാണു്. ഒൻപതു കൊല്ലക്കാലത്തെക്കാണ് സെന റററർമാർ തിരഞ്ഞെടുക്കപ്പെടുന്നതു്. മൂന്നുകൊല്ലത്തി ലൊരിക്കൽ 1/3 അംഗങ്ങഠം വിട്ടൊഴിയുന്നു. ജന ങ്ങഠം നേരിട്ടല്ല സെനററർമാരെ തിരഞ്ഞെടുക്കുന്ന തു്. സെനററർമാരെ തിരഞ്ഞെടുക്കുന്നത് ഒരു ഇ ലക്ററററൽ കോളേജാണ്. സെനററിൻെറ ഒരു നി യോജകമണ്ഡലത്തിൽതന്നെ ചേമ്പറിൻെറ പല നിയോജകമണ്ഡലങ്ങഠം ഉണ്ടായിരിക്കുമല്ലൊ.

മേൽപറഞ്ഞ ഇലക്ററററൽ കോളേജിൽ നി ർദ്ദിഷ്ടപ്രദേശത്തുനിന്നുള്ള ഡെപ്യൂട്ടികളും പ്രാദേശി ക കൌൺസിൽ അംഗങ്ങളും മുനിസിപ്പൽ കൌ ൺസിലിലെ ഡെലിഗെററുകളുമാണുള്ളതു്. ആദ്യ ത്തേയൊ രണ്ടാമത്തേയോ തിരഞ്ഞെടുപ്പിൽ നിശ്ചി തമായ ഭൂരിപക്ഷം ലഭിച്ചെങ്കിൽ മാത്രമെ ഒരാഠം തി രഞ്ഞെടുക്കപ്പെടുകയുള്ളൂ. സെനററിൽ ഗ്രാമപ്രദേ ശങ്ങഠംക്കാണ് കൂടുതൽ പ്രാതിനിദ്ധ്യം കൊടുത്തിരി ക്കുന്നതു്. യാഥാസ്ഥിതികമനസ്ഥിതി ഉള്ളവർ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടത്തക്കവണ്ണമാണു സെനററ് രൂപീകരിച്ചിട്ടുള്ളതു്. 1919 വരെ ഒരൊ ററ സോഷ്യലിസ്റ്റിനെയെങ്കിലും സെനററിലേക്ക് തിരെഞ്ഞെടുക്കുക ഉണ്ടായിട്ടില്ല. ഇങ്ങനെയൊക്കെ യാണെങ്കിലും സെനററിന് രാജവാഴ്ചസമ്പ്രദായ ത്തോടു അനുഭാവമുണ്ടെന്നു തെററിദ്ധരിക്കരുതു്. രാഷ്ട്രീയകാര്യത്തിൽ പലപ്പോഴും സെനററിനു ചേ

മ്പറിനെക്കാരം ഉൽപതിഷ്ണുത്വം കണ്ടിട്ടുണ്ട്. ഫ്റാൻസിൽ യാഥാസ്ഥിതികമനസ്ഥിതി എന്നു പറഞ്ഞാൽ 1875-ലെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥാപനങ്ങരം നിലനിത്തുന്ന നയം എന്നു മാത്രമെ അത്ഥമാക്കേണ്ടതുള്ളു.

സെനററിനും ചേമ്പറിനും ഏകദേശം തുല്യമായ അധികാരങ്ങളാണുള്ളതു്. ധനകാൎയ്യബില്ലുകരം (Finance Bills) ചേമ്പറിൽ ആണ് ആദ്യം അവതരിപ്പിക്കേണ്ടതു്. പക്ഷെ ഇങ്ങനെയുള്ള ബില്ലുകരം തള്ളിക്കളയുന്നതിനൊ ഭേദഗതി ചെയ്യുന്നതിനൊ സെനററിനു് അധികാരമുണ്ട്.

സെനററിനു വിശേഷവിധിയായി ചില ജുഡിഷ്യൽ അധികാരങ്ങളുമുണ്ടു്. രാജ്യദ്രോഹകുററങ്ങരം വിചാരണ ചെയ്യുന്നതിനു ഒരു ഹൈക്കോടതി എന്ന നിലയിൽ അതു പ്രവത്തനം നടത്തുന്നുണ്ടു്. സെനററിൻെറയൊ ചേമ്പറിൻെറയൊ തീരുമാനങ്ങരം ഭരണഘടനയ്ക്കു വിരുദ്ധമെന്ന് തീരുമാനിക്കാൻ അധികാരമുള്ള ഒരു കോടതി അമേരിക്കയിൽ ഉള്ളതുപോലെ, ഫ്റാൻസിൽ ഇല്ല. ഏതു നിയമം പാസ്സാക്കുന്നതിനും ഭരണഘടനതന്നെ ഭേദഗതി ചെയ്യുന്നതിനും നിയമസഭയ്ക്കു് അധികാരമുണ്ടു്. ഇക്കാൎയ്യത്തിൽ ഫ്റാൻസും ഗ്രേററ് ബ്രിട്ടനും ഒരുപോലെയാണു്.

എല്ലാനിയമങ്ങളും രണ്ടു മണ്ഡലങ്ങളും പാസ്സാക്കിയിരിക്കണം എന്നു് നിബ്ബന്ധമുണ്ടു്. സാധാരണ നിയമരൂപീകരണം സംബന്ധിച്ചു് ഉണ്ടാകാനിടയുള്ള സ്തംഭനങ്ങൾക്കു് യാതൊരു പോംവഴിയും ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടില്ല. സ്തംഭനം ഉണ്ടായിട്ടുള്ളപ്പോഴൊക്കെ ഏതെങ്കിലും ഒരു മണ്ഡലം വിട്ടുവീഴ്ചചെയ്തു് പരിഹാരം ഉണ്ടാക്കുകയാണ് ചെയ്തിട്ടുള്ളതു്. ബില്ലുകൾ തള്ളിക്കളയുക എന്നതിനേക്കാൾ അവയുടെ പാസ്സാക്കൽ കഴിയുന്നത്ര താമസിപ്പിക്കുക എന്നതാണ് സെനററിൻെറ സാധാരണനയം.

ഫ്റഞ്ച്ഭരണഘടനയ്ക്കു് ഒരു പ്രത്യേകതയുണ്ടു്. ഫ്റാൻസിൻെറ അധീനത്തിലുള്ള ചില കോളനികൾക്ക്സെനററിലും ചേമ്പറിലും പ്രാതിനിദ്ധ്യം അനുവദിച്ചിട്ടുണ്ടെന്നുള്ളതാണ് ഈ പ്രത്യേകത. ഇതു് ഫ്റഞ്ചുകാരുടെ പുരോഗമനോന്മുഖമായ മനസ്ഥിതിയെ കാണിക്കുന്നു എന്നു്പറയാറുണ്ടു്. വർഗ്ഗമൊ വർണ്ണമോ ജന്മദേശമോ അല്ല ദേശീയതക്ക് അടിസ്ഥാനമായിരിക്കേണ്ടതെന്നും പ്രത്യുത, ഒരേരീതിയിലുള്ള രാഷ്ട്രീയസ്ഥാപനങ്ങൾ സ്വീകരിക്കുന്നതിനുള്ള സന്നദ്ധതയും അവ നടത്തുന്നതിനുള്ള പരിശീലനവുമാണ് എന്നാണ്ഇതിൻെറതാല്പര്യം. പക്ഷെ ഫ്രഞ്ച് കോളനികളിൽ ഒന്നിലെങ്കിലും ബ്രിട്ടീഷ് ഉപരാജ്യങ്ങളിൽ അനുവദിച്ചിട്ടുള്ളടത്തോളം സ്വയഭരണം കൊടുത്തിട്ടില്ല എന്നു പ്രത്യേകം ഓർക്കേണ്ടതാണ്.

## മന്ത്രിസഭ

ഇംഗ്ലണ്ടിലെപ്പോലെ ഫ്രാൻസിലും പ്രധാനമന്ത്രിയാണ് മന്ത്രിമാരെ തിരഞ്ഞെടുക്കുന്നതു്. ഉഭയമണ്ഡലങ്ങളിലേയും സാമാജികന്മാരിൽനിന്നാണ് തിരഞ്ഞെടുപ്പു്നടക്കുന്നതു്. ഈ മന്ത്രിമാരാണ് പ്രധാനഡിപ്പാർട്ടുമെൻറു മേധാവികൾ. ഉദ്യോഗത്തിലിരിക്കുമ്പോൾ അവക്ക് നിയമസഭയിൽ വോട്ടുചെയ്യാൻ അവകാശമില്ല. ഫ്രഞ്ചുമന്ത്രിസഭകൾ ബ്രിട്ടീഷ് മന്ത്രിസഭകളെക്കാൾ അശക്തവും അസ്ഥിരവുമാണ്. നിലവിലിരിക്കുന്ന നിയമസഭ പിരിച്ചുവിട്ടുകളയും എന്നഭീഷണി പ്രയോഗിക്കാൻ ഫ്റഞ്ചുമന്ത്രിസഭയ്ക്കു് അധികാരമില്ലെന്നുള്ളതാണ് ഇതിൻെറ കാരണം. ഒരിക്കൽ ചേമ്പറിലെക്കു് തിരഞ്ഞെടുക്കപ്പെട്ടാൽ ഡെപ്യൂട്ടികൾക്കു് നാലുകൊല്ലത്തേക്കു് മാററമില്ല. അതുകൊണ്ടു് അവരുടെ സ്വന്തം താല്പര്യങ്ങൾക്കു് യാതൊരുഹാനിയും തട്ടാതെ മന്ത്രിസഭകളെ നശിപ്പിക്കുന്നതിനു് അവക്കു് സാധിക്കുന്നുണ്ടു്. അതുപോലെ, ഏതുഡെപ്യൂട്ടിക്കും വേണമെങ്കിൽ ഏതുമന്ത്രിയുടെ എങ്കിലും നയപരിപാടികളെപ്പററി ചോദ്യംചെയ്യാൻ എപ്പോഴും അവകാശമുണ്ടു്. ഇക്കാരണത്താൽ മന്ത്രിസഭയിലെ അംഗങ്ങൾ എപ്പോഴും ഡെപ്യൂട്ടികളെ പ്രീണിപ്പിച്ചുകൊണ്ടിരിക്കും. താരതമ്യേന അപ്രധാനമായ കാര്യങ്ങളിലുള്ള പരാജയം സഹിക്കുന്നതിനു് തയ്യാറാണെങ്കിൽ മാത്രമെ രാജി

വച്ചൊഴിയാതെ ഭരണം നടത്താൻ മന്ത്രിസഭകൾക്ക് സാദ്ധ്യമാകയുള്ളു.

## ഫ്റാൻസിലെ രാഷ്ട്രീയകക്ഷികൾ

സുസംഘടിതമായ രാഷ്ട്രീയകക്ഷികളുടെ അഭാവമാണ് മന്ത്രിസഭകളുടെ അസ്ഥിരതയ്ക്കുള്ള ഒരു പ്രധാന കാരണം. ഫ്റാൻസിൽ ഇരുപതിൽ കുറയാതെ പാർട്ടികളുണ്ടു്. ഇവ യഥാർത്ഥത്തിൽ വെറും ഗ്രൂപ്പുകൾ മാത്രമാണ്. അവയ്ക്കുള്ളിൽതന്നെ എപ്പോഴും അഭിപ്രായവ്യത്യാസങ്ങളും കലഹങ്ങളും ഉണ്ടായിരിക്കും. ജാതി, മതം, സാമ്പത്തികമനോഭാവം എന്നിവയെ അടിസ്ഥാനപ്പെടുത്തി വിവിധ അഭിപ്രായങ്ങൾഉണ്ടല്ലോ. അതിനൊക്കെപററിയ ഗ്രൂപ്പുകൾ അവിടെ ഉണ്ടു്. ഈ രാഷ്ട്രീയകക്ഷികളെ പൊതുവിൽ, ഇടതുപക്ഷം, വലതുപക്ഷം, മദ്ധ്യവർത്തികൾ എന്നു് മൂന്നായി ഭാഗിക്കാം. മദ്ധ്യവർത്തികൾ മിക്കവാറും യാഥാസ്ഥിതിക മനോഭാവമുള്ളവരാണ്. വലതുപക്ഷക്കാക്ക് ഒരു ഗവമെ്മണ്ടു് രൂപീകരിക്കാനുള്ള സംഖ്യാബലം ഇല്ല. വലതുപക്ഷത്തിൽ ഏററവും വലത്തുഭാഗത്തായിട്ടു് നില്ക്കുന്നതു് ജനകീയഭരണവിരുദ്ധസംഘക്കാരും (anti-republican) രാജപക്ഷക്കാരും (Monarchists) ആണ്. ഇടതുപക്ഷത്തിൽ ഏററവും ഇടത്തു്ഭാഗത്തുനില്ക്കുന്നതു് കമ്യൂണിസ്റ്റുകാരുടെ രണ്ടുവിഭാഗങ്ങളാണ്. അവരെ കൂടാതെ കുറേപ്പേർ വലത്തോട്ടു് ചാഞ്ഞു് റിപ്പബ്ളിക്കന്മാരിൽതന്നെ

പല ഗ്രൂപ്പുകളും ഉണ്ടു്. റിപബ്ലിക്കന്മാരിൽത്തന്നെ ഇടതുപക്ഷത്തും, വലതുപക്ഷത്തും മദ്ധ്യവർത്തികളായിട്ടും ഉണ്ടു്. ഇടതുപക്ഷക്കാരിൽ ഏററവും മികച്ചുനില്ക്കുന്നർ റാഡിക്കൽ സോഷ്യലിസ്റ്റുകളും സോഷ്യലിസ്റ്റുകളുമാണു്. ഇവ രണ്ടുമാണു് ഈ അടുത്ത കാലംവരെ ഫ്രാൻസിലെ ഏററവുംവലിയ രാഷ്ട്രീയകക്ഷികൾ. റാഡിക്കൽ സോഷ്യലിസ്റ്റുകാർ അവരുടെ പേരു്സൂചിപ്പിക്കുന്നതുപോലെ യഥാർത്ഥത്തിൽസോഷ്യലിസ്റ്റ് മനസ്ഥിതി പറയത്തവണ്ണം ഉള്ളവരല്ല. ഇടതുപക്ഷക്കാരിൽ ഇവക്കാണു് ഒരു ഗവമ്മെണ്ടു് രൂപീകരിക്കാൻ അവശ്യംവേണ്ട കെല്പുള്ളതു്. ഇക്കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധത്തിനു് മുൻപുള്ള നിലയാണിതു്. പിന്നീടുണ്ടായ മാററങ്ങളുടെ ഫലമായി ഫ്രാൻസിൽ കമ്മ്യൂണിസ്റ്റ്കക്ഷിക്കും, കത്തോലിക്ക് കക്ഷിക്കും (M. R. P.) കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുണ്ടു്. പല ഗ്രൂപ്പുകളുടെ സഹായംകൊണ്ടാണു് ഒരു കക്ഷി ഭരണാധികാരം കൈയേൽക്കത്തക്ക നിലയിൽ എത്തുന്നതു് ഇതിൽനിന്നു്, മന്ത്രിസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ഒരു സാധാരണ വോട്ടർക്കു് പറയത്തക്ക സ്വാധീനമൊന്നുമില്ല എന്നു് അനുമാനിക്കാം. റാഡിക്കൽ സോഷ്യലിസ്റ്റ് കക്ഷിക്കു് വോട്ടുകൊടുത്തു എന്നു് വിചാരിച്ചു് ആ കക്ഷിയിൽ ഉൾപ്പെട്ടവരെ മാത്രമെ മന്ത്രിസഭയിൽ നിയമിക്കാവു എന്നു് പ്രതീക്ഷിക്കാനോ ശഠിക്കാ

നോ ഒരു വോട്ടുക്ക് നിവൃത്തിയില്ല എന്നു ചുരുക്കം. പല വിഭാഗങ്ങളിൽ പെട്ടവർ മന്ത്രിസഭയിൽ ഉള്ളതുകൊണ്ടു് ഏതെങ്കിലും കാര്യത്തിൽ ഒരു ഉറച്ച നില എടുക്കുക എന്നതു് മന്ത്രിസഭയ്ക്കു മിക്കവാറും വലിയ പ്രയാസമാണ്. മന്ത്രിസഭകൾ വേഗം അലസിപ്പോകുന്നതും മററൊന്നുകൊണ്ടുമല്ല.

## ദൈനംദിന ഭരണരീതി

നെപ്പോളിയൻ സൃഷ്ടിച്ച കാര്യനിർവ്വഹണസമ്പ്രദായം തന്നെയാണ് ഇപ്പോഴും ഏറക്കുറെ നിലവിലിരിക്കുന്നതു്. കാര്യനിർവ്വഹണയന്ത്രം കേന്ദ്രികൃതവും ശക്തവുമാണ്. ലോക്കൽഗവമ്മെണ്ടും അതുപോലെതന്നെ ജനങ്ങളുടെ കണ്ണിൽ മണ്ണിടാൻ മാത്രം നെപ്പോളിയൻ തിരഞ്ഞെടുപ്പിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചില സമിതികൾക്ക് വ്യവസ്ഥ ചെയ്തിരുന്നു എന്നല്ലാതെ ഫ്റഞ്ചു് ലോക്കൽഗവമ്മെണ്ടിൻെറ കാര്യത്തിൽ ബ്രിട്ടനിലുള്ളിടത്തോളം തന്നെയുള്ള ജനായത്തഭരണം ഇല്ലഎന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

ഭരണനിർവ്വഹണത്തിനായി ഫ്റാൻസിനെ പല ഡിസ്ട്രിക്ററുകളായി ഭാഗിച്ചിട്ടുണ്ടു്. ഡിപ്പാർട്ടുമെൻററുകൾ എന്നാണ് ഇവയുടെ പേരു് ഓരോ ഡിപ്പാർട്ടുമെൻററും ഒരു പ്രീഫെററി (Prefet) ൻെറ കീഴിലാണ്. ഡിപ്പാർട്ടുമെററുകളെ പല അറോണ്ടിസ്മെൻറു (arrondessements) കളായി ഭാ

ഗിച്ചിട്ടുണ്ട്. അറോണ്ടിസ്മെൻററ് (Sour Prefet) ൻെറ കീഴിലാണ് പ്രീഫെററിനെയും (Sour) ഫറീഫെററിനേയും പാരീസിൽനിന്നാണ് നിയമിക്കുന്നതെങ്കിലും രണ്ടാമത്തു് പറഞ്ഞ ഉദ്യോഗസ്ഥൻ ഫറീഫെററിൻെറ ഉത്തരവുകൾക്ക് വിധേയനാണ്. അറോണ്ടിസ്മെൻററുകൾക്ക് താഴെയായി കമ്യൂണ (commune) കൾ ഉണ്ട്. ഇവ മേയറ (Maire) ന്മാരുടെ കീഴിലാണ്. കമ്യൂണിലെ കൌൺസിലാണ് മേയറെ തെരഞ്ഞെടുക്കുന്നതു്. മേയറെ സസ്പെണ്ടുചെയ്യാൻ ആഭ്യന്തരമന്ത്രിസഭയ്ക്കു ഡിസ്മിസ് ചെയ്യാൻ ഫ്റഞ്ച്പ്രസിഡണ്ടിനും അധികാരമുണ്ട്. പ്രീഫെററിനു് യഥാർത്ഥത്തിൽ ഏകനായകത്വരീതിയിലുള്ളതുപോലെയുള്ള അധികാരങ്ങളാണുള്ളതു്. അയാളുടെ ഭരണത്തിൻെറ കാൎയ്യം കുറയ്ക്കുന്നതിനു് തിരഞ്ഞെടുക്കപ്പെട്ട കൌൺസിലുകളുണ്ടെങ്കിലും ഉപദേശങ്ങൾ നല്കുന്നതിനുള്ള അധികാരം മാത്രം അവകൾക്ക് പരമാർത്ഥത്തിൽ ഉള്ളു.

ഔദ്യോഗിക നിലയിൽ ചെയ്യുന്ന കുററങ്ങൾക്ക് ഗവൺമെണ്ടുദ്യോഗസ്ഥന്മാരെ സാധാരണ കോടതികളിൽ വിസ്തരിച്ചുകൂടാ എന്നു് വച്ചിട്ടുണ്ട്. അക്കാൎയ്യത്തിനു് പ്രത്യേകകോടതികൾ രൂപീകരിക്കുകയാണ് ചെയ്യുന്നതു്.

പ്രാദേശിക ജിവിതം എക്സിക്യൂട്ടിവു് വകുപ്പിൻെറ നിഷ്ട്യമായ നിയന്ത്രണത്തിൻകീഴിലാണ്. മ

സ്ത്രീസഭകൾ കൂടക്കൂടെ മാറുന്നതുകൊണ്ട് പ്രീഫെററിന്റെ മേലുള്ള നിയന്ത്രണം പറയത്തക്കവണ്ണം ഫലപ്രദമല്ല. പക്ഷെ നിയമസഭാംഗങ്ങളെ ഉദ്യോഗസ്ഥന്മാർ മിക്കവാറും സേവപിടിച്ചുകൊണ്ട് ഇരിക്കുക പതിവാണ്. നിയമസഭാമെമ്പർ അനുകൂലമായിട്ടിരിക്കുകയാണെങ്കിൽ തന്നിഷ്ടംപോലെ കാര്യങ്ങൾ നടത്താമല്ലൊ എന്നതാണ് ഇതിന്റെ ഉദ്ദേശം. പ്രാദേശികജീവിതം വിവിധതരത്തിലുള്ള അധികാരികളുടെ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ഒരു മെയിൻറോഡിന്റെ അരികിലുള്ള ഒരു വയലിനു ചുററും വേലികെട്ടുന്നതിനു പത്തൊൻപത് അധികാരസ്ഥാനങ്ങളിൽനിന്നു അനുവാദം വാങ്ങണമെന്നും ഇതിലേക്ക് പ്രത്യേകം പ്രത്യേകം അപേക്ഷകൾ പാരീസ്സിലേക്ക് അയച്ചുകൊടുക്കണം എന്നും പറയുമ്പോൾ ഈ രീതി പൊതുജനങ്ങൾക്ക് എത്രമാത്രം വിഷമകരമാണെന്നു ഊഹിക്കാമല്ലൊ.

രാജ്യഭരണസംബന്ധമായി ഫ്റഞ്ചുകാർക്ക് ലഭിച്ചിട്ടുള്ള പ്രത്യേകപരിശീലനം ഭാവിയിൽ ഉണ്ടാകാനിടയുള്ള മാററങ്ങൾക്ക് അവരെ കൂടുതൽ പ്രാപ്തന്മാരാക്കുമെന്ന് പ്രതീക്ഷിക്കാം.

# IV

## സോവിയററു് റഷ്യ

റഷ്യയിലെ ഭരണസമ്പ്രദായം ശരിയ്ക്കു് മനസ്സിലാകണമെങ്കിൽ അവിടത്തെ പ്രത്യേകപരിതസ്ഥിതികളും നാം അറിഞ്ഞിരിക്കേണ്ടതാണു്.

രക്തപങ്കിലമായ ഒരു ഭയങ്കരവിപ്ലവത്തിൽ കൂടി കടന്നുപോന്നിട്ടുള്ള റഷ്യ ആ വിപ്ലവത്തിന്റെ ഫലമായിട്ടുണ്ടായ പരിവർത്തനങ്ങൾ ശരിപ്പെടുത്തുന്ന കാര്യത്തിൽ ഇപ്പോഴും ബദ്ധശ്രദ്ധയാണു്. റഷ്യയിലെ കമ്യൂണിസ്റ്റു് വിപ്ലവം ചില പ്രത്യേക കാരണങ്ങളാൽ, മററു രാജ്യങ്ങളിലുണ്ടായിട്ടുള്ള രാഷ്ട്രീയവിപ്ലവങ്ങളെക്കാൾ പ്രാധാന്യത്തെ അർഹിക്കുന്നുണ്ടു്. റഷ്യൻ വിപ്ലവം ആ രാജ്യത്തുണ്ടായിരുന്ന ഭരണയന്ത്രത്തേയും രാഷ്ട്രീയസ്ഥാപനങ്ങളേയും നിശ്ശേഷം മാററിക്കളഞ്ഞു. എന്നുമാത്രമല്ല അവിടത്തെ സാമ്പത്തികവും സാമൂഹ്യവുമായ വ്യവസ്ഥിതിയെത്തന്നെ ഒന്നടക്കം വ്യത്യാസപ്പെടുത്തി. മററു നാടുകളിൽ കാണുന്ന രീതിയിലുള്ള വർഗ്ഗവ്യത്യാസം (class difference) അവിടെ ഇപ്പോൾ ഒട്ടും കാണുന്നില്ല. തൊഴിലാളിവർഗ്ഗം എന്ന ഒരൊററ വർഗ്ഗമെ അവിടെ ഉള്ളൂ. തൊഴിൽഭേദമനുസരിച്ചു് ഈ വർഗ്ഗം പല ഗ്രൂപ്പുകളായി തരംതിരിക്കപ്പെട്ടിട്ടുണ്ടു്. ഓരോ തൊഴിലിനും റഷ്യയിൽ കൊടുക്കുന്ന പ്രാധാ

ന്ന്യവും സാമുദായികമൂല്യവും അന്ന്യനാട്ടുകളിലുള്ള തുപോലെ അല്ല. റേഷനും മററു അവകാശങ്ങളും കൊടുക്കുന്നതിനുള്ള മുൻഗണന വിവിധഗ്രൂപ്പുകളെപ്പററിയുള്ള ബഹുമാനത്തിൻെറ മാനദണ്ഡമായി കരുതാമെങ്കിൽ, ഒന്നാംകിടയിലുള്ള ഗവമ്മേണ്ടുദ്യോഗസ്ഥന്മാരും വമ്പിച്ച വ്യവസായശാലകളിലെ പ്രധാനശാഖകളിൽ ജോലിചെയ്യുന്ന തൊഴിലാളികളും പട്ടാളക്കാരും ഒരേ നിലയിൽ കരുതപ്പെടുന്നതായി നമുക്ക് കാണുവാൻ കഴിയും. യാതൊരു തൊഴിലിലും ഏപ്പെടാത്തവരെയാണ് ഏററവും താണപടിയിൽ ...ാള്ളിച്ചിരിക്കുന്നതു്.

രാഷ്ട്രീയം സാമ്പത്തികം എന്ന് അന്യോന്യം ചേച്ച്യില്ലാത്ത രീതിയിലുള്ള ഒരു തരംതിരിപ്പു—റഷ്യയിൽ ഇല്ല. ഒരുവിധത്തിൽ പറഞ്ഞാൽ റഷ്യയിൽ എല്ലാ പ്രശ്നങ്ങളും രാഷ്ട്രീയമാണ്. എല്ലാ തൊഴിലാളികളും സമുദായത്തിൻെറ ജീവനക്കാരാണ്. അവിടെ ഒരൊററ രാഷ്ട്രീയകക്ഷി മാത്രമെ ഉള്ളു. മറെറാരു വിപ്ലവം കൂടാതെ അവിടത്തെ ഗവമ്മെണ്ടിനെ മാററാൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഗവമ്മേണ്ടിൻെറ ഭരണനയത്തിലും ഭരണകൂടത്തിനുള്ളിൽതന്നെയും പല വ്യവസായങ്ങളും ദിനംപ്രതിയെന്നോണം ഉണ്ടാകുന്നുണ്ടു്. അയവില്ലാത്ത ഒരു തത്വസംഹിതയും കാതലായ കാൎയ്യങ്ങളിൽ രാഷ്ട്രത്തിൻെറ ഉറച്ച നിയന്ത്രണവും ഉള്ളതിനോ

ടൊപ്പം ഭരണനയം രൂപീകരിക്കുന്നതിലും കാര്യനിർവ്വഹണവിഷയത്തിലും അത്ഭുതകരമായ അയവു് ഉണ്ടെന്നു മാത്രമല്ല പൊതുകാര്യങ്ങൾ പരസ്യമായി ചർച്ചചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും അവിടെ ഉണ്ടു്. രാജ്യഭരണകാര്യങ്ങളിൽ നേരിട്ടു് താല്പര്യം കാണിക്കുന്നതിൽ റഷ്യൻജനത അദ്വിതീയരാണ്.

ആധുനിക റഷ്യൻരാഷ്ട്രം കെട്ടിപ്പടുത്തിരിക്കുന്നതു് 1848-ൽ പ്രസിദ്ധപ്പെടുത്തിയ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുള്ളതും പ്രായോഗികമായി ലെനിൻ വ്യാഖ്യാനിച്ചു കാണിച്ചുകൊടുത്തതുമായ കാറൽ മാർക്സിന്റെ സാമൂഹ്യപരമായ തത്വസംഹിതയുടെ അടിസ്ഥാനത്തിന്മേലാണ്. മുതലാളിത്തത്തിൽനിന്നു കമ്യൂണിസത്തിലേയ്ക്കുള്ള പരിവർത്തനം തൊഴിലാളിവർഗ്ഗത്തിന്റെ ഏകശാസനനായകത്വം മുഖേന വേണമെന്നും, ഈ നായകത്വം തൊഴിലാളിവർഗ്ഗംതന്നെ സൃഷ്ടിക്കുന്ന സാമൂഹ്യസ്ഥാപനങ്ങൾ വഴി ആയിരിക്കണമെന്നുമാണ് മാർക്സിന്റെ സിദ്ധാന്തം. വിപ്ലവം സാദ്ധ്യമായതു ഈ മാർഗ്ഗം അവലംബിച്ചതുകൊണ്ടാണ്. 1923-ലെ ഭരണഘടനയുടെ അടിസ്ഥാനം ഈ സിദ്ധാന്തംതന്നെയാണ്. അസംതൃപ്തമായിരുന്ന അന്നത്തെ സൈന്യത്തിന്റെ സഹായത്തോടുകൂടിയുള്ള റഷ്യൻ തൊഴിലാളിവർഗ്ഗത്തിന്റെ എതിർപ്പാണ് വിപ്ലവം സാധിതപ്രായമാക്കിയതു്. തൊഴിലാളിവർഗ്ഗം അ

വരുടെ അധികാരസംസ്ഥാപനത്തിനു സൃഷ്ടിച്ച രാഷ്ട്രീയസ്ഥാപനങ്ങൾ സോവിയററുകൾ എന്ന പേരിൽ അറിയപ്പെടുന്ന കൌൺസിലുകളാണു്. തൊഴിലാളികൾക്കും, പട്ടാളക്കാർക്കും, കൃഷിക്കാർക്കും പ്രത്യേകം പ്രത്യേകം സോവിയററുകൾ ഉണ്ടു്. തൊഴിലാളിനായകത്വത്തിൻെറ ആയുധം കമ്യൂണിസ്റ്റ് പാർട്ടിയുമാണു്.

1917-ലെ വിപ്ലവത്തിനു മുൻപുള്ള റഷ്യയെപ്പററി രണ്ടു കാര്യങ്ങൾ പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ടു്. റഷ്യയിലെ ആകെയുള്ള ജനസംഖ്യയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ 1917-ലെ റഷ്യൻ തൊഴിലാളിവർഗ്ഗം എണ്ണത്തിൽ ഗണ്യമായിരുന്നില്ലെങ്കിലും മാർക്സിൻെറ അഭിപ്രായമനുസരിച്ചു അവർ സുസംഘടിതരായിരുന്നു. അവർ മർദ്ദിതരായിരുന്നു എന്നു മാത്രമല്ല വലിയ ഫാക്ടറികളിലും നഗരങ്ങളിലും കേന്ദ്രീകരിക്കപ്പെട്ടുമിരുന്നു. ഫ്രാൻസിലെ തൊഴിലാളിവർഗ്ഗത്തെപ്പോലെ രാജ്യമൊട്ടുക്ക് ചിന്നിച്ചിതറികിടക്കുകയല്ലായിരുന്നു എന്നർത്ഥം. അതുപോലെ മറെറാരു കാര്യമുള്ളതു്, സാർചക്രവർത്തിമാരുടെ ഭരണത്തിൻകീഴിൽ അവർക്ക് നഷ്ടപ്പെടത്തക്കതായി യാതൊരു ഭൌതികവിത്തവങ്ങളുമില്ലായിരുന്നു. ഇന്നത്തെ ബ്രിട്ടീഷ് ട്രേഡ് യൂണിയൻകാരനു അങ്ങിനെയല്ല എന്നുള്ളത് സുവിദിതമാണല്ലോ. അമേരിക്കയിലെ തൊഴിലാളികൾക്ക് ഉള്ളതുപോലെ

വ്യക്തിപരമായ അഭ്യുന്നതിക്കുള്ള മാഗ്ഗവും അന്ന ത്തെ റഷ്യൻ തൊഴിലാളികൾക്ക് ഉണ്ടായിരുന്നില്ല. അവർ കേവലം കൂലിക്കാർ മാത്രം ആയിരുന്നു. യജമാനന്മാക്ക് ആദായം ഉണ്ടാകാൻ പ്രവൃത്തിചെയ്യുന്ന വെറും അടിമകൾ. ചുരുക്കിപ്പറഞ്ഞാൽ ഒരു തൊഴിലാളിവിപ്ലവം ഉണ്ടാകാൻ പററിയ സാഹചര്യങ്ങളാണ് അന്നുണ്ടായിരുന്നതു്. റഷ്യയിലെ തൊഴിലാളിവഗ്ഗം രാജ്യമൊട്ടുക്ക് ഒരു വിപ്ലവം വിജയപ്രദമായി നടത്തത്തക്കവണ്ണം എണ്ണത്തിൽ അത്ര ഗണനീയമല്ലായിരുന്നു എന്ന് മുൻപു പറഞ്ഞുവല്ലൊ. ഇക്കാരണത്താൽ കഷകരുടെ സഹായം അവക്ക് അനുപേക്ഷണീയമായിത്തീന്നു. കൃഷിചെയ്യുന്നതിനുള്ള സൌകയ്യം (ഭൂമി പതിച്ചുകൊടുത്തും മററും) നല്കുകയാണല്ലൊ കഷകനെ വശത്താക്കാനുള്ള എളുപ്പവഴി. എന്നാൽ ഭൂസ്വത്തുടമയുള്ള ഒരു വലിയ കഷകവഗ്ഗത്തെ സൃഷ്ടിക്കുന്നത് വിപ്ലവത്തെ പരാജയപ്പെടുത്താൻ ഇടയാകും എന്നു നേതാക്കന്മാർ മനസ്സിലാക്കി. അതുകൊണ്ടു ബലം പ്രയോഗിച്ചും പ്രചരണവേലകൾ വഴിയായും കഷകരുടെ ഇടയിൽ ഒത്തൊരുമിച്ചോട്ടുകൂടിയ പൊതുഉടമ സമ്പ്രദായം (collectivisation) നടപ്പിൽ ആക്കി അവരെയും വ്യവസായതൊഴിലാളിവഗ്ഗത്തിൻെറ നിലയിൽ കൊണ്ടുവരുക എന്നുള്ളതാണ് വിപ്ലവനേതാക്കന്മാർ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ചെയ്തുവ

ന്നതു്. ഈ ഉദ്ദേശ്യത്തോടുകൂടിയാണു് ഭരണഘടനയിൽ നഗരസോവിയററുകൾക്കു് കൂടുതൽ പ്രാധാന്യം കൊടുക്കുകയും, പൊതുഉടമ സമ്പ്രദായത്തെ എതിരുത്ത കൃഷകരുടെ നേരെ നിർദ്ദയമായ സമരം നടത്തുകയും ഗ്രാമപ്രദേശങ്ങളിൽ പ്രചരണം നടത്തുന്നതിൽ യാതൊരു ലോഭവും കാണിക്കാതെ ഇരിക്കുകയും ചെയ്തിട്ടുള്ളതു്.

## ഭരണഘടന

"The Union of Socialist Soviet Republics" എന്ന പേരിൽ അറിയപ്പെടുന്ന റഷ്യൻഐക്യനാടുകൾ പ്രഥമമായി ഏഴു് സോവിയററു് ജനാധിപത്യരാജ്യങ്ങൾ ഒന്നുചേർന്നുണ്ടായ ഒരു ഫെഡറേഷനാണു്. ഈ ഏഴു് സംസ്ഥാനങ്ങളിൽ ഏററവും വലിപ്പം കൂടിയതു് ലെനിൻഗ്രാഡു് മുതൽ പ്ളാസിവോസ്റ്റാക്കു് വരെയും വോൾഗാവഴി കീഴ്പ്പോട്ടു് കാസ്പിയൻകടൽ വരെയും നീണ്ടുകിടക്കുന്ന "റഷ്യൻ സോഷ്യലിസ്റ്റു് ഫെഡറൽ സോവിയററു് റിപബ്ളിക്കാണു്". മററുള്ളവയിൽ ഏററവും പ്രധാനപ്പെട്ടതു് യൂക്രേനിയൻ സോഷ്യലിസ്റ്റു് സോവിയററു് റിപബ്ളിക്കാണു്. ഈ സംസ്ഥാനത്തിൻെറ തലസ്ഥാനം കീവു് എന്നു പേരുള്ള നഗരമാണു്. മോസ്കോയേക്കാൾ പുരാതനമായ ഒരു സംസ്കാരമാണു് ഈ നഗരത്തിനുള്ളതു്. 1920-ൽ മാത്രമാണു് യൂക്രെയിൻ റഷ്യൻഫെഡറേഷനിൽ ചേർന്നതു്. പോളണ്ടു

കാരേഭയന്നു റഷ്യൻ യൂണിയനിൽ ചേന്ന ഈ സംസ്ഥാനത്തു മാത്രമേ "വേർപെട്ടു നില്ക്കണം" എന്ന മനസ്ഥിതി തങ്ങിനിന്നിരുന്നുള്ളു. യൂണിയനിലെ അംഗങ്ങളായ ചില സംസ്ഥാനങ്ങൾതന്നെ സ്വയം നിണ്ണയാവകാശത്തോടുകൂടിയ റിപ്പബ്ലിക്കുകളേയും പ്രദേശങ്ങളേയും ഉൾക്കൊള്ളുന്നുണ്ടു. ഉദാഹരണമായി,ററാർട്ടാർ റിപ്പബ്ലിക്ക്, വോൾഗായിലെ ജമ്മൻ റിപ്പബ്ലിക്ക്, അർമീനിയാ, അസർബൈജാൻ എന്നീ റിപ്പബ്ലിക്കുകളും പ്രത്യേകം പ്രസ്താവ്യങ്ങളാണു. നാളിതുവരെ സോവിയററു യൂണിയനിൽ പതിനാറു റിപ്പബ്ലിക്കുകളോളം ചേന്നിട്ടുണ്ടു.

സോവിയററു യൂനിയനിൽ, കേന്ദ്രഗവമ്മേണ്ടിനു നല്കിയിട്ടുള്ള അധികാരം വളരെ വിപുലമാണു. വിദേശരാജ്യങ്ങളുമായുള്ള വാണിജ്യം, മററുതരത്തിലുള്ള വിദേശബന്ധങ്ങൾ, രാജ്യരക്ഷ, ദേശീയസാമ്പത്തികനയരൂപീകരണം, ആഭ്യന്തരം വാണിജ്യം, നികുതി ചുമത്തൽ, തൊഴിലാളികളെ സംബന്ധിച്ചു നിയമനിമ്മാണം, അവരുടെ സംഘടിപ്പിക്കൽ എന്നീ കായ്യങ്ങൾ കേന്ദ്രഗവമ്മേണ്ടിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നു. ചുരുക്കിപറഞ്ഞാൽ സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതത്തിന്റെ പ്രധാനവശങ്ങളെല്ലാം ഫെഡറൽ ഭരണസമിതിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. 1936-ൽ ഭരണഘട

ന ഒന്നു പുതുക്കി എഴുതി. സ്റ്റാലിൻ കാൺസ്റ്റിററ്യൂഷൻ എന്ന പേരിൽ അറിയപ്പെടുന്ന ഈ ഭരണഘടനയിൽ 1944-ൽ ചില ഭേദഗതികൾ വരുത്തി. അതനുസരിച്ച് യൂണിയനിലെ അംഗസംസ്ഥാനങ്ങൾക്ക ഓരോന്നിനും രാജ്യരക്ഷയ്ക്കും വിദേശബന്ധങ്ങൾക്കും വേണ്ടി പ്രത്യേകം കമിസ്സേറിയററുകൾ അനുവദിച്ചു. കേന്ദ്രഗവമ്മേണ്ടിൽക്കൂടി അല്ലാതെ തന്നെ വിദേശരാജ്യങ്ങളുമായുള്ള ബന്ധം പുലത്തുന്നതിനും മററും ഇത് അംഗസംസ്ഥാനങ്ങളെ പ്രാപ്തരാക്കി. പക്ഷെ അംഗസംസ്ഥാനങ്ങളുടെ നയപരിപാടികൾ യൂണിയൻെറ പൊതുനന്മക്ക് ഹാനി വരുത്താതിരിക്കാൻ കേന്ദ്രഗവമ്മേണ്ട് നോക്കിക്കൊള്ളും.

പ്രസംഗിക്കുക, എഴുതുക, അച്ചടിക്കുക എന്നീ നിലകളിലുള്ള പൂണ്ണമായ സാംസ്കാരികസ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്കുണ്ട്. സാർ ചക്രവത്തിമാരുടെ കീഴിൽ ഇല്ലാതിരുന്ന ഈ അഭിപ്രായസ്വാതന്ത്ര്യം വളരെ പ്രാധാന്യത്തെ അഹ്റിക്കുന്നുണ്ട്.

സോവിയററു യൂണിയനിലെ പ്രധാനഭാഷ റഷ്യൻ ഭാഷയാണ്, ഗണനീയന്മാരായ നേതാക്കന്മാർ മിക്കവാറും റഷ്യാക്കാരുമാണ്. ഒരു രാജ്യവിഭാഗത്തെ അധിവസിക്കുന്നു എന്നോ ഒരേ ഭാഷ സംസാരിക്കുന്നുവെന്നോഉള്ള അടിസ്ഥാനത്തിന്മേൽ സംഘടിച്ചിട്ടുള്ള ഒരു ഫെഡറേഷനല്ല സോവിയററു യൂണിയൻ. പ്രത്യുത, പൊതുവായിട്ടുള്ള സോ

ഷ്യലിസ്റ്റ് സ്ഥാപനങ്ങളുടേയും മാക്ക്സ്യൻ കമ്മ്യൂണിസം എന്ന പൊതുസാമൂഹ്യതത്വസംഹിതയേയും അടിസ്ഥാനപ്പെടുത്തിയുള്ള ഒന്നാണ്.

യൂണിയനിൽനിന്നും മാറുന്നതിനുള്ള അവകാശം അംഗസംസ്ഥാനങ്ങൾക്കുണ്ട്. കടലാസ്സിലുള്ള ഈ അവകാശം പ്രായോഗികമായി അംഗീകരിക്കപ്പെടുമോയെന്ന് ചിലർ സംശയിക്കാറുണ്ട്.

യൂണിയനിൽ ഒട്ടുക്ക് സമ്മതിദായകത്വം ഒരുപോലെയാണ്. അതായത് ലാഭം ഉദ്ദേശിച്ച് മററുള്ളവരെക്കൊണ്ടു വേലചെയ്യിക്കുന്നയാളുകൾ, അദ്ധ്വാനിക്കാതെ മററുള്ളവരുടെ പ്രയത്നഫലം ഭുജിക്കുന്നവർ, Imbecilers, സാർചക്രവത്തിമാരുടെ മുൻ ഏജണ്ടന്മാർ എന്നിവരൊഴിച്ച് സ്ത്രീപുരുഷഭേദമെന്യേ എല്ലാവക്കും വോട്ടവകാശമുണ്ട്.

സോവിയററു രീതിയനുസരിച്ച് നോക്കിയാൽ വോട്ടവകാശത്തിനു താരതമ്യേന ലഘുവായ പ്രാധാന്യമേയുള്ളു. വോട്ടവകാശമെന്നത് പൌരാവകാശങ്ങളിൽ ഒന്നു മാത്രമാണ്, ട്രേഡ് യൂണിയൻ സാമാജികത്വം, റേഷൻകാർഡ്,രാഷ്ട്രം നല്കുന്ന ഓരോരോ സാമുദായികസേവനങ്ങളിൽ പങ്കുകൊള്ളാനുള്ള അവകാശം ഇവയെല്ലാമാണ് പൌരാവകാശങ്ങൾ. പൌരാവകാശം നഷ്ടപ്പെടുക എന്നുവച്ചാൽ മിക്കവാറും രാജ്യഭ്രഷ്ടനാകുക എന്നതുപോലെയാണ്. ഏതെങ്കിലും വലിയ കുററങ്ങൾക്ക് ശിക്ഷിക്കപ്പെട്ടാൽ പൌരാവകാശം നഷ്ടപ്പെ

ടുന്നു. സ്ത്രീപുരുഷന്മാൎക്ക് സാമൂഹ്യമായും രാഷ്ട്രീയമായും തുല്യനിലയാണ് സോവിയററു യൂണിയനിലുള്ളതു്. ഇതു് ആദൎശത്തിൽ മാത്രമല്ല പ്രായോഗികജീവിതത്തിലും സാധിതപ്രായമാക്കിയിട്ടുണ്ടു്. വിവാഹനിയമങ്ങൾ ഇതനുസരിച്ചു് ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ളതു മാത്രമല്ല സ്ത്രീപുരുഷന്മാൎക്ക് ഒരുപോലെയുള്ള ശമ്പളക്രമം അനുവദിക്കയും പബ്ളിക്ക് ക്ലിനിക്കുകൾ, പരിചരണശാലകൾ മുതലായവ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്.

## ഭരണയന്ത്രം

സോവിയററുകളുടെ അടിസ്ഥാനത്തിന്മേൽ ആണു ഭരണയന്ത്രം ഉറപ്പിച്ചിരിക്കുന്നതു്. ഏററവും താഴെയായി ചെറിയ ചെറിയ നഗരസോവിയററുകളും ഗ്രാമസോവിയററുകളും ഉണ്ടു്. വലിയ ഫാക്ടറികളുടെ സോവിയററുകളും ഇവയിൽ ഉൾപ്പെടുന്നു. ഇവയിൽനിന്നും ഡിസ്ട്രിക്ട് സോവിയററുകളിലേക്ക് പ്രതിനിധികളെ അയക്കുന്നു. അങ്ങനെ മുകളിലോട്ട് സെൻട്രൽ കോൺഗ്രസ്സ് (Central Congress of Soviets) വരെയുണ്ടു്. കോൺഗ്രസ്സ് ആണ്ടിലൊരിക്കൽ ചേരുന്നു. ഭരണഘടന അനുസരിച്ചു് യൂണിയനു പൊതുവായിട്ടുള്ള പരമാധികാരസമിതി ഇതാണു്.

ഈ സെൻട്രൻ കോൺഗ്രസ്സിൽ ഗ്രാമപ്രദേശങ്ങളെക്കാൾ നഗരങ്ങൾക്കാണ് കൂടുതൽ പ്രാതിനിദ്ധ്യം കൊടുത്തിരിക്കുന്നതു് എന്ന് പ്രത്യേകം പറയേണ്ടിയി

രിക്കുന്നു. ഭരണഘടനയുടെ ഒൻപതത് എന്ന ചട്ടം താഴെ കാണുംപ്രകാരമാണു്.

"നഗരസോവിയററുകൾ (Town and Township soviets) 25000 സമ്മതിദായകന്മാർക്ക് ഒരു പ്രതിനിധി എന്ന കണക്കിനും പ്രവിശ്യകളുടെ സോവിയററ കോൺഗ്രസ്സുകൾ (Provincial Congress of Soviets) 125,000 ജനങ്ങൾക്ക് ഒരു പ്രതിനിധി വീതവും സെൻട്രൽ കോൺഗ്രസ്സിൽ പ്രതിനിധീഭവിക്കും.

സെൻട്രൽ കോൺഗ്രസ്സ് തിരഞ്ഞെടുക്കുന്ന യൂണിയൻ കൌൺസിൽ (Council of the Union) എന്ന സമിതിയും സോവിയററ യൂണിയനിലെ സ്വതന്ത്ര റിപബ്ലിക്കുകളുടെ പ്രതിനിധികളടങ്ങിയ ന്യാഷനാലിററികളുടെ കൌൺസിലും (Council of Nationalities) ചേന്ന് സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിററി ഉണ്ടാകുന്നു. കൂടക്കൂടെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനു എളുപ്പമല്ലാത്തവിധത്തിൽ ഈ കമ്മററി വളരെ വലുതാണ്. കമ്മററി യോഗങ്ങൾക്കിടയ്ക്കുള്ള കാലഘട്ടങ്ങളിൽ ഭരണകാര്യങ്ങൾ പ്രസീഡിയം (Presidium) എന്ന സംഘമാണ് നിർവ്വഹിക്കുന്നതു്. സെൻട്രൽ എക്സിക്യൂട്ടീവിന്റെ ഉഭയസമിതികളിൽനിന്നും നിയമിക്കപ്പെടുന്ന ഇരുപത്തൊന്നു് അംഗങ്ങളാണ് പ്രസീഡിയത്തിലുള്ളതു്. പ്രസീഡിയത്തിനു നേരെ താഴെയായി, അതിന്റെ ഉത്തരവുകൾക്ക് വിധേയമായി പീപ്പിൾസ് കമ്മിസറിമാരുടെ കൌൺസിൽ (the council of peo-

ple's commissaries) ഉണ്ടു്. പ്രധാനപ്പെട്ട സ്റ്റേററ്, ഡിപ്പാർട്ടുമെണ്ടുകളുടെ മേധാവികളാണു് ഈ കൌൺസിലിലുള്ളതു്. ഇതു് ബ്രിട്ടീഷ് മന്ത്രിസഭയോടു് ഏകദേശം സാമ്യം വഹിക്കുന്നു. ഇതിന്നു താഴെയായി ഗവർമ്മെണ്ടിൻെറ വിവിധശാഖകളിലുള്ള ജോലി നടത്തിക്കുന്നതിനു് നിയുക്തമായിട്ടുള്ള അനേകം താല്ക്കാലികകൌൺസിലുകൾ, കമ്മീഷൻ, കമ്മററികൾ മുതലായവ ഉണ്ടു്.

സോവിയററു യൂണിയനിലെ പരമാധികാരകോടതി (the Commissariat of Workmen's & Peasants' Inspection) ജി. പി. യു. എന്നിവയും ഭരണഘടനയുടെ നേരിട്ടുള്ള വ്യവസ്ഥപ്രകാരം രൂപീകൃതമാണു്. അമേരിക്കൻ പ്രസിഡണ്ടിനെപ്പോലെ റഷ്യൻ യൂണിയനു ഒരു പ്രസിഡണ്ടില്ല. എന്നാൽ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മററിക്കു് പല പ്രസിഡണ്ടുമാരുണ്ടു്. കമ്മിസ്സാറന്മാരുടെ കൌൺസിലിന്നും ഒരു പ്രസിഡണ്ടുണ്ടു്. ഈ ഉദ്യോഗമാണു് ലെനിൻ വഹിച്ചിരുന്നതു്.

ഇതാണു് റഷ്യൻ ഭരണഘടനയുടെ സംക്ഷിപ്തമായ ഒരു വിവരണം. എന്നാൽ റഷ്യൻ രാഷ്ട്രീയജീവിതത്തിൻെറ യഥാൎത്ഥചിത്രം ഇതിൽനിന്നു ലഭ്യമാകുന്നതല്ല. എന്തെന്നാൽ ആ ജീവിതത്തിൽ സജീവമായിട്ടുള്ള പല കാൎയ്യങ്ങളേയും പററി ഭരണഘടനയിൽ യാതൊന്നും പറഞ്ഞിട്ടില്ല. കാറൽമാൿസ് വിഭാവനചെയ്തിട്ടുള്ള തൊഴിലാളി സംഘടനകളിൽ "സോവിയററുകൾ"

എന്ന ഒരു ഇനം സംഘടന മാത്രമേ ഭരണഘടനയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളു. എന്നാൽ യഥാർത്ഥത്തിൽ സോവിയററുകൾ കൂടാതെ മററനേകം തൊഴിലാളി സമിതികൾ സ്വമേധയാരൂപം പ്രാപിച്ചു പ്രവൃത്തി ചെയ്യുന്നുണ്ട്. സ്ഥിതിസമത്വസിദ്ധാന്തപ്രകാരം പൊതു ഉടമ സമ്പ്രദായം നിലവിലിരിക്കുന്ന ഒരു സമുദായത്തിൽ രാജ്യഭരണം എന്നതു് സാധാരണ നാം മനസ്സിലാക്കുതിൽ നിന്ന് വളരെ വിപുലമായ അർത്ഥത്തിൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യവസായം, വാണിജ്യം, ഗതാഗതം എന്നു വേണ്ട, സമുദായത്തെ പൊതുവെ സ്പർശിക്കുന്ന എല്ലാകാര്യങ്ങളും രഷ്യയിൽ രാഷ്ട്രത്തിൻെറ നിയന്ത്രണത്തിലായതുകൊണ്ടു്, മററുരാജ്യങ്ങളിൽ ഉള്ളതിനേക്കാൾ വളരെ വിപുലമാണ് രഷ്യയിൽ ഗവമ്മെണ്ടിൻെറ ചുമതലകൾ.

കലക്ററീവുകൾ. (Collectives). മററുമിക്കരാജ്യങ്ങളിലേയും പോലെ മുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ചാണു് രഷ്യയിലും ഭരണം ഏറക്കുറെ നടക്കുന്നതു്. വിപ്ലവത്തിനു് മുൻപു രാജ്യത്തു് ഉണ്ടായിരുന്ന ട്രേഡ് യൂണിയൻ സ്ഥാപനങ്ങൾ, പരസ്പരസഹായ സംഘങ്ങൾ എന്നിവയും ഭരണകാര്യത്തിൽ ഉപയോഗപ്പെടുന്നുണ്ടു്. മററു രാജ്യങ്ങളെ അപേക്ഷിച്ചു് രഷ്യക്കുള്ള പ്രത്യേകത എന്തെന്ന് വച്ചാൽ ഭരണചക്രം തിരിക്കുന്നതു് മുകളിൽ നിന്നുള്ളതിനേക്കാൾ താഴെ നിന്നാണു് എന്നുള്ളതാകുന്നു. ഓരോ ഇനം ജോ

ലിയുടേയും സ്ഥാപനത്തിൻെറയും ചുററുമായി പൌരജനങ്ങളുടെ ഗ്രൂപ്പുകളും കമ്മററികളും സ്വയമേവ രൂപീകൃതമാവുന്നു. ഇവ സാമുദായിക ജോലികളിൽ പലതും സ്വയം ഏറെറടുക്കുന്നു. ഉദാഹരണമായി ഓരോ ഫാക്ററിക്കും ഫാക്ററി കമ്മററി ഉണ്ടു്. ഈ കമ്മററി ഫാക്ററി തൊഴിലാളികളുടെ സാമൂഹ്യജീവിതത്തിൻെറ എല്ലാവശങ്ങളിലും ശ്രദ്ധ ചെലുത്തിക്കൊള്ളും. ഫാക്ററി വക കശിനികഠം, ക്ലബ്ബ്, താമസസ്ഥലങ്ങഠം, ഇവയെല്ലാം നടത്തുന്നതു കൂടാതെ ഫാക്ററിയിലുള്ള കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസകാര്യത്തിലും വേണ്ടതെല്ലാം ചെയ്യുന്നു. ഒത്തൊരുമിപ്പു് സമ്പ്രദായം (collectivisation)ഗ്രാമങ്ങളിൽ അഭിവൃദ്ധിപ്പെട്ടുവരുന്തോറും അവിടെയും മേൽ പറഞ്ഞ തരത്തിലുള്ള ഗ്രൂപ്പുകഠം പൊതുകൃഷിസ്ഥലങ്ങളുടെ നടത്തിപ്പിനായി രൂപം പ്രാപിക്കുന്നുണ്ടു്.

**കലക്ററീവുകഠം** എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഘങ്ങഠം എങ്ങനെ രൂപീകരിക്കപ്പെടുന്നു എന്നൊ, എങ്ങനെ ജോലിചെയ്യുന്നു എന്നൊ, ഏതെല്ലാം ചുമതലകളാണവയ്ക്കു ഉള്ളതെന്നൊ ക്ലിപ്തമായി പറയുവാൻ പ്രയാസമാണ്. ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ ഈ സംഘങ്ങഠം പൊതു അഭിലാഷങ്ങഠം പ്രവൃത്തിപദ്ധതിയിൽ കൊണ്ടു വന്നുകൊള്ളും എന്നു മാത്രം പറയാം.

ഈ ദശ ഫാക്റററി കമ്മററികളുടെ ചുമതലകൾ എന്തെല്ലാമെന്ന് ഒരിടത്തും നിജപ്പെടുത്തിയിട്ടില്ല. ഉല്പാദനം നിയന്ത്രിക്കുക എന്ന ചുമതല കമ്മററിക്ക് തീർച്ചയായും ഇല്ല. 1913-ന് ശേഷം ആ ജോലി ഫാക്ററി മാനേജ്മെൻഡിൻേറതാണ്. അതുപോലെ കൂലി നിശ്ചയിക്കുക, മററു തൊഴിൽ പരമായ സാഹചര്യങ്ങൾ നിയന്ത്രിക്കുക എന്നിവയുമല്ല, ഫാക്ററി കമ്മററിയുടെ ചുമതലകൾ. പരമാർത്ഥം ആലോചിച്ചാൽ, വിമർശിക്കുക പരാതിപറയുക എന്നിവയാണ് ഫാക്ററി കമ്മററിയുടെ മുഖ്യജോലി. വിമർശിക്കാനും പരാതിപ്പെടാനും മാത്രമുള്ള ഒരു സമിതിയാണ് റഷ്യൻ കലക്ററീവ് എന്നു പറഞ്ഞു കൂടാവുന്നതല്ല. ഉല്പാദനം പ്ലാൻ ചെയ്യുന്ന കാര്യത്തിലും നടപ്പിൽ വരുത്തുന്നതിലും അതു് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നു. റഷ്യയിൽ പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിന് മുൻപു് യൂണിയനൊട്ടുക്ക് നടന്ന ചർച്ചകളിൽ കലക്ററീവുകളാണ് പ്രധാന പങ്കു വഹിച്ചതു്. സാമൂഹ്യവും സാംസ്കാരികവുമായ ചുമതലകൾ ഉള്ളതു കൂടാതെ അതാതു് സ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തിന് തടസ്സമുണ്ടാക്കുന്ന ചെറിയ ചെറിയ കുററങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള പ്രാഥമിക കോടതികൾ എന്ന നിലയ്ക്കും ഈ കമ്മററികൾ ഉപകാരപ്പെടുന്നു. റഷ്യയിൽ ജയിൽ നിയമങ്ങൾ ലംഘിക്കുന്ന ജയിൽ പുള്ളികളെ ജയിൽ പുള്ളികൾ തന്നെയാണ് വിചാരണ ചെയ്യുന്നതു്.

എന്തെല്ലാമായാലും സാമൂഹ്യമായ ഒരു വലിയ പരീക്ഷണം നടന്നുകൊണ്ടിരിക്കുന്ന റഷ്യയെപ്പോലുള്ള ഒരു മഹാരാജ്യത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ടതായ കട്ടത്ത ശിക്ഷണം സാധിതപ്രായമാക്കുന്നതിന്ന് സഹായിക്കുന്ന ഏററവും പ്രധാനപ്പെട്ട ഘടകം കലക്‌ററീവ് എന്ന പേരിൽ അറിയപ്പെടുന്ന സ്ഥാപനമാണെന്ന് പറഞ്ഞാൽ അതിൽ അല്ലേശം അതിശയോക്തി ഇല്ല.

## കമ്യൂണിസ്റ്റ് പാർട്ടി

പ്രവേശനം കിട്ടാൻ പ്രയാസവും വിട്ടുപിരിയാൻ താരതമ്യേന എളുപ്പവുമുണ്ടെന്നുള്ളതാണ് കമ്യൂണിസ്റ്റ് പാർട്ടിക്ക് മററു അറിയപ്പെട്ടിട്ടുള്ള രാഷ്ട്രീയ കക്ഷികളിൽ നിന്നുള്ള വ്യത്യാസം എന്നു പറയാറുണ്ട്.

ചരിത്രപരമായി നോക്കിയാൽ കമ്യൂണിസ്റ്റ് പാർട്ടി പഴയ റഷ്യൻ സോഷ്യൽ ഡെമോക്രാററിക്ക് പാർട്ടിയുടെ ഭൂരിപക്ഷവിഭാഗമാണ് (ബോൾഷെവിക്കുകൾ) - 1917—ൽ ഒന്നാമത്തേയും രണ്ടാമത്തേയും വിപ്ളവങ്ങൾക്കിടയ്ക്കുള്ള കാലഘട്ടത്തിൽ ഈ കക്ഷി അന്നത്തെ തൽക്കാല ഗവമ്മെണ്ടിനെതിരായുള്ള സമരത്തിൻെറ നേതൃത്വം ഏറെറടുക്കുകയും "അധികാരം മുഴുവൻ ബോൾഷെവിക്കുകൾക്കു" എന്ന മുദ്രാവാക്യം മുഴക്കിത്തുടങ്ങുകയും ചെയ്തു. തൊഴിലാളികളുടെ അധിനായകത്വസ്ഥാപനത്തിനുള്ള പ്രധാനപ്പെട്ട ആയുധം ലെനിൻെറ നേതൃത്വത്തിലുള്ള ഈ പാർട്ടി ആയിരുന്നു.

റഷ്യയിലെ രാഷ്ട്രീയവും സാമൂഹ്യവുമായ സ്ഥാപനങ്ങൾ മുൻ വിവരിച്ച പോലെയാണെങ്കിലും, നിയമനിർമ്മാണപരമായും ദൈനം ദിനഭരണ സംബന്ധമായുമുള്ള നയം രൂപീകരിക്കുന്നതു് കമ്മ്യൂണിസ്റ്റ് പാർട്ടിയാണു്. ഭരണനയം സംബന്ധിച്ച സർവ്വപ്രധാനമായ ആലോചനകൾ നടക്കുന്നതു സോവിയററു് കോൺഗ്രസ്സിൽ (Congress Soviets) അല്ല, പിന്നെയോ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാലാകാലങ്ങളിലുള്ള സമ്മേളനങ്ങളിലാണു് എന്നു് പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. ഭരണഘടന എന്തു തന്നെ പറഞ്ഞാലും യഥാർത്ഥത്തിലുള്ള അധികാരം കമ്മ്യൂണിസ്ററു് പാർട്ടി കോൺഗ്രസ്സിനാണെന്നാണു് ഇതിന്റെ താല്പര്യം. പാർട്ടി കോൺഗ്രസ്സ് സമ്മേളനങ്ങൾക്കിടയ്ക്കുള്ള കാലഘട്ടങ്ങളിൽ പാർട്ടിയുടെ എക്സിക്യൂട്ടീവു് വകുപ്പു് അധികാരം പ്രയോഗിക്കുന്നു കുറെ ക്കാലമായി ഈ എക്സിക്യൂട്ടീവ് വകുപ്പിന്റെ സെക്രട്ടറി സ്റ്റാലിനാണു്.

കമ്മ്യൂണിസ്റ്റ് പാർട്ടി ഈ മേധാവിത്വം ഉറപ്പിച്ചുകൊണ്ടിരിക്കുന്നതു് വളരെ ലഘുവായ ഒരു മാർഗ്ഗം അവലംബിച്ചാണു്. പ്രധാന ഉദ്യോഗങ്ങളെല്ലാം പാർട്ടിമെമ്പറന്മാർക്കു് ലഭിക്കത്തക്കവണ്ണം മുൻകൂട്ടി ഏർപ്പാടുകൾ ചെയ്യുന്നു. അതു പോലെ പാർട്ടി നിശ്ചയിക്കുന്ന ഭരണനയമനുസരിച്ചു് ഭരണകാര്യങ്ങൾ നടക്കത്തക്ക വിധത്തിൽ പ്രാദേശിക സോവിയററുകളിലും പ്രധാനപ്പെട്ട കലക്ററീവുകളിലും ആവശ്യമുള്ളിടത്തോളം കമ്മ്യൂണ

സ്റ്റ്കാരെ കമ്മ്യൂണിസ്റ്റ്തത്വങ്ങളിൽ ഉറച്ച വിശ്വാസമു ള്ളവരെന്നു് നിശ്ചയം വന്നിട്ടുള്ളവരോ ഉണ്ടായിരിക്കുവാൻ നേരത്തെ കരുതൽ ചെയ്യുന്നു. ഇതിൽ നിന്നു് ഉദ്യോഗങ്ങളെല്ലാം തന്നെ പാർട്ടിമെമ്പറന്മാരാണ് വഹിക്കുന്നതു് എന്നു് അർത്ഥമാക്കേണ്ടതില്ല. കമ്മ്യൂണിസ്റ്റ് വിശ്വാസമുള്ള പലരും ഇനിയും പാർട്ടിയിൽ ചേരാനുണ്ടു് എന്നുള്ളതു് ഒരു പരമാർത്ഥമാണു്.

കാര്യക്ഷമതയ്ക്കുവേണ്ടി, സമർത്ഥന്മാരായ ആളുകളെ തിരഞ്ഞെടുക്കുവാൻ പാർട്ടി എപ്പോഴും ശ്രദ്ധിക്കാറുണ്ടു്. പാർട്ടിയിൽ, എന്നല്ല, സോവിയററുകളിലും വ്യാവസായിക തൊഴിലാളികളുടെ ശതമാനം കൂടി ഇരിക്കത്തക്കവണ്ണം പ്രത്യേകം നിഷ്കർഷിക്കുന്നു. തക്കതായ പരീക്ഷണങ്ങൾക്കുശേഷം മാത്രമെ പാർട്ടിയിൽ പ്രവേശനം അനുവദിക്കുകയുള്ളു. അവിശ്വസ്തത കാണിക്കുന്നവരെ ബഹിഷ്കരിച്ചും മററു വിധത്തിലും കൂടക്കൂടെ പാർട്ടിയെ ശുദ്ധീകരിക്കാറുണ്ടു്. പാർട്ടിയിൽ ചേന്നു് കഴിഞ്ഞാൽ ചര്യമര്യാദകളിൽ അധഃപതിക്കാതെ ബഹുമാന്യമായ തരത്തിൽ ജീവിക്കണമെന്നു് നിർബ്ബന്ധമുണ്ടു്. ലൈംഗിക കാര്യങ്ങളിൽ മാത്രമല്ല സാന്മാർഗ്ഗികത്വം പ്രതീക്ഷിക്കപ്പെടുന്നതു്. അലസത, മോഷണം മുതലായവയാണ് ഒരു കമ്മ്യൂണിസ്റ്റിൻെറ പേരിൽ ഏററവും അക്ഷന്തവ്യമായി പരിഗണിക്കപ്പെടുന്നതു്. പൊതുകാര്യങ്ങളിൽ കാര്യക്ഷമതക്കുറവു് ഉണ്ടാകുമാറു് അവരവരുടെ ഇഷ്ടം പോലുള്ള വിനോദങ്ങളിൽ പങ്കു കൊള്ളുവാ

ൻ അനുവാദമില്ല. പാർട്ടിയുടെ നിർദ്ദേശാനുസരണമൊ സ്വമേധയായിട്ടൊ ഏതെങ്കിലും സാമൂഹ്യസേവനങ്ങളിൽ എല്ലാ അംഗങ്ങളും ഏർപ്പെടണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

വിദ്യാർത്ഥികൾക്കും വിദ്യാർത്ഥികളല്ലാത്ത ചെറുപ്പക്കാർക്കും സാമൂഹ്യസേവനത്തിനു് പ്രത്യേകം കമ്മ്യൂണിസ്റ്റ് സംഘടനകൾ ഉണ്ടു്.

പാർട്ടിയിൽ ഭിന്നിപ്പുകൾ ഉണ്ടാകാതിരിക്കുന്നതിന് നേതാക്കന്മാർ എപ്പോഴും സൂക്ഷിച്ചുകൊള്ളും. പാർട്ടിയുടെ തീരുമാനങ്ങൾക്കു് ശരിയായ വ്യാഖ്യാനങ്ങൾ നല്കുന്നതിലും അവ പ്രവൃത്തിപഥത്തിൽ വരുത്തുന്നതിലും നേതാക്കന്മാർ എപ്പോഴും ഉത്സുകരായിരിക്കും.

1923-വരെ പാർട്ടിയുടെ നയം യഥാർത്ഥത്തിൽ രൂപീകരിച്ചുകൊണ്ടിരുന്നതു് ലെനിനായിരുന്നു. അതിനുശേഷം സ്റ്റാലിനാണു്. പാർട്ടിക്കുള്ളിൽ തന്നെ വ്യത്യസ്ത അഭിപ്രായങ്ങളോടുകൂടിയ ഗ്രൂപ്പുകൾക്കു് ഇടം അനുവദിക്കുകയില്ല.

ട്രോഡ്സ്കിയേയും കൂട്ടരേയും നിഷ്ക്കരുണം പുറം തള്ളിയതു് ഇക്കാരണത്താലാണു്. ഇതു് എത്ര കണ്ടു ജനാധിപത്യപരമാണു് എന്നു് പലരും ശങ്കിച്ചേക്കാം. ലോകമൊട്ടുക്കു് വിപ്ളവം ഉടനടി ഉണ്ടാക്കണമെന്നാണു് ട്രോഡ്സ്ക്കി ശഠിച്ചതു്. മുതലാളിത്വലോകത്തിൽ സോവിയററു് റഷ്യയുടെ നില സുരക്ഷിതമാക്കുകയാണ് പ്രധാന കർത്തവ്യമെന്നും അതു് ശരിപ്പെടു

ത്തിയതിന് ശേഷം മാത്രം അഖില ലോക വിപ്ളവത്തിന് ഉദ്യമിച്ചാൽ മതിയാകും എന്നും സ്റ്റാലിൻ ശഠിച്ചു. ഈ തക്കത്തിൽ ടോഡ്സ്ക്കിയും കൂട്ടരും പരാജയപ്പെടുകയാണ് ചെയ്തത്.

റഷ്യയുടെ സുസ്ഥിരതയും സാമ്പത്തിക ഭദ്രതയ്ക്കു ഹാനി തട്ടാത്ത രീതിയിലുള്ള ഒരു വിദേശ നയമാണ് ഇപ്പോഠം അവർ പിൻതുടരുന്നത്. റഷ്യയുടെ സാമ്പത്തിക വ്യവസ്ഥിതിയോട് ആനുകൂല്യം കാണിക്കുന്ന പൌരസ്ത്യ രാജ്യങ്ങളോട് മമതയിലും, റഷ്യൻ സമ്പ്രദായം ഉടയ്ക്കണമെന്ന് ആഗ്രഹിക്കുന്ന പാശ്ചാത്യരാജ്യങ്ങളുമായി ഉപദ്രവമില്ലാത്ത തരത്തിൽ സമാധാനമായും കഴിഞ്ഞു കൂടുകയുമാണ് അവരുടെ ഉദ്ദേശ്യം.

## ആഭ്യന്തര നയം

ആഭ്യന്തരകാര്യങ്ങളിൽ റഷ്യൻ ഗവമ്മെണ്ട് സ്തുത്യഹമായ ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് നിഷ്പക്ഷ നിരീക്ഷകന്മാർ പറയുന്നത്. മററു രാജ്യങ്ങളിൽ കണ്ടുവന്ന ഭയങ്കരതകഠം ഒഴിച്ചു നിത്തികൊണ്ടു് വ്യവസായീകരണം റഷ്യയിൽ സാധിക്കാനും രാഷ്ട്രത്തിന്റെ വിഭവങ്ങളും സേവനങ്ങളും സ്ഥിതി സമത്വസിദ്ധാന്തമനുസരിച്ച് വിതരണം ചെയ്യാനും അവർ ഉററു ശ്രമിക്കുന്നുണ്ടത്രെ.

## നീതിന്യായം

റഷ്യയിലെ നീതിന്യായവകുപ്പിന്റെ പ്രവത്തനമാണ് പ്രത്യേകിച്ച് ശ്രദ്ധേയമായിട്ടുള്ളത്. അവിടത്തെ

സാധാരണ നിയമവ്യവസ്ഥകളും ശിക്ഷാനിയമവും ലഘുവായ രീതിയിലുള്ളതാണ്. കുഴഞ്ഞനടപടികൾ ഒന്നും ഇല്ല. നിയമജ്ഞന്മാർ ഒരു പ്രത്യേക വർഗ്ഗമല്ല. മറ്റുജോലികൾ നടത്തുന്ന ആളുകളും കേസ്സുകൾ വിചാരണ ചെയ്യുന്നതിന് സ്ഥിരം ന്യായാധിപന്മാരോടുകൂടി ന്യായാസനത്തിൽ ഇരിക്കുന്നു. വക്കീലന്മാർക്ക് ഫീസല്ലാ, മാസപ്പടിയാണ്. കുററക്കാരന് അനുകൂലമായിട്ട് ഉന്നയിക്കാവുന്ന എല്ലാത്തെളിവുകളും ഉന്നയിക്കുന്നതിനും കുററം തെളിഞ്ഞുകഴിഞ്ഞാൽ ശിക്ഷ, കുററത്തിന് അനുയോജ്യമായിട്ടിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ശിക്ഷകൾ പൊതുവെ ലഘുവാണത്രെ. തടവുശിക്ഷ കുററപ്പുള്ളികളെ നന്നാക്കി എടുക്കുന്നതിന് ഉതകത്തക്കവണ്ണം ആയിത്തീരുന്നതിന് അത്ഭുതകരമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. കേസ്സുകളിൽ തീർപ്പ് കല്പിക്കുന്നതിനുമുൻപ് സ്ഥലത്തുള്ള കലക്ടീവുകളുടെ അഭിപ്രായം ആരായുകപതിവുണ്ട്. റഷ്യയിലെ പരമാധികാര കോടതി (Supreme Court)യിലേയും പ്രത്യേക കോടതികളിലേയും അംഗങ്ങളെ സുപ്രീം കൌൺസിലാണ് തിരഞ്ഞെടുക്കുന്നത്. ഉദ്യോഗകാലാവധി അഞ്ചുകൊല്ലമാണു.

സ്റ്റേററു പൊളിററിക്കൽ ഡിപ്പാർട്ടുമെൻററ് എന്ന പേരുള്ള വകുപ്പ്, വിപ്ലവവിരുദ്ധമനോഭാവമുള്ളവരുടെ മേൽ പോലീസധികാരവും നീതിന്യായപരമായ നിയന്ത്രണങ്ങളും സുദൃഢമായിപ്രയോഗിക്കുന്നുണ്ട്. ഇതി

ലേക്ക് സമത്ഥന്മാരായ ചാരന്മാരെ ആക്കിയിട്ടുണ്ട്. ഒളിവിൽ നിന്നുകൊണ്ടുള്ള അവരുടെ പ്രവത്തനങ്ങൾ സ്വാതന്ത്ര്യപ്രേമികൾക്ക് എങ്ങനെ ഖണ്ഡിക്കും എന്ന് ചിലർ ചോദിക്കാറുണ്ട്. സ്ഥിതിസമത്വവാദം സ്വയരക്ഷക്ക് വേണ്ടി ഇപ്പോഴും സമരം ചെയ്യുണ്ടതായിട്ടിരിക്കുന്നതിനാൽ ഈ ദൃശസംഘടനകൾ അനുപേക്ഷണീയമാണെന്നാണ് കമ്മ്യൂണിസ്ററുകാരുടെ മറുപടി.

---

# V

## ഇൻഡ്യാ

ഇൻഡ്യയുടെ ഇപ്പോഴത്തെ ഭരണഘടന 1935-ലെ ഇൻഡ്യാ ആക്ററിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഈ ആക്ററനുസരിച്ച്, ഇന്ത്യയിൽ ഒരു സംയുക്തഭരണസമ്പ്രദായം (Federation) നടപ്പിൽ വരുത്തണമെന്നാണ് തീരുമാനിച്ചതു്. എന്നാൽ മൌലീകമായ പല പ്രശ്നങ്ങൾക്കും തീരുമാനങ്ങൾ കണ്ടെത്തേണ്ടതായിട്ടിരുന്നതുകൊണ്ട് ഫെഡറേഷൻ സംസ്ഥാപനം അനിശ്ചിതകാലത്തേക്ക് മാററിവയ്ക്കുന്നതിന്നും 1935-ലെ ആക്ററിൽ പ്രവിശ്യകളെ സംബന്ധിച്ചുള്ള ഭാഗം മാത്രം ഉടനടി നടപ്പിൽ വരുത്തുന്നതിനും നിശ്ചയിക്കുകയാണ് ചെയ്തതു. തദനുസരണം 1937 ഏപ്രിൽ മാസത്തിൽ പ്രവിശ്യകളെ സംബന്ധിച്ചുള്ള ഭരണപരിഷ്കാരം പ്രവൃത്തിരൂപത്തിൽ കൊണ്ടുവന്നു.

1935-ലെ പാർലിയമെൻററു ആക്ററ ഇന്ത്യയിലെ ദേശീയവാദികളെ തൃപ്തിപ്പെടുത്തുന്നതിന് പര്യാപ്തമായില്ല. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ പ്രക്ഷോഭണം പിന്നെയും നടന്നുകൊണ്ടിരുന്നു. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതോടുകൂടി ബ്രിട്ടനിൽ തൊഴിലാളി ഗവമ്മെണ്ട് അധികാരത്തിൽ വരുകയും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ധീരവും ന്യായയുക്തവുമായ ഒരു നയം അവർ സ്വീകരിക്കുകയുംചെയ്തു. 1948-ജൂൺമാസത്തോടുകൂടി ഇന്ത്യയുടെ ഭരണാധികാരം ഉത്തരവാദിത്വമുള്ള ഇന്ത്യൻ ഹസ്തങ്ങളിലേയ്ക്കു് പകൎന്നുകൊണ്ട് ഇന്ത്യ വിടുന്നതിന് ബ്രിട്ടീഷുകാർ നിശ്ചയിച്ചിരിക്കുന്നതായി ബ്രിട്ടീഷ്പ്രധാനമന്ത്രി ക്ലെമൻറു് ആററ്ലി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. അങ്ങിനെ, ഇന്ത്യയുടെ ഭാവിഭരണഘടന ഏതുതരത്തിൽ വേണമെന്നുള്ളതിനെ സംബന്ധിച്ച് ഗൌരവതരമായ ആലോചനകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നാളിതുവരെയുണ്ടായിട്ടുള്ള മാററങ്ങൾ ഒന്നു് വിഹഗവീക്ഷണം ചെയ്യുന്നതു് പ്രയോജനകരമായിരിക്കുമല്ലൊ.

പതിനേഴാം ശതാബ്ദത്തിൻെറ ആരംഭത്തിൽ ഈസ്റ്റിന്ത്യാകമ്പനിക്കാർ ഇവിടെ വന്ന് വ്യാപാരം തുടങ്ങിയതോടുകൂടിത്തന്നെ ബ്രിട്ടീഷ്കാർ ഇന്ത്യയിൽ കാലുറപ്പിച്ചതായി വിചാരിക്കാം. എന്നാൽ 1765-ൽ അന്നത്തെ

മുഗൾചക്രവർത്തി ആയിരുന്ന ഷാആലം ഈസ്റ്റിന്ത്യാക സനിക്കാക്ക് ബംഗാൾ, ബീഹാർ, ഒറീസ്സാ എന്നീസ്ഥലങ്ങളിൽ ചില പ്രത്യേക അവകാശങ്ങൾ അനുവദിച്ചുകൊടുത്തതോടുകൂടിയാണു് രാജ്യഭരണപരമായി ബ്രിട്ടീഷ്മേധാവിത്വം ഇന്ത്യയിൽ വേരൂന്നിയതു്. അന്നുമുതൽ കമ്പനിയുടെ നയപരിപാടികൾ ഫലപ്രദമാംവണ്ണം ബ്രിട്ടീഷ് പാർലിയമെൻററിന്റെ നിയന്ത്രണത്തിൻ കീഴിൽകൊണ്ടുവരുന്നതിനു് ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. ഈ ഉദ്ദേശസാദ്ധ്യതയ്ക്കു് ഏർപ്പെടുത്തിയ ആദ്യത്തെ നിയമം 1773-ലെ റഗുലേററിങ്ങ് ആക്ററാണ്. ഇതനുസരിച്ചു ബംഗാൾ പ്രസിഡൻസി ഭരിക്കുന്നതിനു് (അന്നു് ഫോർട്ടുവില്യം പ്രസിഡൻസി) ഒരു ഗവർണ്ണർ ജനറലിനേയും നാലുകൌൺസിലറന്മാരേയും നിയമിച്ചു. മദ്രാസ്, ബോംബെ എന്നിവയുടെമേൽ ബംഗാൾ പ്രസിഡൻസിക്കു് ആധിപത്യം ഉണ്ടായിരിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

1833-ൽ ബ്രിട്ടീഷ് പാർലിയമെൻററിൽ പാസ്സാക്കിയ ചാർട്ടർ ആക്ററനുസരിച്ചു് കമ്പനിയുടെ ഘടനയും ചുമതലകളും സംബന്ധിച്ചു് കാര്യമായ പലമാററങ്ങളും നടപ്പിൽവരുത്തി. കമ്പനിക്കാർ അവരുടെ വ്യാപാരസംബന്ധമായ ജോലികൾ നിർത്തിവയ്ക്കുവാൻ നിർബ്ബന്ധിതരാവുകയും അവർക്കു് ഇന്ത്യയിൽ ലഭിച്ച സ്വത്തു് ബ്രിട്ടീഷ് രാജാവിനും അനന്തരാവകാശികൾക്കും വേണ്ടി ഒരു ട്രസ്റ്റ് എന്നനിലയിൽ മാത്രം ഇരുപതു്

കൊല്ലക്കാലത്തേക്ക് കമ്പനിക്കാർതന്നെ വച്ചുകൊണ്ടിരിക്കുന്നതിന് നിശ്ചയിക്കുകയുംചെയ്തു. എന്നാൽ ഈ പ്രദേശങ്ങളിന്മേലുള്ള സിവിലും മിലിററിയുമായുള്ള അധികാരം ഒരു ഗവണ്ണർ ജനറലിൻെറയും കൌൺസിലിൻേറയും ചുമലിൽവയ്ക്കുകയാണ് ചെയ്തതു്. ഏതു് ഉദ്യോഗവും വഹിക്കുന്നതിന് മതം, വർണ്ണം, ജന്മദേശം എന്നിവ ഒരിന്ത്യാക്കാരനും തടസ്സമായിരിക്കുന്നതല്ല എന്ന് പ്രഖ്യാപിക്കപ്പെട്ടു.

## 1853-ലെ ചാർട്ടർ

ബ്രിട്ടീഷ് പാർലിയമെൻററു നിശ്ചയിക്കുന്ന കാലത്തോളം ഇന്ത്യയിലെ ബ്രിട്ടീഷ് പ്രദേശങ്ങൾ ബ്രിട്ടീഷ് രാജാവിനുവേണ്ടി ഈസ്റ്റിൻന്ത്യാകമ്പനിക്കാർ തന്നെ തുടന്നു ഭരിക്കേണ്ടതാണെന്ന് നിശ്ചയിച്ചു. ഇതു കൂടാതെ ഇന്ത്യയിൽ പന്ത്രണ്ട് അംഗങ്ങളോടുകൂടിയ ഒരു നിയമസഭരൂപീകരിക്കപ്പെട്ടു. ഗവണ്ണർ ജനറൽ, സർവ്വസൈന്യാധിപൻ, ഗവണ്ണർജനറലിൻെറ കൌൺസിലിലെ നാലു സാധാരണ അംഗങ്ങൾ, ബംഗാളിലെ ചീഫ് ജസ്റ്റീസ്, സുപ്രീംകോർട്ടിലെ ഒരു പ്യൂണിജഡ്ജ് എന്നിവരെ കൂടാതെ ഈസ്റ്റിന്ത്യാകമ്പനിയിൽ പത്തുകൊല്ലക്കാലം സേവനം അനുഷ്ഠിച്ചിട്ടുള്ളവരിൽ നിന്നു് ബംഗാൾ, മദ്രാസ്, ബോംബെ, വടക്കുപടിഞ്ഞാറെ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ പ്രാദേശിക ഗവമ്മേണ്ടുകൾ തിരഞ്ഞെടുക്കുന്ന നാലുപേർ; ഇത്രയും പേരാണ് നിയമസഭയിലെ അംഗങ്ങൾ. സഭയുടെ നടപടികൾ പ

രസ്യമായിട്ടാണ് നടത്താറുണ്ടായിരുന്നത്. ഇന്ത്യൻ സിവിൽ സർവ്വീസിലേക്കുള്ള നിയമനങ്ങൾ അക്കാലംവരെ നോമിനേഷൻ സമ്പ്രദായപ്രകാരമായിരുന്നത് മാററി ലണ്ടനിൽവച്ച് നടത്തുന്ന മത്സരപ്പരീക്ഷമുഖേനയാക്കി. പാർലിയമെൻററിൻെറ നിയന്ത്രണത്തിന് വിധേയമായി ഈസ്റ്റിന്ത്യാകമ്പനിക്കാർക്ക് രാഷ്ട്രീയമായും ഭരണപരമായും സൈനികമായുമുള്ള പരമാധികാരം നല്കി.

ഇന്ത്യയുടെമേൽ ഈസ്റ്റിന്ത്യാകമ്പനിക്ക് ലഭിച്ച ആധിപത്യം വളരെഒക്കെ ആക്രമണത്തിൻെറ ഫലമായിട്ടും, ഏറിയകൂറും ദില്ലിയിൽ നാമമാത്രമായി ഭരിച്ചിരുന്ന ചക്രവത്തിയിൽ നിന്നും മററുഭരണാധികാരികളിൽനിന്നും ദാനമായും ഉടമ്പടികൾ മുഖേനയും സിദ്ധിച്ചതാണ്. ദാതാക്കൾക്കുണ്ടായിരുന്ന അനിയന്ത്രിതമായ അധികാരങ്ങൾതന്നെ സ്വാഭാവികമായി ഈസ്റ്റിന്ത്യാകമ്പനിയും ഈ പ്രദേശങ്ങളിൽ പ്രയോഗിച്ചുവന്നു. കമ്പനിയുടെ അധികാരം ബ്രിട്ടീഷ് പാർലിയമെൻററിന് വിധേയമായിരുന്നു എന്ന് മാത്രമെഉള്ളു.

## 1858-ലെ ആകറ്റ്

1857-ൽ ഇന്ത്യയിൽ ഉണ്ടായ വമ്പിച്ച ലഹളയ്ക്ക് ശേഷം 1858-ൽ പാർലിയമെൻററ് ആക്ററും പ്രകാരം ഇന്ത്യയുടെ മേൽ പൂർണ്ണമായും നേരിട്ടുള്ള നിയന്ത്രണാധികാരം ബ്രിട്ടീഷ് രാജാവിൽ നിക്ഷിപ്തമായി ബോർഡ് ആഫ് കൺട്രോൾ എന്ന സമിതി അക്കാലംവരെ പ്രയോഗിച്ചു കൊണ്ടിരുന്ന അധികാ

രങ്ങൾ ഇന്ത്യാസിക്രട്ടറി എന്ന ഒരു പുതിയ ഉദ്യോഗസ്ഥ ന് നല്കി. ഇന്ത്യാസിക്രട്ടറിയെ സഹായിക്കാൻ പതിന ഞ്ച് അംഗങ്ങൾ അടങ്ങിയ ഒരു കൌൺസിലും രൂപീക രിക്കപ്പെട്ടു. കൌൺസിലിൻെറ അദ്ധ്യക്ഷൻ ഇന്ത്യാ സിക്രട്ടറിയാണ്. അഭിപ്രായ ഭിന്നതകൾ ഉണ്ടാവുമ്പോ ൾ കൌൺസിലിൻെറ അഭിപ്രായങ്ങൾ അവഗണിക്കാ ൻ ഇന്ത്യാസിക്രട്ടറിക്ക് അധികാരം നല്കി ഇന്ത്യയിലെ മുതലെടുപ്പിൻെറ വിനിയോഗം സംബന്ധിച്ചുള്ള അ ധികാരവും ഇന്ത്യാസെക്രട്ടറിക്കും കൌൺസിലിന്നും കൂടി കൊടുത്തു.

## വിക്ടോറിയ മഹാരാജ്ഞിയുടെ വിളംബരം

1858-ൽ ഇന്ത്യയുടെ ഭരണകർത്തൃത്വം സ്വയം കൈയ്യേറ്റും കൊണ്ട് വിക്ടോറിയ മഹാരാജ്ഞി പ്ര സിദ്ധപ്പെടുത്തിയ വിളംബരത്തിൽ മതസംബന്ധമായ കാര്യങ്ങളിൽ ബ്രിട്ടീഷ് ഗവൺമെൻ്റ് നിഷ്പക്ഷമായി നില കൊള്ളുമെന്ന് പ്രഖ്യാപിച്ചതു കൂടാതെ, സാദ്ധ്യമാകു ന്നിടത്തോളം ഏതു ജാതിയിലും വിഭാഗത്തിലുംപെട്ടപ്ര ജകൾക്കും എന്തുദ്യോഗത്തിലും നിയമിക്കപ്പെടുവാൻ അ വകാശമുണ്ടായിരിക്കുമെന്ന് വിശദപ്പെടുത്തുകയും ചെയ്തു. ഇന്ത്യയിൽ കൂടുതലായി രാജ്യവിഭാഗങ്ങൾ പിടിച്ചടക്കു ന്നതല്ലെന്ന് വിളംബരത്തിൽ പ്രസ്താവിച്ചിരുന്നു. നാ ട്ടുരാജ്യങ്ങൾക്ക് ആഭ്യന്തരമായിട്ടുണ്ടായിരുന്ന പരമാധി കാരത്തിന് ഉറപ്പ് നല്കി നാട്ടുരാജാക്കന്മാരും ഈസ്റ്റ്

ന്ത്യാകമ്പനിക്കാരുമായി ഉണ്ടായിട്ടുള്ള സകലഉടമ്പടികളും കരാറുകളും താൻ സ്വീകരിച്ചിരിക്കുന്നു എന്നും അവ അക്ഷരം പ്രതിപാലിക്കപ്പെടുന്നതാണെന്നും വിക്ടോറിയാമഹാരാജ്ഞി പ്രസ്താവിച്ചു.

## 1861ലെ കൌൺസിൽ ആക്റ്റ്

ഇതനുസരിച്ച്, ഗവർണ്ണർ ജനറലിൻെറ എക്സിക്യൂട്ടീവ് കൌൺസിലിൽ അഞ്ച് സാധാരണ മെമ്പറന്മാരുണ്ടായിരിക്കണമെന്ന് നിശ്ചയിച്ചു. ഇതു കൂടാതെ നിയമ സഭയിൽ, ഗവർണ്ണർ ജനറലിൻെറ എക്സിക്യൂട്ടീവ് കൌൺസിലിലെ അംഗങ്ങളും, ഗവർണ്ണർ ജനറലിനാൽ നോമിനേററ് ചെയ്യപ്പെടുന്ന ആറിൽ കുറയാതെയും പന്ത്രണ്ടിൽ കൂടാതെയും ഉള്ള കൂടുതൽ അംഗങ്ങളും ഉണ്ടായിരിക്കണമെന്ന് നിശ്ചയിച്ചു. ഇങ്ങിനെ നോമിനേററ് ചെയ്യപ്പെടുന്നവരിൽ പകുതിയിൽ കുറയാതെ അനദ്ധ്യോഗസ്ഥ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു.

## 1892ലെ ആക്റ്റ്

1885-ൽ സമാരംഭിക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ ശ്രമഫലമായിട്ടാണെന്ന് പറയാം ഈആക്റ്റ് പാസ്സായതു്. ഇതനുസരിച്ച് കേന്ദ്രത്തിലേയും പ്രവിശ്യകളിലേയും നിയമ സഭകളെ വിപുലപ്പെടുത്തി. തെരഞ്ഞെടുപ്പ് സമ്പ്രദായം നിലവിലിരിക്കുകയാണെങ്കിൽ ഉണ്ടാകാവുന്ന ഫലം സിദ്ധിക്കാത്ത

ക്ക രീതിയിൽ ഗവൎണ്ണർ ജനറൽ നിയമസഭയിലെ അംഗങ്ങളെ നോമിനേററു് ചെയ്തുതുടങ്ങി. വാൎഷികഫിനാൻഷ്യൽസ്റ്റേററ് മെൻ്ററിനെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു ചില നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി ചോദ്യങ്ങൾ ചോദിക്കുന്നതിന്നു് നിയമസഭാമെമ്പറന്മാക്കു് അധികാരം നല്കി. പ്രവിശ്യകളെ സംബന്ധിച്ച കേന്ദ്രസഭ പാസ്സാക്കുന്ന നിയമങ്ങൾ ഗവൎണ്ണർ ജനറലിൻെറ മുൻ കൂട്ടിയുള്ള അനുവാദത്തോടുകൂടി ഭേദഗതി ചെയ്യുന്നതിന്നും റദ്ദാക്കുന്നതിനു പ്രവിശ്യകളിലെ നിയമസഭകൾക്ക് അധികാരം കൊടുത്തു.

## മിൻറെറാ മോർലി പരിഷ്കാരങ്ങൾ

1909--ലെ ഇന്ത്യൻ കൌൺസിൽസ് ആക്ററ് കേന്ദ്രത്തിലേയും പ്രവിശ്യകളിലേയും എക്സിക്യൂട്ടീവ് വകുപ്പിലും നിയമ നിൎമ്മാണ വകുപ്പിലും സാരമായ പല മാററങ്ങളും വരുത്തി. അന്നു് ഇന്ത്യാസിക്രട്ടറിയായിരുന്നതു് മോർലിപ്രഭുവും, വൈസ്രോയിയും ഗവൎണ്ണർ ജനറലും ആയിട്ടു് മിൻറെറാ പ്രഭുവും ആയിരുന്നു. അവരിരുവരുടേയും ശ്രമഫലമായുണ്ടായ പദ്ധതി ഏകശാസന ഭരണരീതിയും വ്യവസ്ഥാപിത സമ്പ്രദായവും തമ്മിൽ കൂട്ടിയിണക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നു എന്നു് പറയാം. എന്നാൽ ജനപ്രാതിനിദ്ധ്യഭരണമല്ല തങ്ങളുടെ ലക്ഷ്യം എന്ന് അവർ പ്രത്യേകം വിശദപ്പെടുത്തിയിരുന്നു. കേന്ദ്ര ഗവൎമ്മെണ്ടിൽ അധികാരം കേന്ദ്രീകരിക്കുക, എക്സി

ക്യൂട്ടീവിൻെറ നിയമനിമ്മാണ ജോലി ഫലമാംവണ്ണം നിയന്ത്രിക്കുക) ഇന്ത്യാഗവമ്മേണ്ടിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് പാർലിയമെൻറിന്ന് പൂണ്ണമായിട്ട് ച്ചുമതലയുണ്ടായിരിക്കുക ഇത്രയുമായിരുന്നു അക്കാലത്തു് അംഗീകരിക്കപ്പെട്ടിരുന്ന അടിസ്ഥാന തത്വങ്ങൾ-രാജ്യഭരണ വിഷയത്തിൽ ഇന്ത്യക്കാരെക്കൂടി ഭാഗഭാക്കുകളാക്കുക എന്നു തത്വം പാലിക്കുന്നതിനുവേണ്ടി എസ്സ് പി. സിൽഹാ (പിന്നീട് പ്രഭുസ്ഥാനത്തേക്ക് ഉയത്തപ്പെട്ട) എന്നൊരാളെ ഗവണ്ണർ ജനറലിൻെറ കൌൺസിലിൽ ലോമെമ്പർ ആയി നിയമിച്ചു. ഇതിന്ന് മുൻപ് തന്നെ ഇന്ത്യാസിക്രട്ടറിയുടെ കൌൺസിലിൽ രണ്ട് ഇന്ത്യക്കാരെ നിയമിച്ചിരുന്നു. ഇതെ നയമനുസരിച്ച് ബംഗാൾ, ബോംബെ, മദ്രാസ്, ബിഹാറും ഒറീസ്സായും എന്നിവടങ്ങളിലെ എക്സിക്യൂട്ടീവ് കൌൺസിലുകളിലും ഇന്ത്യാക്കാരെ നിയമിക്കുകയുണ്ടായി.

1909-ലെ ചട്ടങ്ങളിൽ ചില ഭേദഗതികൾ 1912-ൽ വരുത്തി. ഈ ഭരണ പരിഷ്കാരം അനുസരിച്ച് ഗവണ്ണർ ജനറലിൻെറ നിയമ നിമ്മാണ സഭയിൽ ൬9 അംഗങ്ങൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു. 26-ൽ കൂടാതെ ഉദ്യോഗസ്ഥ മെമ്പറന്മാരുൾപ്പടെ 33 നോമിനേററസ് മെമ്പറന്മാർ, 27 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, 9 എക്സ്ഒഫീഷ്യോ അംഗങ്ങൾ ഇങ്ങിനെ 69 പേരാണു് ഉണ്ടായിരുന്നതു്. സഭയിൽ ഉദ്യോഗസ്ഥ ഭൂരിപക്ഷമാണുണ്ടായിരുന്നതു് എന്നതു് സ്പഷ്ടമാ.

ണെല്ലോ. 1911-ൽ നടന്ന ഡൽഹി ഡർബാറിനു ശേഷം ഇന്ത്യയുടെ തലസ്ഥാനം കൽക്കത്തായിൽ നിന്നു് ഡില്ലി യിലേക്കു് മാററി,

പ്രവിശ്യകളിലെ നിയമസഭകളും വിപുലപ്പെടുത്തി. വലിയ പ്രവിശ്യകളിലെ സഭകളിൽ 50-ൽ കൂടാതെയും ചെറിയ പ്രവിശ്യകളിൽ 30-ൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു് നിശ്ചയിച്ചു. ബംഗാളിൽ മാത്രം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കു് ഭൂരിപക്ഷവും മററുള്ള എല്ലാ പ്രവിശ്യകളിലും ഉദ്യോഗസ്ഥ മെമ്പറന്മാരും അനുദ്യോഗസ്ഥ നോമിനേററസ് മെമ്പറന്മാരും കൂടി ചേർന്നാൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ അപേക്ഷിച്ചു് അല്പം ഭൂരിപക്ഷം കിട്ടത്തക്കവണ്ണവുമാണു് വ്യവസ്ഥ ചെയ്തിരുന്നതു്. മുസ്ലിങ്ങൾക്കു് പ്രത്യേക നിയോജക മണ്ഡലങ്ങൾ അനുവദിച്ചിരുന്നു എന്നു് മാത്രമല്ല ചില പ്രത്യേക വിഭാഗങ്ങൾക്കും താല്പര്യങ്ങൾക്കും പ്രാതിനിധ്യം കിട്ടത്തക്കവണ്ണം നേരിട്ടല്ലാതെയുള്ള ഒരു തരം തെരഞ്ഞെടുപ്പുരീതിയും പ്രയോഗത്തിൽ കൊണ്ടു വന്നു.

ഈ നിയമസഭകളുടെ പ്രവൎത്തനം നിയമം നിൎമ്മിക്കുക, വാദപ്രതിവാദം ചെയ്യുക, ചോദ്യങ്ങൾ ചോദിക്കുക എന്നിങ്ങനെ മൂന്നു തരത്തിലായിരുന്നു. നിയമ നിൎമ്മിതി സംബന്ധിച്ചുള്ള അധികാരം വിപുലപ്പെടുത്തിയില്ല എങ്കിലും ബഡ്ജററു് സംബന്ധിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനുള്ള അധികാരം സാരമായ വിധ

ത്തിൽ വൎദ്ധിപ്പിച്ചു. പൊതു പ്രാധാന്യമുള്ള സംഗതികളിൽ പ്രമേയങ്ങൾ കൊണ്ടുവന്നു് സഭയിൽ വോട്ടെടുപ്പു് നടത്തിക്കുന്നതിനു് അംഗങ്ങൾക്കു് അവകാശമുണ്ടായിരുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും പ്രഫസർ കീത്തു് പറഞ്ഞിട്ടുള്ളതുപോലെ, തക്കതായ നിയമങ്ങൾ ഉണ്ടാക്കുന്നതിനു് എക്സിക്യൂട്ടീവിനെ സഹായിക്കുക എന്ന ഒരൊററ ചുമതല മാത്രമെ ഈ നിയമസഭകൾക്കു് കാൎയ്യമായ വിധത്തിൽ ഉണ്ടായിരുന്നുള്ളു. അനുദ്യോഗസ്ഥ ഭൂരിപക്ഷത്തോടുകൂടിയ നിയമസഭകൾ ഉണ്ടായിരുന്ന പ്രവിശ്യകളിൽ പോലും എക്സിക്യൂട്ടിവിൻെറ അധികാരം അവരുടെ ഇച്ഛാനുസരണം പ്രയോഗത്തിൽ വരുത്തുന്നതിനു് കഴിയുമായിരുന്നു. കേന്ദ്രഗവൎമ്മെണ്ടിൻെറ പരമാധികാരം ഉപയോഗിച്ചാൽ മാത്രം മതിയാവും. കേന്ദ്രനിയമസഭയിൽ ഉദ്യോഗസ്ഥ ഭൂരിപക്ഷമാണുള്ളതും-

ജനകീയഭരണ സമ്പ്രദായം നടപ്പിൽ വരുത്തണമെന്നു് അഭ്യസ്തവിദ്യരായ ഇന്ത്യാക്കാർ മുറവിളി കൂട്ടിക്കൊണ്ടിരുന്നു. ഇന്ത്യൻനാഷനൽ കോൺഗ്രസ്സ് ഇക്കാൎയ്യത്തിൽ മുന്നിട്ടു് പ്രവൎത്തിച്ചു. ഇതിൻെറ ഫലമായിട്ടും, വിശിഷ്യാ, 1914 മുതൽ 18 വരെ നടന്ന ലോകമഹായുദ്ധത്തിൽ ഇന്ത്യാനല്കിയ മഹത്തായ സേവനങ്ങളെ സ്മരിച്ചും ബ്രിട്ടീഷ് ഭരണാധികാരികൾ 1917-ൽ ഒരു നയപ്രഖ്യാപനം ചെയ്യുകയുണ്ടായി. അക്കാലത്തു് ഇന്ത്യാസെക്രട്ടറിയായിരുന്ന ഇ, എസ്സ്. മോണ്ടേഗു കോമൺസു സഭയിൽതാഴെക്കാണും പ്രകാരം പ്രഖ്യാപിച്ചു:—

"ഭരണകൂടത്തിന്റെ എല്ലാശാഖകളിലും ഇന്ത്യാക്കാരെ പ്രവേശിപ്പിക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു അവിഭാജ്യഘടകം എന്ന നിലയിൽ ഇന്ത്യയിൽ ഉത്തരവാദിത്വഭരണം പടിപടിയായി സ്ഥാപിക്കത്തക്കവണ്ണം സ്വയംഭരണരീതിയിലുള്ള സ്ഥാപനങ്ങൾ ക്രമേണ വളർത്തിക്കൊണ്ടുവരുകയുമാണു ചക്രവർത്തി തിരുമനസ്സിലെ ഗവമ്മേണ്ടിന്റെ നയം. ഇക്കാര്യത്തിൽ ഇന്ത്യാഗവമ്മേണ്ടിന്റെ പരിപൂർണ്ണമായ സമ്മതവുമുണ്ട്." 1919-ലെ ഇന്ത്യാആക്ററ ഈ പുതിയനയത്തിന്റെ ഫലമായിട്ടുണ്ടായതാണ്. ഭരണപരിഷ്കാരം സംബന്ധിച്ച് അന്നത്തെ ഇന്ത്യാവൈസ്രോയിയായിരുന്ന ചെംസ്ഫോർഡ് പ്രഭുവും ഇന്ത്യാസെക്രട്ടറിയായിരുന്ന മി. മോണ്ടേഗുവും കൂടി സമപ്പിച്ച റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയതു.

## 1919-ലെ ഭരണഘടന

ഇതിലെ വ്യവസ്ഥഅനുസരിച്ച് ഭരണസംബന്ധമായ പരമാധികാരം ബ്രിട്ടീഷ് പാർലിയമെന്ററിനാണ്. ഇന്ത്യാസെക്രട്ടറി മുഖേന ആണു് പാർലിയമെൻറു് ഈ അധികാരം പ്രയോഗിക്കുന്നതു്. ഇന്ത്യാസെക്രട്ടറിയെ സഹായിക്കുവാൻ ഇംഗ്ലണ്ടിൽ ഒരു കൌൺസിൽ ഉണ്ടു്. ഇവക്ക് ഇന്ത്യയിലെ ഭരണകാൎയ്യസംബന്ധമായ ചെലവിന്മേൽ പരിപൂർണ്ണമായ നിയന്ത്രണാധി

കാരം ഉണ്ട്. പ്രായോഗികമായി അധികാരകേന്ദ്രം കൌൺസിലിൽ നിന്നു ബ്രിട്ടീഷ് മന്ത്രിസഭയിലേക്ക് മാറി. മന്ത്രിസഭ ഇന്ത്യാവൈസ്രോയിയുമായിനേരിട്ട് ഇടപെടുന്നു.

ഇന്ത്യയുടെ കേന്ദ്രഗവമ്മേണ്ടു എന്നു പറയുന്നതു് വൈസ്രോയിയും അദ്ദേഹത്തിൻെറ കൌൺസിലുമാണ്. തിരഞ്ഞെടുക്കപ്പെട്ട ഭൂരിപക്ഷമുള്ള രണ്ടു മണ്ഡലങ്ങളോടുകൂടിയ നിയമസഭയും ഉണ്ട്. ഉപരിമണ്ഡലത്തിൻെറ പേർ കൌൺസിൽ ആഫ് സ്റ്റേററ് എന്നാണ്. ഇതിൽ 33 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും 21 നോമിനേററഡ് അംഗങ്ങളും ഉണ്ട്. സങ്കുചിതമായ (ഉയന്ന) ഒരു ഭൂസ്വത്തു് അടിസ്ഥാനത്തിന്മേലാണ് ഈ സഭയിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നതു്. യൂറോപ്യൻ പ്രതിനിധികളും ഈ സഭയിൽ ഉണ്ട്.

"ലെജിസ്ലേറ്റീവ് അസംബ്ലി" എന്ന പേരുള്ള അധോമണ്ഡലത്തിൽ 105 തിരഞ്ഞെടുക്കപ്പെട്ടവരും 41 നോമിനേററഡ് മെമ്പറന്മാരും ഉണ്ട്. ഈ സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൻെറ കാൎയ്യത്തിലും നിയോജകമണ്ഡലങ്ങൾ സങ്കുചിതമാക്കപ്പെട്ടിരിക്കുകയാണ്. ഭൂസ്വത്തു് മാനദണ്ഡം ഉപരിമണ്ഡലത്തിൻെറ കാൎയ്യത്തിലെപ്പോലെ അത്രമാത്രം ഉയന്നതല്ല എന്നേഉള്ളു.

ഈ നിയമസഭകളുടെ അധികാരങ്ങൾ വളരെ പരിമിതമാണ്. വൈസ്രോയിക്ക് ഏതു ബില്ലും നിരാകരിക്കുന്നതിനുള്ള നിഷേധാധികാരം ഉണ്ട്. ഏതെങ്കിലും

ഒരു മണ്ഡലം പാസ്സാക്കിയ ഒരു ബില്ല് മററെ സഭ പാസ്സാക്കി ഇല്ലെങ്കിൽ തന്നെയും നിയമമായി പ്രഖ്യാപിക്കുന്നതിന് വൈസ്രോയിക്ക് അധികാരമുണ്ട്. രണ്ടു മണ്ഡലങ്ങളിലും തള്ളിക്കളഞ്ഞാൽ തന്നെയും ഒരു ബില്ല് പൊതു സമാധാനത്തിന് അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടന്ന പക്ഷം വൈസ്രോയിക്ക് ലണ്ടനിലെ ഇമ്പീരിയൽ പാർലിയമെൻററിൻെറ സമ്മതത്തോടുകൂടി നിയമമായി അംഗീകരിക്കാം. അത്യാവശ്യസന്ദർഭങ്ങളിൽ ലണ്ടനിലെ അനുവാദം വാങ്ങാതെ തന്നെയും, സ്വന്തം ഉത്തരവാദത്തിന്മേൽ വൈസ്രോയിക്ക് ഇങ്ങനെ ചെയ്യാവുന്നതാണ്.

ബഡ്ജററ്, ലെജിസ്ലേററീവ് അസംബ്ളി പാസ്സാക്കണമെന്നാണ് വയ്പ്. പക്ഷെ ഏതെങ്കിലും തുക അസംബ്ളി പാസ്സാക്കുന്നില്ലെങ്കിൽ അവരുടെ അഭി- മതത്തിനെതിരായി ആ തുക ചെലവാക്കുന്നതിന് വൈസ്രോയിക്ക് അധികാരമുണ്ട്. കൂടാതെ, സായുധസേനകൾക്ക വേണ്ടിയും, രാഷ്ട്രീയവും മതപരവുമായ ചില പ്രത്യേക സേവനങ്ങൾക്കവേണ്ടിയുമുള്ള ശമ്പളം, അടിത്തൂൺ എന്നിവയും വായ്പകൾ മതലായ ചില ചെലവിനങ്ങളും അസംബ്ളിയുടെ നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ചുരുക്കിപറഞ്ഞാൽ നിയമസഭക്ക് കേവലം നാമമാത്രമായ അധികാരങ്ങൾ മാത്രമെ ഉള്ളു.

നിയമപരമായും ഭരണസംബന്ധമായും ഉള്ള വിഷയങ്ങൾ രണ്ടായി ഭാഗിച്ചു. (1) കേന്ദ്രവിഷയങ്ങൾ

(2) പ്രവിശ്യകളെ സംബന്ധിക്കുന്ന വിഷയങ്ങൾ. കേന്ദ്ര വിഷയങ്ങൾ കേന്ദ്രഗവർമ്മെണ്ടിന്റെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. പ്രതിരോധം (Defence) വിദേശബന്ധങ്ങൾ, നാട്ടുരാജ്യങ്ങളുമായുള്ള ബന്ധം, ഗതാഗതം, തപാൽ, പ്രധാന തുറമുഖങ്ങൾ, നാവികവകുപ്പ്, നാണയകാര്യം, പൊതുകടം, വാണിജ്യം, ആദായനികുതി, ക്രിമിനലും സിവിലും ആയിട്ടുള്ള നിയമനടപടിക്രമം, ഇങ്ങനെ ഇന്ത്യയെ പൊതുവെ സ്പർശിക്കുന്ന എല്ലാകാര്യങ്ങളും കേന്ദ്രവിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി.

വൈസ്രോയിഭരണം നടത്തുന്നതു് ഒരു എക്സിക്യൂട്ടീവ് കൌൺസിലിന്റെ സഹായത്തോടുകൂടിയാണ്. ഇതിലെ അംഗങ്ങൾ ഓരോ കേന്ദ്രഡിപ്പാർട്ടുമെണ്ടിന്റെയും മേധാവിയായിരിക്കും. സർവ്വസൈന്യാധിപൻ (Army member), ആഭ്യന്തരകാര്യമെമ്പർ (Home member), ധനകാര്യമെമ്പർ (Finance member) ലാമെമ്പർ, കോമേഴ്സ മെമ്പർ, വിദ്യാഭ്യാസം പൊതുജനാരോഗ്യം എന്നിവയ്ക്കു് ഒരു മെമ്പർ, വ്യവസായം തൊഴിൽകാര്യം ഇവയ്ക്കു് ഒരു മെമ്പർ ഇങ്ങിനെയുള്ള ഈ എക്സിക്യൂട്ടീവ് കൌൺസിലറന്മാരുടെ നിയമനം ഇന്ത്യാസെക്രട്ടറിയുടെ ശുപാർശയിന്മേൽ ബ്രിട്ടീഷ് ചക്രവർത്തിയാണ് നടത്തുന്നതു്. ഇവരിൽ മൂന്നുപേർ ഇന്ത്യക്കാരും നാലുപേർ യൂറോപ്യന്മാരും ആയിരിക്കും. അവർ ജനപ്രതിനിധികളല്ല. ഉദ്യോഗസ്ഥന്മാരാണ്. വിദേശകാര്യങ്ങളും, പൊളിററിക്കൽ ഡിപ്പാർട്ടു്മെന്ററും ഗവർണ്ണർ ജനറ

ലിന്റെ നേരിട്ടുള്ള നോട്ടത്തിലാണ് വൈസ്രോയി എന്നനിലയിൽ, ഗവൎണ്ണർ ജനറൽ ബ്രിട്ടീഷിന്ത്യയേയും നാട്ടുരാജ്യങ്ങളേയും തമ്മിൽ കൂട്ടിച്ചേക്കുന്ന ഒരു ശൃംഖലയാണ്.

## പ്രവിശ്യകളിലെ ഭരണരീതി

പ്രവിശ്യകളിൽ നടപ്പിൽ വരുത്തിയ ഭരണരീതി ദ്വിഭരണ സമ്പ്രദായം (Dyarchy) എന്ന പേരിനാൽ അറിയപ്പെടുന്ന ഭരണവകുപ്പുകളിൽ ചിലതു് നിയമസഭയോടു് ഉത്തരവാദിത്വമുള്ള ഇന്ത്യൻ മന്ത്രിമാരുടെ ചുമതലയിൽ വിട്ടുകൊടുക്കുകയും ബാക്കിയുള്ളവ ബ്രിട്ടീഷ് നിയന്ത്രണത്തിൻ കീഴിൽ തന്നെവയ്ക്കുകയുംചെയ്തു എന്നതാണ് ഇതിന്റെ പ്രത്യേകത. ഓരോ പ്രവിശ്യയും ഓരോ ഗവൎണ്ണരുടെ കീഴിലാണ്. ഗവൎണ്ണരെ സഹായിക്കാൻ ഉദ്യോഗസ്ഥന്മാർ മാത്രം അടങ്ങിയ ഒരു എക്സിക്യൂട്ടീവ് കൌൺസിലുണ്ടു്. നിയമവും പോലീസും കൂടാതെ ബ്രിട്ടീഷ് നിയന്ത്രണത്തിൻ കീഴിൽ മാററിവച്ചിട്ടുള്ള വകുപ്പുകളും ഗവൎണ്ണരുടേയും എക്സിക്യൂട്ടിവ് കൌൺസിലിന്റെയും സംയുക്ത അധികാരത്തിൻ കീഴിലാണ്. മന്ത്രിമാക്കു് വിട്ടുകൊടുത്ത വകുപ്പുകൾ പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്തു് കൃഷി വ്യവസായം, എന്നീവകുപ്പുകളും: പ്രവിശ്യക്കളിൽ തന്നെയുള്ള ലോക്കൽ ഗവമ്മേണ്ടും ആണ്. ചുരുക്കിപറഞ്ഞാൽ സാമൂഹ്യവും സാമ്പത്തികവുമായ സേവനങ്ങൾ മാത്രമെ മന്ത്രിമാരുടെ അധികാരത്തിന് വിട്ടുകൊടു

ത്തുള്ളു. കുറഞ്ഞതു് അറുപതു് ശതമാനം തിരഞ്ഞെടുക്കപ്പെട്ട ഭൂരിപക്ഷമുള്ള നിയമസഭകളിൽ നിന്നു് തിരഞ്ഞെടുക്കപ്പെട്ടു് നിയമസഭകളോടു് ഉത്തരവാദിത്വമുള്ള മന്ത്രിമാരാണ് ഈ വകുപ്പുകൾക്കു് ചുമതല വഹിക്കുന്നതു്. മന്ത്രിമാരെ ഗവണ്ണർ തന്നെ തിരഞ്ഞെടുക്കുന്നു. രണ്ടുശാഖകളിലുമുള്ള ഭരണചുമതലകൾ ഏകീഭാവത്തിൽ കൊണ്ടുപോകുന്നതിനുള്ള അധികാരം ഗവണ്ണർക്കുണ്ടു്.

മന്ത്രിമാരുടെ ചുമതലയിൽ വിട്ടുകൊടുത്തിട്ടുള്ള വകുപ്പുകളിലെ കാൎയ്യക്ഷമതയെ പരിമിതപ്പെടുത്തുന്നതായി മൂന്നു് സംഗതികൾ ഉണ്ടു്.

1. മന്ത്രിമാർ കൈക്കൊള്ളുന്ന ഭരണനയം നടപ്പിൽ വരുത്തുന്നതു് പ്രധാനമായും കലക്റ്റർമാർ അല്ലെങ്കിൽ റസിഡണ്ടു് മജിസ്ട്രേട്ടന്മാർ എന്ന ഉദ്യോഗസ്ഥന്മാർ മുഖേനയാണു്. ഇങ്ങനെയുള്ള സിവിൽ സൎവ്വീസ് ഉദ്യോഗസ്ഥന്മാരാണു് ബ്രിട്ടീഷിന്ത്യയുടെ 273 ഡിസ്ട്രിക്റ്റുകളിൽ ഭരണസാരഥ്യം വഹിക്കുക. ഇവർ നേരിട്ടു് ഗവമ്മേണ്ടിന്റെ കീഴിലായതുകൊണ്ടു് ഭരണകാൎയ്യത്തിൽ വളരെ അധികം സ്വാധീനം ചെലുത്തുന്നു.

2. പോലീസ്സു് വകുപ്പു് മന്ത്രിമാൎക്കു് വിട്ടുകൊടുത്തിട്ടില്ലാത്തതിനാലും കേന്ദ്രനിയമസഭയുടെ സമ്മതംകൂടാതെ തന്നെ ഓർഡിനൻസ് അനുസരിച്ചു ഭരണം നടത്തുന്നതിനു് ഉള്ള അധികാരം വൈസ്രോയിക്കുള്ളതുകൊണ്ടും പ്രവിശ്യകളിലെ ഉദ്യോഗസ്ഥന്മാൎക്കു് തിരു

ഞ്ഞെടുക്കപ്പെട്ട മന്ത്രിമാരെ അവഗണിച്ചു് ഭരണം നട ത്തുന്നതിനു് സാധിക്കുന്നു.

3. സമ്മതിദായകത്വം വിസ്തൃതമല്ലാത്തതിനാൽ നിയമസഭകൾ പലപ്പോഴും യഥാർത്ഥത്തിലുള്ള പൊതുജനാഭിപ്രായത്തെ അല്ലായിരിക്കും പ്രതിനിധീകരിക്കുക. ആകെ പത്തു് പ്രവിശ്യകൾ ഗവർണ്ണരുമ്മാരുടെ ഭരണത്തിൻ കീഴിലുണ്ടായിരുന്നു. ബംഗാൾ, ബോംബെ, മദ്രാസ്, യു. പി., പഞ്ചാബ് ബീഹാറും ഒറീസ്സയും സി. പി., ആസ്സാം, ബർമ്മ, വടക്കുപടിഞ്ഞാറെ അതിർത്തിപ്രദേശങ്ങൾ എന്നിവയാണ് പത്തുപ്രവിശ്യകൾ.

## 1935-ലെ ആക്ററ

1919-ലെ ഭരണപരിഷ്കാരവും ഇന്ത്യയിൽ വർദ്ധിച്ചു വന്നുകൊണ്ടിരുന്ന സ്വാതന്ത്ര്യതൃഷ്ണയെ സംതൃപ്തിപ്പെടുത്തുന്നതിനു് പര്യാപ്തമായില്ല. പ്രക്ഷോഭണങ്ങൾ പിന്നെയും മുറയ്ക്കു് നടന്നുകൊണ്ടിരുന്നു. പാർലിയമെൻററിലും, വട്ടമേശ സമ്മേളനങ്ങളിലും മററുമായിനടന്ന ആലോചനകളുടെ ഫലമായിട്ടു് 1935-ൽ ഒരു ആക്ററ പാസ്സാക്കുകയുണ്ടായി. ഇതനുസരിച്ചു് ഇന്ത്യയിൽ ഒരു സംയുക്തഭരണ സമ്പ്രദായം (Federation) നടപ്പിലാക്കേണ്ടതാണെന്നും പ്രവിശ്യകൾക്കു് സ്വയംഭരണാധികാരം ഉണ്ടായിരിക്കണമെന്നും നിശ്ചയിച്ചു. 1935-ലെ ആക്ററിൽ അംഗീകരിച്ചിരുന്നതു് രണ്ടു പ്രധാനതത്വങ്ങളാണ്. 1) പ്രവിശ്യകളിൽ സ്വയംഭരണം ഉണ്ടായിരിക്കണം. അതായതു് എല്ലാപ്രവിശ്യകളിലും തിരഞ്ഞെടുക്കപ്പെട്ട നിയമസഭകളോടു ഉത്തരവാദിത്വമു

ള്ള ഗവമ്മേണ്ടുകൾ ഉണ്ടായിരിക്കണം (2) ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളും നാട്ടുരാജ്യങ്ങളും ഉൾപ്പെട്ട ഒരു ഫെഡറേഷൻെറ അടിസ്ഥാനത്തിന്മേൽ ഇന്ത്യയ്ക്കു്. പൊതുവായി കേന്ദ്രത്തിൽ ജനങ്ങളോടു ഉത്തരവാദിത്വപ്പെട്ടാത്ത ഗവമ്മേണ്ടു് ഉണ്ടായിരിക്കണം. ഈ അദ്ധ്യായത്തിൻെറ അനുഭത്തിൽ പറഞ്ഞതുപോലെ 1935-ൽ ആ ക്ററിൻ പ്രവിശ്യകളെ സംബന്ധിച്ച ഭാഗം മാത്രമെ നടപ്പിൽ വന്നിട്ടുള്ളു. കേന്ദ്ര ഗവമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ഇന്ത്യാ സിക്രട്ടറിയുടെ അധികാരം തുടന്നു് വരുന്നു. ഗവർണർ ജനറൽ ഇൻ കൌൺസിൽ ഇന്ത്യാ സിക്രട്ടറി വഴി ഇപ്പോഴും ബ്രിട്ടീഷ് പാർലിയമെൻറിനോട്ടു് ഉത്തരവാദപ്പെട്ടിരിക്കുന്നു. കേന്ദ്ര നിയമസഭ മുമ്പിലത്തെപ്പോലെ തന്നെ തിരഞ്ഞെടുക്കപ്പെടുന്നു. പക്ഷെ 1935—ലെ പാർലിയമെൻറു ആക്ററു അനുസരിച്ചു് 1937 മുതൽ പ്രവിശ്യകളിൽ സ്വയം ഭരണം സംസ്ഥാപിതമായിട്ടുള്ളതുകൊണ്ടു് കേന്ദ്രനിയമസഭയുടേയും കേന്ദ്ര എക്സിക്യൂട്ടീവിൻെറയും അധികാരങ്ങളിൽ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടു്. ഫെഡറേഷൻ നടപ്പിലാകുന്നതുവരെയുള്ള ഇടക്കാലത്തു് കേന്ദ്രനിയമസഭ, ബ്രിട്ടീഷിന്ത്യൻ പ്രവിശ്യകളെ സംബന്ധിച്ചിടത്തോളം ഒരു ഫെഡറൽ നിയമസഭയുടെ അധികാരം പ്രയോഗിക്കേണ്ടതാണെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ഫെഡറേഷൻ നടപ്പിൽ വന്നിട്ടില്ല എങ്കിലും

1935ലെ ആക്ററിൽ ഉൾകൊള്ളിച്ചിട്ടുള്ള ഇടക്കാല വ്യവസ്ഥകൾ അനുസരിച്ച് ഒരു ഫെഡറൽ കോടതിയും, ഫെഡറൽ പബ്ളിക്ക് സർവ്വീസ് കമ്മീഷനും ഫെഡറൽ റെയിൽവേ അതാറിററിയും രൂപീകരിക്കുന്നതിന് ഏർപ്പാടുകൾ ചെയ്തു. ഫെഡറേഷൻസംസ്ഥാപിതമാകുമ്പോൾ ഇവയ്ക്ക് എന്തെല്ലാം ചുമതലകൾ ഉണ്ടോ ആ ചുമതലകൾ എല്ലാം ഇടക്കാലത്തും ഇവ വഹിച്ചുകൊള്ളേണ്ടതാണ്.

## പ്രവിശ്യകൾ

1935-ലെ ആക്ററനുസരിച്ച് ഗവർണ്ണർമ്മാർ ഭരിക്കുന്നതായി ആകെ 11 പ്രവിശ്യകൾ ഉണ്ട്. അവ താഴെ കാണുന്നവയാണ്:—മദ്രാസ്, ബോംബേ, ബംഗാൾ, യു.പി, പഞ്ചാബ്, ബീഹാർ, സെൻട്രൽ പ്രോവിൻസസ്സും ബീറാറും, ആസ്സാം, വടക്കുപടിഞ്ഞാറേ അതിർത്തി പ്രവിശ്യ, ഒറീസ്സ, സിൻഡ്. ബർമ്മായെ അതിർത്തിയിൽനിന്ന് വേർപെടുത്തി.

പ്രവിശ്യയിലെ എക്സിക്യൂട്ടീവ് അധികാരം ചക്രവർത്തി തിരുമനസ്സിലേക്ക് വേണ്ടി ഗവർണ്ണർ പ്രയോഗിക്കുന്നു. ഗവർണ്ണർക്ക് സ്വമേധയാ ചെയ്യാവുന്നതായി നീക്കിവച്ചിട്ടുള്ള കാര്യങ്ങൾ ഒഴിച്ച് ബാക്കി ഭരണചുമതലകളിൽ അദ്ദേഹത്തെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും ഒരു മന്ത്രി സഭ ഉണ്ട്. മന്ത്രിമാരെ ഗവർണ്ണർ തിരഞ്ഞെടുക്കുന്നു. അദ്ദേഹം നിശ്ചയിക്കുന്നടത്തോളം കാലം അവർ ഉദ്യോഗം വഹിക്കുന്നു. ഭരണഘടന

പ്രകാരം ഗവർണ്ണർക്ക് നല്കപ്പെടുന്ന അനുശാസനത്തിൽ (Instrument of Instructions) നിയമസഭയുടെ പിൻതുണയുള്ളവരെ മാത്രമെ മന്ത്രിമാരായി നിയമിക്കാവു എന്നും അവരുടെ മേഖലയിൽ പെട്ട എല്ലാ കാര്യങ്ങളിലും അവരുടെ ഉപദേശം സ്വീകരിച്ചുകൊള്ളേണ്ടതാണെന്നും പറഞ്ഞിരിക്കും.

ഗവർണ്ണർക്ക് വിശേഷവിധിയായി താഴെ പറയുന്ന ചുമതലകൾ കൂടി ഉണ്ടു്.

(a) പ്രവിശ്യയിൽ വലിയ സമാധാനലംഘനം ഉണ്ടാവാതെ സൂക്ഷിക്കുക.

(b) ന്യൂനപക്ഷങ്ങളുടെ ന്യായമായ താല്പര്യങ്ങളെ സംരക്ഷിക്കുക.

(c) പബ്ലിക്ക് സർവ്വീസിൽ ജോലിയുണ്ടായിരുന്നവരും ഉള്ളവരുമായ ആളുകൾക്കും അവരെ ആശ്രയിച്ചു നില്ക്കുന്നവർക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള അവകാശങ്ങൾ പരിരക്ഷിക്കുക.

(d) തന്റെ മേഖലയിൽ പെട്ട നാട്ടുരാജ്യങ്ങളുടേയും അവിടത്തെ ഭരണാധികാരികളുടേയും അവകാശങ്ങൾ, സംരക്ഷിക്കുക.

(e) ഗവർണ്ണർ ജനറലിനു് സ്വമേധയാ ചെയ്യാൻ അധികാരമുള്ള കാര്യങ്ങളിൽ അദ്ദേഹം നല്കുന്ന ഉത്തരവുകൾ നടപ്പിൽ വരുത്തുക.

(f) ഒഴിവാക്കപ്പെട്ട പ്രദേശങ്ങളിലെ ഭരണകാര്യങ്ങൾ അന്വേഷിക്കുക.

## പ്രവിശ്യകളിലെ നിയമസഭകൾ

ഓരോ പ്രവിശ്യയിലും നിയമ രൂപീകരണ സമിതികൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ചക്രവർത്തി തിരുമനസ്സിൻെറ പ്രതിനിധി എന്ന നിലയിൽ ഗവർണ്ണരും, മദ്രാസ്, ബോംബെ, ബംഗാൾ, യു. പി., ബീഹാർ, ആസ്സാം, എന്നീ പ്രവിശ്യകളെ സംബന്ധിച്ചിടത്തോളം രണ്ടു മണ്ഡലങ്ങളുള്ള നിയമസഭയും (മററു പ്രവിശ്യകളിൽ ഒരു മണ്ഡലം മാത്രം ഉള്ള നിയമസഭയും) ചേർന്നാണ് നിയമം നിർമ്മിക്കുന്നതു്. ഒരു മണ്ഡലം മാത്രമുള്ള പ്രവിശ്യകളിലെ നിയമ സഭ ലെജിസ്ലേററീവ് അസംബ്ലി എന്ന പേരിനാൽ അറിയപ്പെടുന്നു. രണ്ടു മണ്ഡലങ്ങൾ ഉള്ളിടത്തു് ലെജിസ്ലേററീവ് കൌൺസിൽ എന്നും ലെജിസ്ലേററീവ് അസംബ്ലി എന്നുമാണ് പേർ. ലെജിസ്ലേററീവ് കൌൺസിൽ സ്ഥിരതയുള്ള ഒരു സമിതിയാണ്. മൂന്നു വർഷം കൂടുമ്പോൾ മൂന്നിലൊരുഭാഗം അംഗങ്ങൾ വിട്ടൊഴിയുന്നു. ലെജിസ്ലേററീവ് അസംബ്ലി ഇടയ്ക്കു് മററു കാരണങ്ങളാൽ പിരിച്ചുവിടേണ്ടതായി വന്നില്ലെങ്കിൽ അഞ്ചുകൊല്ലക്കാലത്തേക്കാണ് നിലവിലിരിക്കുന്നതു്.

1919—ലെക്കാൾ കുറെ കൂടി വിസ്തൃതമായ സമ്മതിദായക വ്യവസ്ഥയിന്മേലാണ് നിയമ സഭകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നതു്.

നിയമസഭ സമ്മേളിക്കാതിരിക്കുന്ന സന്ദർഭങ്ങളിൽ അത്യാവശ്യമായി നടപടികൾ നടത്തേണ്ട പരിതസ്ഥിതികൾ സംജാതമായിട്ടുണ്ടെന്നു് ബോദ്ധ്യപ്പെടുന്നപക്ഷം ഓർഡിനൻസുകൾ പ്രഖ്യാപിച്ചു് ഭരണം നടത്തുന്നതിനു് ഗവർണ്ണർക്കു് അധികാരം ഉണ്ടു്. ആക്ററിലെ വ്യവസ്ഥകൾ അനുസരിച്ചു് ഭരണം നടത്തിക്കൊണ്ടു് പോവാൻ നിർവ്വാഹമില്ലെന്നു് ഗവർണ്ണർക്കു് ബോദ്ധ്യം വരുന്ന ഘട്ടങ്ങളിൽ ഭരണം നടത്തുന്നതിനും വേണ്ട വ്യവസ്ഥകൾ ഉണ്ടു്.

## ചീഫ് കമ്മീഷണന്മാരുടെ കീഴിലുള്ള പ്രവിശ്യകൾ.

ബ്രിട്ടീഷ് ബലൂചിസ്റ്റാൻ, ദില്ലി, ആജ്മീർ—മേർവാരാ, കൂർഗ്, ആണ്ടമാൻ നിക്കോസാർ എന്ന ദ്വീപുകൾ പാൻററ് പിപ്‌ലോടാ (Panth Piploda) എന്നിത്രയും പ്രവിശ്യകൾ ചീഫ് കമ്മീഷണന്മാരുടെ കീഴിലാണു്).

രണ്ടു മണ്ഡലങ്ങൾ ഉള്ള പ്രവിശ്യകളിൽ ധനകാര്യ ബില്ലുകൾ അല്ലാത്ത ബില്ലുകൾ അവതരിപ്പിക്കുന്നതു് ഏതു മണ്ഡലത്തിലുമാകാം.

രണ്ടു മണ്ഡലങ്ങളും സമ്മതം രേഖപ്പെടുത്തിയെങ്കിൽ മാത്രമെ ഒരുബിൽ പാസ്സായതായി ഗണിക്കൂ. അസംബ്ളി പാസ്സാക്കിയ ഒരുബിൽ കൌൺസിലേക്കു് അയച്ചിട്ടു് പന്ത്രണ്ടു് മാസം കഴിയുന്നതിനു് മുമ്പ് ഗവർണ്ണറുടെ അനുവാദത്തിനു് സമർപ്പിക്കപ്പെടുന്നില്ലെങ്കിൽ,

ഗവർണ്ണർക്ക് രണ്ടു മണ്ഡലങ്ങളേയും ഒരു പൊതു സമ്മേളനത്തിൽ വിളിച്ചു കൂട്ടി ബില്ലിനെപ്പററി ആലോചന നടത്തി വോട്ടെടുക്കാം. പൊതു സമ്മേളനത്തിൽ ആകെയുള്ള അംഗങ്ങളിൽ ഭൂരിഭാഗവും അനുകൂലമായി വോട്ടു ചെയ്യുന്നു എങ്കിൽ ബിൽ നിയമസഭയിൽ പാസ്സായതായി കരുതപ്പെടും. പൊതു സമ്മേളനത്തിൽ ലെജിസ്ളേററീവ് കൌൺസിലിൻെറ അദ്ധ്യക്ഷനെ അദ്ദേഹത്തിൻെറ അഭാവത്തിൽ ചട്ട പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന മററാരെങ്കിലുമോ അദ്ധ്യക്ഷം വഹിക്കും.

നിയമസഭ പാസാക്കി കഴിഞ്ഞ ഒരു ബിൽ ഗവർണ്ണർക്ക് സമർപ്പിക്കുന്നു. ഗവർണ്ണരുടെ യുക്തംപോലെ ഒന്നുകിൽ ചക്രവർത്തി തിരുമനസ്സിലെ നാമത്തിൽ ബില്ലിനു സമ്മതം നല്കുന്നു എന്നോ, അല്ലെങ്കിൽ അനുവാദം നിഷേധിക്കുന്നു എന്നോ അതും ഇല്ലെങ്കിൽ ഗവർണ്ണർ ജനറലിൻെറ ആലോചനയ്ക്കുവേണ്ടി ബിൽ മാററിവയ്ക്കുന്നു എന്നോ പ്രഖ്യാപിക്കാൻ അദ്ദേഹത്തിനു പൂർണ്ണ അധികാരം ഉണ്ടു്. ഇതുപോലെ തന്നെ ഗവർണ്ണർ ജനറലിന്നും അധികാരമുണ്ടു്. ഒരു ബില്ലിനു ഗവർണ്ണരുടെയോ ഗവർണ്ണർ ജനറലിൻെറയോ സമ്മതം നേടികഴിഞ്ഞാൽ തന്നെയും പന്ത്രണ്ടു മാസത്തിനകം ആ ആക്ററ് തള്ളിക്കളയാൻ ചക്രവർത്തി തിരുമനസ്സിനു അധികാരമുണ്ടു്. ഇങ്ങിനെ തള്ളിക്കയുന്നു എങ്കിൽ ആ വിവരം ഗവർണ്ണർ പൊതു ജനങ്ങളുടെ അറിവിനായി പരസ്യപ്പെടുത്തുന്നു.

ഗവണ്ണരുടെ ശുപാൎശ കൂടാതെ, നികുതി ചുമത്തുന്ന തിന്നു മററുമുള്ള പ്രമേയങ്ങൾ അവതരിപ്പിച്ചു കൂടാവുന്നതല്ല.

വാൎഷിക ബഡ്ജററിൽ താഴെ പറയുന്ന രണ്ടു ഇനങ്ങൾ കാണും

1, പ്രവിശ്യയിലെ റവന്യൂവിൽ ചുമത്തിക്കൊണ്ടുള്ള ചെലവിനങ്ങൾക്കു വേണ്ടിയുള്ള തുകകൾ

2, റവന്യൂവിൽ ചുമത്തുന്നതിന് ഉദ്ദേശിക്കുന്ന മററ് ചെലവിനങ്ങൾ

ഗവണ്ണർ, മന്ത്രിമാർ, അഡ്വക്കേററ് ജനറൽ, ഹൈകോടതി, ജഡ്ജിമാർ എന്നിവരുടെ ശമ്പളം, പ്രവിശ്യ കൊടുത്തു തീൎക്കേണ്ടതായ വായ്പകൾ

ഇങ്ങിനെ പ്രത്യേകം എടുത്തു പറയപ്പെട്ടിട്ടുള്ള ചില ചെലവിനങ്ങളെപ്പററി വോട്ടു ചെയ്യുന്നതിന് നിയമസഭക്ക് അധികാരമില്ല. മററു ചെലവിനങ്ങൾ ധനാഭ്യൎത്ഥനകളുടെ രൂപത്തിൽ അസംബ്ളിയിൽ അവതരിക്കപ്പെടുന്നു. അവ അനുവദിക്കുന്നതിനോ, നിരാകരിക്കുന്നതിനോ വെട്ടി കുറച്ച് പാസ്സാക്കുന്നതിനൊഅസംബ്ളിക്ക് അധികാരമുണ്ടു്. ഗവണ്ണരുടെ ശുപാൎശയോടു കൂടിയല്ലാതെ ധനാഭ്യൎത്ഥനകൾ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

തൻെറ പ്രത്യേക ചുമതലകൾ നിവ്വഹിക്കുന്നതിന് ആവശ്യമെന്ന് തോന്നുന്ന തുകകൾ, അനുവദിക്കപ്പെട്ട ചെലവിനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന

തിന്ന് ഗവണ്ണർക്ക് അധികാരമുണ്ടു്. ഒരു അഭ്യൎത്ഥനകൊണ്ടു വന്നു് അതു് നിയമസഭ നിരാകരിക്കുകയോ വെട്ടികുറക്കുകയോ ചെയ്യുന്നെങ്കിൽ മാത്രമെ ഗവണ്ണർക്ക് ഇങ്ങിനെ ചെയ്യാൻ പാടുള്ളു.

## തിരഞ്ഞെടുപ്പുരീതി

ലെജിസ്ലേററീവ് കൌൺസിലിലെ അംഗങ്ങളുടെ എണ്ണം എല്ലാ പ്രവിശ്യകളിലും ഒരുപോലെ അല്ല. ബംഗാളിൽ അറുപത്തഞ്ചു്, ആസ്സാമിൽ 21 ഇങ്ങിനെ പല വിധത്തിലാണു്. കുറച്ചു മെമ്പറന്മാരെ ഗവണ്ണർക്ക് നോമിനേററു് ചെയ്യാം. മദ്രാസിലാണു് ഇങ്ങിനെ നോമിനേററു് ചെയ്യപ്പെട്ടുന്നവർ കൂട്ടതലുള്ളതു്. അവിടെ പത്തു പേരെയാണു് ഗവണ്ണർ നോമിനേററു് ചെയ്യുന്നതു്. മററുള്ളവരെ പൊതു നിയോജകങ്ങൾ, മഹമ്മദൻ നിയോജക മണ്ഡലങ്ങൾ, യൂറോപ്യന്മാരുടെ നിയോജക മണ്ഡലങ്ങൾ എന്നിവ വഴിയായി തിരഞ്ഞെടുക്കുന്നു.

ബംഗാളിലേയും ബീഹാറിലേയും ലെജിസ്ലേററീവ് കൌൺസിലുകളിലെ പകുതി അംഗങ്ങളോളം അവിടത്തെ ലെജിസ്ലേററീവ് അസംബ്ളികളാലാണു് തിരഞ്ഞെടുക്കപ്പെട്ടുന്നതു്.

ബ്രിട്ടീഷിന്ത്യയിലെ ആകെയുള്ള ജനസംഖ്യയുടെ പതിനാലു് ശതമാനത്തോളം പേൎക്ക് മാത്രമെ വോട്ടവകാശം ലഭിച്ചുള്ളു. വോട്ടവകാശം പ്രധാനമായി ഭൂസ്വത്തുടമയെ അടിസ്ഥാനപ്പെടുത്തിയാണു്.

ലെജിസ്ളേററീവ് അസംബ്ളികളിലെ അംഗങ്ങളുടെ സംഖ്യയും എല്ലാ പ്രവിശ്യകളിലും ഒരുപോലെ അല്ല. ബംഗാളിൽ 250 ഉണ്ടെങ്കിൽ, അതിത്തി സംസ്ഥാനത്തു് 50 മാത്രമെ ഉള്ളു. പൊതുനിയോജകമണ്ഡലങ്ങൾ, പട്ടിക ജാതിക്കാർ, മഹമ്മദീയർ, യൂറോപ്യന്മാർ, അംഗ്ലോ ഇന്ത്യക്കാർ, ഇന്ത്യൻ ക്രിസ്ത്യാനികൾ, സിക്ക്, സ്ത്രീകൾ, വാണിജ്യം, വ്യവസായം മുതലായ, തൊഴിലാളികൾ, സർവ്വകലാശാലകൾ, ഭൂസ്വത്തുടമസ്ഥന്മാർ ഇങ്ങിനെ വിവിധതരത്തിലുള്ള നിയോജകമണ്ഡലങ്ങളാണ് അസംബ്ളിയിലേക്ക് പ്രതിനിധികളെ അയക്കുന്നതു്.

പൂർണ്ണ സ്വയം ഭരണം ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഇന്ത്യൻ ജനതയ്ക്കു് 1935 ലെ ഭരണം പരിഷ്കാരവും തൃപ്തികരമായി തോന്നിയില്ല. ജനങ്ങളോടു് ഉത്തരവാദത്വമില്ലാത്ത ഒരു കേന്ദ്ര ഗവമ്മെണ്ടു് നില വിലിരിക്കുകയും, പ്രവിശ്യകളിലെ ഗവർണ്ണർമാർ കേന്ദ്ര ഗവമ്മെണ്ടിൻെറ മേധാവിയായ ഗവർണ്ണർ ജനറലിനോടും അദ്ദേഹം വഴി ബ്രിട്ടീഷ് പാർലിയമെൻറിനോടും ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്യുന്ന കാലത്തോളം പ്രവിശ്യകളിൽ പരിപൂർണ്ണ ജനകീയ ഗവമ്മെണ്ടുണ്ട് എന്ന് പറയാവതല്ലല്ലോ. ഗവർണ്ണർക്ക് നിഷേധാധികാരം കൊടുത്തു കൊണ്ടുള്ള പ്രവിശ്യകളിലെ സ്വയം ഭരണരീതി കേവലം മിഥ്യ ആയിരിക്കും എന്ന കാരണത്താൽ കോൺഗ്രസ്സ് ഈ ഭരണ പരിഷ്ക്കാരം സ്വീകരിക്കുന്നതിന് ആദ്യം വി

സമ്മതിച്ചു. എങ്കിലും നിവൃത്തി ഉള്ളിടത്തോളം ഗവൺമ്മെൻറ തൻെറ നിഷേധാധികാരം പ്രയോഗിക്കുന്നതല്ല എന്ന ഒരു ഉറപ്പിൻെറ അടിസ്ഥാനത്തിന്മേൽ, പരിപൂൎണ്ണ സ്വയം ഭരണത്തിലേക്കുള്ള ഒരു പടി എന്ന നിലയിൽ മേൽ പറഞ്ഞ സ്വയം ഭരണ വ്യവസ്ഥ പ്രവിശ്യകളിൽ ഒന്നു് പരീക്ഷിച്ചു നോക്കുന്നതിനു് അവർ ഒടുവിൽ തീൎച്ചപ്പെടുത്തി. അങ്ങിനെയാണു് കോൺഗ്രസ്സ് മന്ത്രിസഭകൾ പ്രവിശ്യകളിൽ രൂപീകൃതമായതു്.

1939-ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. ഇന്ത്യയുടെ പ്രതിരോധവകുപ്പു് (Defence) ഉൾപ്പടെ അധികാരം മുഴുവൻ ഇന്ത്യൻ ഹസ്തങ്ങളിലേക്കു് പകൎന്നു് അങ്ങിനെ ഒരു ദേശീയ ഗവൺമ്മെണ്ടു് സ്ഥാപിക്കുന്ന പക്ഷം യുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിക്കാം എന്നു് കോൺഗ്രസ്സ് വ്യക്തമാക്കി. പക്ഷെ കൂടുതൽ ഇന്ത്യാക്കാരെ ഉൾപ്പെടുത്തത്തക്കവണ്ണം വൈസ്രോയിയുടെ എക്സിക്യൂട്ടീവു് കൌൺസിൽ വിപുലപ്പെടുത്തുക എന്നല്ലാതെ യുദ്ധകാല പരിതസ്ഥിതികളിൽ ഭരണപരിഷ്ക്കാര സംബന്ധമായ മററു യാതൊരു നടപടികളും എടുക്കുക സാദ്ധ്യമല്ലെന്നു് ബ്രിട്ടീഷ് ഗവൺമ്മെണ്ടു് വിശദപ്പെടുത്തി. അതിൻെറ ഫലമായി പ്രവിശ്യകളിലെ കോൺഗ്രസ്സ് മന്ത്രിസഭകൾ എല്ലാം രാജിവച്ചു. ഒരു ഒത്തു തീൎപ്പിനു വേണ്ടി ബ്രിട്ടീഷ് ഗവൺമ്മെണ്ടു് സർ. സ്റ്റാഫോർഡ് ക്രിസ്പിനെ ഇന്ത്യയിലേക്കു് അയച്ചു. പക്ഷെ അദ്ദേഹത്തിൻെറ ദൌത്യം പരാജയപ്പെടുകയാണു് ചെയ്തതു്.

ഭരണാധികാരികളുടെ നിദ്ദേശമനുസരിച്ചുള്ള ഭരണ വ്യവസ്ഥ സ്വീകരിക്കാൻ തയ്യാറില്ലെന്നും ഇന്ത്യയുടെ ഭരണഘടന പ്രായപൂത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിന്മേൽ രൂപീകൃതമായ ഒരു കാൺസ്റ്റിറ്റ്യുവൻറവ് അസംബ്ളി മുഖേന ഇന്ത്യാക്കാർ തന്നെ രൂപീകരിക്കേണ്ടതാണെന്നും വാദിച്ചുകൊണ്ടു് "ബ്രിട്ടീഷുകാർ ഇന്ത്യാ വിടണം" എന്ന മുദ്രാവാക്യം ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ അനുയായികൾ മുഴക്കിത്തുടങ്ങി. അതോടുകൂടി നേതാക്കന്മാർ മിക്കവരും ജയിലലടക്കപ്പെട്ടു. 1942 - ആഗസ്റ്റ് മാസത്തിൽ ഇന്ത്യ ഒട്ടുക്ക് ഭയങ്കര കലാപങ്ങൾ ഉണ്ടായി.

മഹായുദ്ധം അവസാനിച്ചതോടുകൂടി ഇംഗ്ലണ്ടിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ യാഥാസ്ഥിതിക കക്ഷി പരാജിതരാവുകയും തൊഴിലാളി കക്ഷി അധികാരത്തിൽ വരുകയും ചെയ്തു. ബ്രിട്ടീഷുകാക്കും ഇന്ത്യാക്കാക്കും ഒരുപോലെ സ്വീകാര്യമായ വിധത്തിൽ ഇന്ത്യൻ പ്രശ്നത്തിനു് ഒരുപോംവഴി കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശത്തിൽ ഒരു പാർലിയമെൻ്ററി ഡെലിഗേഷൻ ഇന്ത്യയിൽ വന്നു് ആലോചനകൾ നടത്തി. അവരുടെ ശുപാശ അനുസരിച്ച് ഇന്ത്യയുടെ ഭാവി ഭരണഘടന രൂപീകരിക്കുന്നതിനു് ഒരു കാൺസംബ്ളി കൂടി കൊള്ളുന്നതിനു് ബ്രിട്ടീഷ് ഗവമ്മെണ്ടു് അനുവദിക്കുകയും, 1948—ജൂൺ മാസത്തിൽ ഭരണാധികാരം ഇന്ത്യക്കാരെത്തന്നെ ഏല്പിച്ചുകൊണ്ടു് ബ്രിട്ടീഷുകാർ ഇന്ത്യാ

വിടുന്നതാണെന്നു് ഇപ്പോഠം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണു. ഇന്ത്യയിലെ വിവിധ കക്ഷികഠം തമ്മിൽ യോജിച്ചു് ഒരു ഭരണഘടന രൂപീകരിക്കുക എന്നതു് അത്യന്താപേക്ഷിതമായിത്തീൎന്നിട്ടുണ്ടു്. ഇന്ത്യാക്കാർ ഏക കണ്ഠമായ ഒരു തീരുമാനത്തിലെത്തിയില്ല എങ്കിൽ ഇന്ത്യയുടെ ഭരണഭാരം അഖണ്ഡഭാരതത്തിൻെറ അടിസ്ഥാനത്തിന്മേലോ അല്ലാതെയൊ ആരെയാണു് ഏല്പിക്കേണ്ടതെന്നു് ആലോചിക്കേണ്ടതായി വരുമെന്നും ബ്രിട്ടീഷ്. ഗവമെ്മണ്ടു് വിശദപ്പെടുത്തിയിട്ടുണ്ടു്.

അഭ്യന്തര പരമാധികാരത്തോടുകൂടി അഞ്ഞൂറിൽ പരം നാട്ടുരാജ്യങ്ങളും. വിവിധ ഭാഷകളും, ജാതികളും, മതങ്ങളും മററുമുള്ള ഇന്ത്യയിൽ ഒരു പൊതു ഭരണ വ്യവസ്ഥ ഉണ്ടാക്കുക എന്നതു് അല്പം വിഷമമുള്ള കാൎയ്യമാണെങ്കിലും അസാദ്ധ്യമല്ലെന്നുള്ളതു് സോവിയററു യൂണിയൻെറ മാതൃക ധാരാളം തെളിയിക്കുന്നുണ്ടു.

താഴെപ്പറയുന്ന സംഗതികഠം കൂടി മനസ്സിൽ വച്ചുകൊണ്ടു്, ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള മററു ഭരണ ഘടനകളുടെ വെളിച്ചത്തിൽ, ഇന്ത്യക്കു് ഏററവും അനുയോജ്യമായ ഭരണഘടന ഏതു വിധത്തിലുള്ളതായിരിക്കണമെന്നു് വായനക്കാർ തന്നത്താൻ ആലോചിക്കുന്നതു് നന്നായിരിക്കും.

1941-ലെ സെൻസസ്സ് അനുസരിച്ചു് ഇന്ത്യയുടെ ആകെ ജനസംഖ്യ മുപ്പത്തൊമ്പതു് കോടിയാണ് (കണിശമായി പറയുന്ന പക്ഷം 388998000. ഇതിൽ

201026000 പുരുഷന്മാരും 187,972000 സ്ത്രീകളു മാണ്.)

## ജാതിതിരിച്ച്

| ജാതി | | ബ്രിട്ടീഷ് ഇന്ത്യ (ലക്ഷക്കണക്കിന്) | നാട്ടുരാജ്യങ്ങൾ (ലക്ഷക്കണക്കിന്) |
|---|---|---|---|
| ഹിന്തുക്കൾ | പട്ടിക ജാതി | 399 | 89 |
| | മററുള്ളവർ | 1509 | 552 |
| മുസ്ലിം | | 794 | 150 |
| Tribes | | 167 | 87 |
| സിക്കുകാർ | | 42 | 15 |
| ക്രിസ്ത്യാനികൾ | | 35 | 28 |
| മററുള്ളവർ | | 12 | 10 |

## ഗ്രാമങ്ങളും നഗരങ്ങളും തിരിച്ച്

| | | |
|---|---|---|
| ആകെ ജനസംഖ്യ | 3890 | ലക്ഷം |
| ഗ്രാമങ്ങൾ | 3393 | ടി |
| നഗരങ്ങൾ | 497 | ടി |

അതായതു് ആകെയുള്ള ജനസംഖ്യയുടെ പതി മ്മൂന്നു് ശതമാനം മാത്രം നഗരങ്ങളിൽ താമസിക്കുന്നു. ഫ്റാൻസിൻ 49 ശതമാനവും അമേരിക്കൻ ഐക്യ നാട്ടുകളിൽ 56·2 ശതമാനവും ഇംഗ്ലണ്ടിലും വെയിൽ സിലും കൂടി 80 ശതമാനവുമാണ് നഗരങ്ങളിൽ താമ സിക്കുന്നതു്.

ഇന്ത്യയിൽ ആയിരത്തിനു് 120 വീതം മാത്രം അക്ഷരാഭ്യാസമുള്ളവരാണ്.

ഇരുന്നൂററി ഇരുപത്തി രണ്ടു് ഭാഷകൾ ഇന്ത്യയിൽ ഉണ്ടെന്നു് പറയപ്പെടുന്നു. അവ അഞ്ചു പ്രധാന ഗ്രൂപ്പുകളായി തരം തിരിക്കാം

**i** ദ്രാവിഡവംശം തെക്കെ ഇന്ത്യയിലെ തമിഴ്, തെലുങ്ക്, മലയാളം, കർണ്ണാടകം എന്നീ ഭാഷകൾ ഇതിൽ ഉൾപ്പെടുന്നു.

**ii** കോളേറിയൻവംശം മദ്ധ്യ ഇന്ത്യയിലെ വിവിധ വർഗ്ഗങ്ങൾ ഉപയോഗിച്ചു വരുന്ന ഭാഷകൾ

**iii** മംഗോളിയൻ വംശത്തിലുള്ള ബർമ്മി, ചീന, ഭാഷ മുതലായവ.

**vi** ആര്യഹിന്ദുക്കളുടെ ഭാഷകളായ ബങ്കാളി, ഹിന്ദി, ഗുജറാത്തി, പഞ്ചാബി എന്നിവ

**v** ഉറുദു മുതലായ ഭാഷകൾ

| | | | | |
|---|---|---|---|---|
| 26. | കതിർക്കററ (പി. സി. കുട്ടികൃഷ്ണൻ) | 1 | 4 | 0 |
| 27. | ഉറപ്പിക (കെ. ദാമോദരൻ) | 1 | 8 | 0 |
| 28. | ഇല്ലാപ്പോലീസ് (മുണ്ടശ്ശേരി) | 1 | 0 | 0 |
| 29. | പതിതപങ്കജം (തകഴി) | 1 | 4 | 0 |
| 30. | തുറന്ന വാതിൽ (റാഫി) | 1 | 4 | 0 |
| 31. | പൊലിഞ്ഞ ദീപം (നാഗവള്ളി) | 1 | 4 | 0 |
| 32. | മണിമാളിക (പൊറെറക്കാട്) | 1 | 8 | 0 |
| 33. | ദീനാമ്മ (കേശവദേവ്) | 1 | 4 | 0 |
| 34. | വാൽക്കണ്ണാടി (എം. ആർ. ബി.) | 1 | 0 | 0 |
| 35. | വൈജയന്തി (കെ. എൻ. വാസുദേവൻനമ്പൂതിരി) | 0 | 12 | 0 |
| 36. | കാളവണ്ടി (വി. വി.) | 1 | 8 | 0 |
| 37. | തേന്മുള്ളുകൾ (പി. സി.) | 2 | 0 | 0 |
| 38. | ഹേമന്തചന്ദ്രിക (ചങ്ങമ്പുഴ) | 1 | 8 | 0 |
| 39. | ദേവഗീത ,, | 2 | 0 | 0 |
| 40. | ആകാശഗംഗ ,, | 1 | 0 | 0 |
| 41. | യവനിക ,, | 1 | 8 | 0 |
| 42. | കളിത്തോഴി ,, 2-ാംപതിപ്പ് | 2 | 8 | 0 |
| 43. | ഇടപ്പള്ളികൃതികൾ | 5 | 0 | 0 |
| 44. | ശകുന്തള (കെ. പി. കുഞ്ഞിലക്ഷ്മി) | 1 | 4 | 0 |
| 45. | പാതിരാപ്പൂക്കൾ ,, | 0 | 10 | 0 |
| 46. | പ്രപഞ്ചം (കുററിപ്പുറം) | 0 | 10 | 0 |
| 47. | വീണ (ഒളപ്പമണ്ണ) | 1 | 0 | 0 |
| 48. | വെള്ളിനക്ഷത്രം (ചിത്രഭാനു) | 0 | 12 | 0 |
| 49. | മേഘങ്ങൾക്കിടയിൽ (ഐ.കെ.കെ.എം.) | 1 | 4 | 0 |
| 50. | വാത്സ്യായനന്റെ കാമശാസ്ത്രം ഒന്നാംഭാഗം | 3 | 8 | 0 |
| | ,, രണ്ടാംഭാഗം | 2 | 8 | 0 |
| 51. | നിത്യജീവിതത്തിലെ രതിശാസ്ത്രം | 2 | 0 | 0 |
| 52. | മാതൃകാമാതൃത്വം | 1 | 4 | 0 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.**

## ചില നല്ല പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1. | വഴിവിളക്കുകൾ (ഇ. യം. കോവൂർ) | 1 | 8 | 0 |
| 2. | ഒററനോട്ടത്തിൽ (മുണ്ടശ്ശേരി) | 1 | 0 | 0 |
| 3. | പ്രേമലേഖനം (വൈക്കം മുഹമ്മദ്ബഷീർ) | 1 | 0 | 0 |
| 4. | ബാല്യകാലസഖി 5-ാംപതിപ്പ് ,, | 1 | 4 | 0 |
| 5. | പുള്ളിമാൻ (പൊററെക്കാട്) | 1 | 8 | 0 |
| 6. | പൌർണ്ണമി ,, | 1 | 8 | 0 |
| 7. | നിമിഷം (ജി. ശങ്കരക്കുറുപ്പ്) | 1 | 0 | 0 |
| 8. | പരമാർത്ഥങ്ങൾ (തകഴി) | 1 | 8 | 0 |
| 9. | മനുഷ്യൻ 2-ാംപതിപ്പ് (കെ. ദാമോദരൻ) | 2 | 0 | 0 |
| 10. | ഒരു സ്ത്രീയുടെ ജീവിതം—മോപ്പസങ്ങ് | 2 | 8 | 0 |
| 11. | ഗാന്ധിയുടെ കൂടെ (ലൂയിഫിഷർ) | 2 | 8 | 0 |
| 12. | യുദ്ധമോ സമാധാനമോ (സി. ഉണ്ണിരാജ) | 1 | 4 | 0 |
| 13. | ഏകലോകം | 3 | 0 | 0 |
| 14. | ഭഗവദ്ഗീത (വ്യാഖ്യാനസഹിതം) | 10 | 0 | 0 |
| 15. | സമ്മാനം 2-ാംപതിപ്പ് (മുണ്ടശ്ശേരി) | 1 | 4 | 0 |
| 16. | സൌന്ദര്യനിരീക്ഷണം (എം. പി. പോൾ) | 0 | 12 | 0 |
| 17. | രണ്ടു പുഷ്കിൻകഥകൾ | 1 | 0 | 0 |
| 18. | ഉർവ്വശി (ടി. ആർ. നായർ) | 0 | 12 | 0 |
| 19. | ഇരുണ്ട ദിവസങ്ങൾ | 1 | 8 | 0 |
| 20. | മത്തായിമാസ്റ്റർ (പോഞ്ഞിക്കര റാഫി) | 0 | 12 | 0 |
| 21. | നാഴികമണി (നാഗവള്ളി) | 1 | 4 | 0 |
| 22. | ധനശാസ്ത്രപ്രവേശിക (കെ. ദാമോദരൻ) | 1 | 0 | 0 |
| 23. | പ്രവാഹം 2-ാംപതിപ്പ് (കേശവദേവ്) | 1 | 0 | 0 |
| 24. | രാജാങ്കണം (കുട്ടികൃഷ്ണമാരാർ)—നിരൂപണങ്ങളുടെ സമാഹാരം. | 4 | 0 | 0 |
| 25. | നഖലാളനങ്ങൾ (ഇ. യം. കോവൂർ) | 1 | 8 | 0 |

(ശേഷം മറുപുറം)

**മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.**

4261.

# ചില ഭരണഘടനകൾ.

1599

വി. സി. ചാക്കോ, എം. ഏ.

Indic Digital Archive Foundation
gpura.org